യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

സെപ്റ്റംബർ 2025 | വാല്യം 52 ലക്കം 6 | പേജ് 12 | വില ₹10.00

UNITY Monthly | September 2025 | Volume 52 Issue 6 | Chief Editor: JAISON JOSEPH | Page 12 | Price ₹10.00

സെപ്റ്റംബർ 9: മാവോ അനുസ്മരണ ദിനം

മഹാനായ മാവോ സേ തുങ് ലാൽസലാം

"ബഹുജന പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ഓരോ കമ്മ്യൂണിസ്റ്റും ജനങ്ങളുടെ സുഹൃത്തായിരിക്കണം, അവരുടെ യജമാനനായി ഭാവിക്കരുത്. ഉദ്യോഗസ്ഥ പ്രമാണിയായല്ല സ്ഥിരോൽസാഹിയായ വഴികാട്ടിയായി വേണം നിലകൊള്ളാൻ. രാഷ്ട്രീയ ധാരണ കുറഞ്ഞവരെ അവഗണിക്കുകയോ നിന്ദിക്കുകയോ ചെയ്യരുത്. അവരുമായി ചങ്ങാത്തം സ്ഥാപിക്കുകയും ഒത്തൊരുമയോടെ പ്രവർത്തിക്കുകയും വേണം. ആത്മവിശ്വാസം പകർന്നു നൽകി, കാര്യങ്ങൾ ബോധ്യപ്പെടുത്തി, മുന്നേറാൻ അവരെ പ്രോത്സാഹിപ്പിക്കണം. ഒരുതരത്തിലും മാറ്റിയെടുക്കാൻ കഴിയാത്തവർ ഒഴികെ വീഴ്ച വരുത്തുന്ന ആരെയും ഒഴിവാക്കരുത്. അവരെ മാറ്റത്തിന് പ്രേരിപ്പിക്കുകയും പുതിയൊരു തുടക്കത്തിന് സഹായിക്കുകയും ചെയ്യുന്ന മനോഭാവം ആയിരിക്കണം കമ്മ്യൂണിസ്റ്റുകൾക്ക് ഉണ്ടാകേണ്ടത്."

ദേശീയ യുദ്ധത്തിൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പങ്ക്, ഒക്ടോബർ 1938, തിരഞ്ഞെടുത്ത കൃതികൾ, വാല്യം 2

കവരുന്ന വോട്ടവകാശവും അട്ടിമറിക്കപ്പെടുന്ന തെരഞ്ഞെടുപ്പുകളും:

രാജ്യത്തിന്റെ ജനാധിപത്യപ്രക്രിയ എങ്ങോട്ട്?

ഇക്കഴിഞ്ഞ ആഗസ്റ്റ് 7ന് നടത്തിയ പത്രസമ്മേളനത്തിലൂടെ, ലോക്സഭയിലെ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി നടത്തിയ വെളിപ്പെടുത്തലുകൾ രാജ്യത്തിന്റെ ജനാധിപത്യ മനഃസാക്ഷിയെ വെല്ലുവിളിക്കുന്നതായിരുന്നു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമെന്ന് സ്വയം അഹങ്കരിക്കുന്ന നമ്മുടെ രാജ്യത്ത്, അതിന്റെ കാതലായ തെരഞ്ഞെടുപ്പ് പ്രക്രിയ എത്രമാത്രം നീതിപൂർവ്വമാണെന്നും അതിന് എന്തുമാത്രം വിശ്വാസ്യതയുണ്ടെന്നും ഉള്ള ചോദ്യങ്ങളുയർത്തുന്നതാണ് പ്രതിപക്ഷ നേതാവ് നടത്തിയ വെളിപ്പെടുത്തലുകൾ.



പ്രതിപക്ഷ നേതാവിന്റെ പത്രസമ്മേളനത്തിൽ, കർണാടകയിലെ മഹാദേവപുര നിയോജകമണ്ഡലത്തിലെ വോട്ടർ പട്ടികയിൽ കണ്ടെത്തിയ ക്രമക്കേടുകളായിരുന്നു അവതരിപ്പിച്ചത്. ബാംഗ്ലൂർ നഗരത്തിൽ ഐടി മേഖലയിലും മറ്റും ജോലി ചെയ്യുന്നവർ, വിശേഷിച്ചും മറ്റു സംസ്ഥാനങ്ങളിൽ നിന്നുമുള്ളവർ തിങ്ങിപ്പാർക്കുന്ന മേഖലയാണിത്. ഇവിടെ വോട്ടർപട്ടികയിൽ 1.04 ലക്ഷത്തിലധികം വോട്ടുകളുടെ ക്രമക്കേടുകൾ കണ്ടെത്തിയെന്നാണ് രാഹുൽ ഉന്നയിച്ചത്. ഇതിൽ ഇരട്ട വോട്ടുള്ള 11,965 പേർ, വ്യാജമോ നിലവിലില്ലാത്തതോ ആയ മേൽവിലാസത്തോടുകൂടി 40,009 പേർ, ഫോം 6 ഉപയോഗിച്ചുള്ളതിൽ സംശയമുണർത്തുന്ന 33,692 പേർ തുടങ്ങി, ചുരുക്കം ചില വിലാസങ്ങൾ ഉപയോഗിച്ച് വൻതോതിൽ ആളുകൾ പട്ടികയിൽ ഇടം നേടിയതടക്കമുള്ള ക്രമക്കേടുകളാണ് അദ്ദേഹം ഉദാഹരണസഹിതം പുറത്തുവിട്ടത്. കർണാടകയ്ക്ക് പുറത്തുനിന്നുള്ള ഐപി വിലാസങ്ങളിൽ നിന്നും കൂട്ടിച്ചേർക്കപ്പെട്ടതാണ് ഇതിൽ വലിയൊരു പങ്ക് ആളുകൾ എന്നും

(ശേഷം 2-ാം പേജിൽ)

ആശാസമരം ബംഗാളിൽ...

ആരോഗ്യമേഖലയിൽ ജീവനക്കാരായി അംഗീകരിക്കുക, മിനിമം വേതനം 21,000 രൂപയായി ഉയർത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് എഐയുറ്റിയുസിയിൽ അഫിലിയേറ്റ് ചെയ്ത വെസ്റ്റ് ബംഗാൾ ആശാ വർക്കേഴ്സ് യൂണിയനും മുനിസിപ്പാലിറ്റി കോൺട്രാക്ട് വർക്കേഴ്സ് യൂണിയനും സംയുക്തമായി കൊൽക്കത്തയിൽ മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് നടത്തിയ മാർച്ച്.

പിണറായി ഭരണത്തിൽ ക്രിമിനൽസംഘമാകുന്ന പോലീസ്

2023 ഏപ്രിൽ 5-ാംതീയതി യൂത്ത് കോൺഗ്രസ് തൃശൂർ, ചൊവ്വന്നൂർ മണ്ഡലം പ്രസിഡന്റ് വി.എസ്.സുജിത്തിന് കുന്നംകുളം പോലീസ് സ്റ്റേഷനിൽ അനുഭവിക്കേണ്ടിവന്ന അതിക്രൂരമായ മർദ്ദനത്തിന്റെ വീഡിയോ ദൃശ്യം കണ്ട് കേരളം ഞെട്ടുകയുണ്ടായി. രണ്ടരവർഷങ്ങൾക്കുശേഷം പുറത്തുവന്ന സിസിടിവി ദൃശ്യങ്ങളിലൂടെയാണ് ഈ കുറ്റകൃത്യം പുറംലോകം അറിഞ്ഞത്. നീണ്ട നിയമയുദ്ധത്തിനൊടുവിൽ സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഇടപെടലിനെത്തുടർന്നാണ് സിസിടിവി ദൃശ്യങ്ങൾ പരാതിക്കാരന് ലഭിച്ചത്.

സംഭവദിവസം രാത്രിയിൽ വഴിയരികിൽ നിൽക്കുകയായിരുന്ന ഏതാനും ചെറുപ്പക്കാരുമായി പോലീസ് വാക്കുതർക്കത്തിൽ ഏർപ്പെട്ടിരിക്കുന്നതായി കണ്ടപ്പോൾ ഒരുപൊതുപ്രവർത്തകൻഎന്ന നിലയിലുള്ള ഇടപെടലാണ് സുജിത് നടത്തിയത്. അധികാരഗർവ്വിന് ക്ഷതമേറ്റ പോലീസ് ഉദ്യോഗസ്ഥർ സുജിത്തിനെ കസ്റ്റഡിയിൽ എടുക്കുകയും മദ്യപിച്ച് ബഹളമുണ്ടാക്കി, ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തി തുടങ്ങിയ വകുപ്പുകൾ വ്യാജമായി ചേർത്ത് കേസ് എടുക്കുകയും പോലീസ് സ്റ്റേഷനിൽ എത്തിച്ച് അതിക്രൂരമായി മർദ്ദിക്കുകയും ചെയ്തു. പോലീസ് സ്റ്റേഷനിൽ സിസിടിവി ഇല്ലാത്ത ഭാഗത്തു വച്ചാണത്രേ കൊടിയ മർദ്ദനങ്ങൾ നടന്നത്. മെഡിക്കൽ പരിശോധനയിൽ പ്രതി മദ്യപിച്ചിട്ടില്ല എന്നു തെളിഞ്ഞു. കസ്റ്റഡി മർദ്ദനത്തിന് നേതൃത്വം നൽകിയ എസ്ഐ ഉൾപ്പെടെ നാലുപോലീസുകാർക്കെതിരെ പരാതി നൽകിയെങ്കിലും കേസ് രജിസ്റ്റർ ചെയ്യാൻ പോലീസ് തയ്യാറായില്ല. ഒടുവിൽ കോടതി ഇടപെടലിനെത്തുടർന്നാണ് കേസ് എടുത്തത്. സിസിടിവി ദൃശ്യങ്ങൾ തെളിവായിട്ടുണ്ടെങ്കിലും സ്ഥലം മാറ്റം എന്ന നിസ്സാരനടപടിയിലൊതുക്കി പോലീസുകാരെ സംരക്ഷിക്കുന്ന സമീപനമാണ് വകുപ്പ് സ്വീകരിച്ചത്. പോലീസിന്റെ ഭീഷണിയിലും ഒത്തുതീർപ്പ് നീക്കങ്ങളിലും വീഴാതെ ഇച്ഛാശക്തിയോടെ പിടിച്ചുനിന്ന് പൊരുതി എന്നതുകൊണ്ടു മാത്രമാണ് ഈ സംഭവം



(ശേഷം 4-ാം പേജിൽ)

നേപ്പാളിലെ ജനകീയ പ്രക്ഷോഭം ചൂഷണവാഴ്ചക്കെതിരായ ജനരോഷം

നേപ്പാളിലെ കുപ്രസിദ്ധമായ രാജവാഴ്ചയെ 2008ൽ പുറത്താക്കിയതിനുശേഷം കഴിഞ്ഞ 17 വർഷത്തിനുള്ളിൽ 13 ഗവൺമെന്റുകൾ വന്നുപോയി. ഈ ഗവൺമെന്റുകൾ എല്ലാം തന്നെ വിദേശ സാമ്രാജ്യത്വ ശക്തികളുമായി ഒരവിശുദ്ധ ബന്ധത്തിൽ ഏർപ്പെട്ടുകൊണ്ട്, മുതലാളിവർഗ്ഗത്തിനുവേണ്ടിയാണ് ഭരിച്ചത് എന്നതുകൊണ്ട് ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ ഒന്നും തന്നെ നിറവേറ്റിയില്ല. എല്ലാ പാർലമെന്ററി ബൂർഷ്വാ പാർട്ടികളും കഴുത്തറ്റം അഴിമതിയിൽ മുങ്ങിയിരിക്കുകയാണ്. രൂക്ഷമായ തൊഴിലില്ലായ്മ യുവാക്കളെ വേട്ടയാടുകയാണ്. അഴിമതിനിറഞ്ഞ ഓലി ഗവൺമെന്റിനെതിരെ അവർ പ്രക്ഷോഭത്തിലേക്ക് എടുത്തുചാടി. ജനരോഷം മുന്നിൽകണ്ട് ഭരണാധികാരികൾ സാമൂഹ്യ മാധ്യമങ്ങൾക്ക് വിലക്കേർപ്പെടുത്തി. അത് ജനരോഷം ആളിക്കത്തിച്ചു. ഗവൺമെന്റ് സമരക്കാർക്കുനേരെ പോലീസിനെ കയറൂരിവിട്ടു. അവരുടെ മാരകമായ അക്രമണത്തിൽ നിരവധിപേർക്ക് ജീവൻ നഷ്ടപ്പെട്ടു; അനേകംപേർക്ക് പരിക്കേറ്റു.

യുവാക്കൾക്കുനേരേയുള്ള നേപ്പാൾ ഗവൺമെന്റിന്റെ ഹീനമായ ആക്രമണത്തെ എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) ശക്തമായി അപലപിച്ചിരുന്നു. പൊരുതുന്ന യുവതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. പ്രക്ഷോഭം വിജയംവരിക്കുകയും പ്രസിഡന്റും പ്രധാനമന്ത്രിയും രാജിവയ്ക്കുകയും ചെയ്തു. മുൻ ചീഫ് ജസ്റ്റിസ് സുശീലാ കർക്കി ഇടക്കാല പ്രധാനമന്ത്രിയായി ചുമതലയേൽക്കുകയും പാർലമെന്റ് പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. അധികാരം ലഭിച്ചാൽ ഒരു വർഷത്തിനുള്ളിൽ രാജ്യത്ത്സമ്മധാനംപുനഃസ്ഥാപിക്കുമെന്നും തെരഞ്ഞെടുപ്പ് നടത്തുമെന്നും അവർ അഭിപ്രായപ്പെട്ടിരുന്നു. അഴിമതിയും ജനദ്രോഹവും രാഷ്ട്രീയ അനിശ്ചിതത്വവും നടമാടുന്ന നേപ്പാളിൽ ജനാധിപത്യ ഭരണം സ്ഥാപിക്കപ്പെടുമോ എന്നത് വരാനിരിക്കുന്ന നാളുകളിലേ വ്യക്തമാകൂ. ജനങ്ങൾ ഉയർന്ന രാഷ്ട്രീയ പ്രബുദ്ധതയും ജാഗ്രതയും പുലർത്തുകയും ജനാധിപത്യ മതേതര മൂല്യങ്ങളിലധിഷ്ഠിതമായ ഭര ണം ഉറപ്പാക്കുന്നതിനായി നിലകൊള്ളുകയും ചെയ്യേണ്ടതുണ്ടെന്ന് ഓർമ്മിപ്പിക്കുന്നു. ■

തെരഞ്ഞെടുപ്പുകളുടെ വിശ്വാസ്യത നഷ്ടപ്പെടുമ്പോൾ

(1–ാം പേജിൽ നിന്ന്)

വരുന്നത് വളരെ ആസൂത്രിതമായൊരു ക്രമക്കേടിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇതോടൊപ്പം, പ്രതിപക്ഷപാർട്ടികൾ നിരന്തരം ആവശ്യപ്പെട്ടിട്ടും വോട്ടർ പട്ടികയുടെ മെഷീൻ റീഡബിൾ ഫോർമാറ്റ് അഥവാ കമ്പ്യൂട്ടർ സഹായത്തോടെ വായിക്കാനും വിശകലനം ചെയ്യാനും സഹായകമായ രീതിയിലുള്ള വോട്ടർ പട്ടികയുടെ പകർപ്പ്, കൈമാറാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാകുന്നില്ല. തെരഞ്ഞെടുപ്പ് ദിവസത്തെ പോളിങ്ങ് ബൂത്തിന്റെ സിസിടിവി റെക്കോർഡിങ്ങുകൾ സൂക്ഷിച്ചുവെക്കുന്ന സമയപരിധിയും കമ്മീഷൻ ഏകപക്ഷീയമായി വെട്ടിക്കുറച്ചുവെന്ന് ആരോപിച്ചുകൊണ്ട്, 'വോട്ട് ചോരി', അഥവാ വോട്ട് കവർച്ച എന്ന പദ്ധതിയിൽ ഇപ്പോഴത്തെ തെരഞ്ഞെടുപ്പ് സംവിധാനവും ഭാഗഭാക്കാവുന്നു എന്ന് ചൂണ്ടിക്കാട്ടുകയായിരുന്നു പ്രതിപക്ഷനേതാവ്.

എന്നാൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി നൽകാതെ വൈകാരികമായ പ്രകടനമായിരുന്നു തെരഞ്ഞെടുപ്പ് കമ്മീഷനിൽനിന്നും രാജ്യം കണ്ടത്. രാഷ്ട്രീയ പാർട്ടി നേതാക്കളുടെ പതിവ് പത്രസമ്മേളനത്തിന്റെ തനിപ്പകർപ്പായിരുന്നു മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറുടെ പത്രസമ്മേളനം. ഒരന്വേഷണംപോലും പ്രഖ്യാപിക്കാതെ, പ്രതിപക്ഷ നേതാവിന്റെ ആരോപണങ്ങൾ അടിസ്ഥാനരഹിതമെന്നും അസംബന്ധമെന്നും പറഞ്ഞ് തള്ളിക്കളയുകയായിരുന്നുമുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. സാങ്കേതികമായ കാര്യങ്ങളിൽ ഊന്നിയാണ് കമ്മീഷൻ സ്വയം ന്യായീകരിച്ചത്. വോട്ടർ പട്ടികയെയും തെരഞ്ഞെടുപ്പ് കൃത്രിമങ്ങളേയും പറ്റി പരാതികൾ കോൺഗ്രസിനുണ്ടായിരുന്നെങ്കിൽ എന്തുകൊണ്ട് യഥാസമയത്ത് നിയമം അനുശാസിക്കുന്ന നടപടികളിലൂടെ പരാതിപ്പെട്ടില്ല എന്ന് കമ്മീഷൻ ചോദിക്കുന്നു. കൂടാതെ, കൈയിലുള്ള തെളിവുകൾ സഹിതം സത്യവാങ്മൂലം കമ്മീഷനു സമർപ്പിക്കുകയോ അല്ലെങ്കിൽ പരസ്യമായി മാപ്പപറയുകയോ വേണമെന്ന് പ്രതിപക്ഷനേതാവിനെ കമ്മീഷൻ താക്കീതു ചെയ്തു. തെറ്റുകൾ ചൂണ്ടിക്കാട്ടുന്നവരെ ഭീഷണിപ്പെടുത്തുക മാത്രമാണ് കമ്മീഷൻ ചെയ്യുന്നത്. തെരഞ്ഞെടുപ്പ് നടപടികളിൽ സുതാര്യത ഉറപ്പാക്കാനും ബന്ധപ്പെട്ട എല്ലാവരെയും തുല്യരായി പരിഗണിക്കാനുമുള്ള ചുമതല കമ്മീഷനുണ്ടെന്നും പ്രതിപക്ഷ നേതാവ് മാത്രമല്ല, രാജ്യത്തെ ഒട്ടനവധി മാധ്യമങ്ങളും ഓർമ്മിപ്പിച്ചു.

നരേന്ദ്രമോദി സർക്കാർ അകാരണമായി വൈകിപ്പിക്കുന്നതുമൂലം സെൻസസ് നടന്നിട്ടില്ലെങ്കിലും 145 കോടിയോളം വരുന്ന ജനസംഖ്യ അധിവസിക്കുന്നു എന്നു വിശ്വസിക്കുന്ന നമ്മുടെ രാജ്യത്ത്, ജനസംഖ്യയുടെ ഈ വലുപ്പം കൊണ്ടു തന്നെ തെരഞ്ഞെടുപ്പ് പ്രക്രിയ സങ്കീർണമാകുന്നു. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന് നാം സ്വയം വിശേഷിപ്പിക്കുന്നതും ഇതേ കാരണം കൊണ്ടുതന്നെയാണ്. എന്നാൽ അതേ സമയം തന്നെ, നമ്മുടെ രാജ്യത്തെ എല്ലാ പൗരർക്കും ഒരേപോലെ ലഭ്യമായ ഒരേയൊരു ജനാധിപത്യ അവകാശമാണ് തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തി ജനപ്രതിനിധികളെയും അതിലൂടെ ഭരണാധികാരികളെയും നിശ്ചയിക്കുവാനുള്ളത് എന്നു പറയാം. അതുകൊണ്ടു തന്നെ ഈ അവകാശത്തെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തു സൂക്ഷിക്കേണ്ടത്, നിലവിലെ വ്യവസ്ഥയിൽ ഇവിടത്തെ ഏറ്റവും സാധാരണക്കാരായുള്ളവരുടെ മാത്രം ആവശ്യകതയായി മാറുന്നു. തെരഞ്ഞെടുപ്പിന്റെ വിശ്വാസ്യത നഷ്ടമാവുകയെന്നാൽ നിലനിൽക്കുന്ന വ്യവസ്ഥയുടെ വിശ്വാസ്യത നഷ്ടമാവുക എന്നാണർത്ഥം. മുതലാളിത്തവ്യവസ്ഥയുടെ പ്രതിസന്ധി കൂടുതൽ രൂക്ഷമാവുന്നതിന്റെ പ്രതിഫലനമാണ്, സാധാരണ ജനങ്ങളുടെ സ്വതന്ത്രമായ പ്രതികരണത്തെയും ജനാധിപത്യ അവകാശങ്ങളെയും ഭയപ്പെടുക എന്നത്. ലോകചരിത്രം പരിശോധിച്ചാൽ, മുതലാളിത്തസ്ഥാപനത്തിനു ശേഷം തെരഞ്ഞടുപ്പുകൾ അട്ടിമറിച്ചും, തെരഞ്ഞെടുപ്പ് പ്രക്രിയയിലെ പഴുതുകൾ മുതലെടുത്തുകൊണ്ടുമാണ് ഏകാധിപതികൾ അധികാരം പിടിച്ചെടുത്തിട്ടുള്ളത് എന്നതിന് നിരവധി ഉദാഹരണങ്ങൾ നമുക്കു കാണാനാകും. അതു കൊണ്ടു തന്നെ, ജനാധിപത്യമെന്ന് അവകാശപ്പെടണമെങ്കിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഓരോ ഘട്ടത്തിലും സുതാര്യതയും തുല്യതയും സ്വാതന്ത്ര്യവും വിശ്വാസ്യതയും ഉറപ്പാക്കണം. ഈ തത്വം മുൻനിർത്തിയാകണം, ഇലക്ട്രോണിക് വോട്ടിങ്ങ് യന്ത്രത്തെപ്പറ്റിയാകട്ടെ, 2024 ലെ പൊതുതെരഞ്ഞെടുപ്പിനെപ്പറ്റിയാകട്ടെ, മഹാരാഷ്ട്രയിൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിനെപ്പറ്റിയാകട്ടെ, ബീഹാറിലെ പ്രത്യേക വോട്ടർ പട്ടിക പരിശോധനയാകട്ടെ, ഇപ്പോൾ പ്രതിപക്ഷ നേതാവ് നടത്തിയ വെളിപ്പെടുത്തലുകളെപ്പറ്റിയാകട്ടെ നാം നോക്കിക്കാണാൻ. അപ്പോൾ, സംശയത്തിന്റെ സാധ്യത ഒരു ശതമാനമാണെങ്കിൽക്കൂടി, അത് ആര് ഉന്നയിച്ചു, എന്തിന് ഉന്നയിച്ചു എന്നതു പരിഗണിക്കാതെ പരിഹരിക്കേണ്ടതുണ്ട്. നിഷ്പക്ഷമായ അന്വേഷണം നടത്തേണ്ടതുണ്ട്. ഇന്ത്യയിൽ ഭരണഘടനാപരമായി അതിനു ചുമതലപ്പെട്ട സ്ഥാപനമാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ. അന്വേഷണം നടത്താതെ വെറും സാങ്കേതികത്വം പറഞ്ഞു ന്യായീകരണം നടത്തുമ്പോൾ കമ്മീഷന്റെ മാത്രമല്ല, തെരഞ്ഞെടുപ്പ് പ്രക്രിയയുടെ, കൊട്ടിഘോഷിക്കുന്ന ജനാധിപത്യത്തിന്റെ വിശ്വാസ്യതയെ തന്നെയാണ് അത് സംശയത്തിലാക്കുന്നത്.

തെരഞ്ഞെടുപ്പുകളുടെ വിശ്വാസ്യത സംശയനിഴലിൽ

ലോക്സഭ, രാജ്യസഭ, സംസ്ഥാന നിയമസഭകൾ, രാഷ്ട്രപതി, ഉപരാഷ്ട്രപതി തുടങ്ങിയ തെരഞ്ഞെടുപ്പുകൾ നടത്തുകയും ലോക്സഭ-നിയമസഭ തെരഞ്ഞെടുപ്പുകൾക്കായുള്ള വോട്ടർപട്ടിക തയ്യാറാക്കുന്നതം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവാദിത്തമാണ്. എന്നാൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി രാജ്യത്തെ തെരഞ്ഞെടുപ്പുകളുടെ വിശ്വാസ്യതയെക്കുറിച്ച് നിരന്തരം ചോദ്യമുയരുന്നു. തുടക്കത്തിൽ അത് ഇലക്ട്രോണിക് വോട്ടിങ്ങ് യന്ത്രത്തിന്റെ വിശ്വാസ്യതയെ കുറിച്ചായിരുന്നുവെങ്കിൽ, പിന്നീട് ഇലക്ടറൽ ബോണ്ട്, തെരഞ്ഞെടുപ്പ് സമയങ്ങളിൽ ബിജെപിക്ക് ഒളിഞ്ഞും തെളിഞ്ഞും കിട്ടുന്ന ആനുകൂല്യങ്ങൾ എന്നിവയിലേക്ക് നീണ്ടു. തുടർന്ന്, ലോക്സഭാ തെരഞ്ഞെടുപ്പിൽ മുമ്പില്ലാത്തവിധം വൈകിയ അന്തിമ പോളിങ്ങ് ശതമാനവും, അതിൽ പല മണ്ഡലങ്ങളിലും ദൃശ്യമായ അന്തിമമണിക്കൂറിലെ കുതിച്ചുചാട്ടവും അന്നേ സംശയമുണർത്തിയിരുന്നു. അന്ന് ഉപയോഗിച്ച വോട്ടർപട്ടികയിൽ രാജ്യത്തെ ചില മണ്ഡലങ്ങളിലെങ്കിലും ക്രമക്കേടുകളുണ്ടായിരുന്നുവെന്നും അത് ബിജെപിക്ക് അനുകൂലമായി കൃത്രിമമായി ഫലം സൃഷ്ടിക്കുന്ന തിൽ സഹായിച്ചുവെന്നുമാണ് ഇപ്പോൾ പുറത്തുവന്നിട്ടുള്ള വിവിരങ്ങൾ വെളിപ്പെടുത്തുന്നത്.

ബിജെപി വിജയിച്ചതൃശ്ശൂർലോക്സഭാ മണ്ഡലത്തിലും വോട്ടർ പട്ടികയിൽ ക്രമക്കേടുണ്ടായി എന്ന ആരോപണം എതിർസ്ഥാനാർത്ഥിയായിരുന്ന വി.എസ്. സുനിൽകുമാറും മറ്റ് പ്രതിപക്ഷ കക്ഷികളും ഇപ്പോൾ തെളിവുകൾ സഹിതം ഉയർത്തുന്നു. ഇവിടെ ഒരു വീട്ടിലെ വിലാസത്തിൽ തങ്ങൾക്കറിയാത്ത 9 പേർ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നു എന്ന വീട്ടുകാരുടെ വെളിപ്പെടുത്തൽ വന്നിരുന്നു. 2019ലെ തെരഞ്ഞെടുപ്പിനും 2024നും ഇടയിൽ 1.46 ലക്ഷത്തോളം പേരാണത്രേ തൃശ്ശൂരിൽ പുതുതായി വോട്ടർപട്ടികയിൽ കൂട്ടിച്ചേർക്കപ്പെട്ടത്. മേൽവിലാസത്തിനുള്ള തെളിവായി ആ വിലാസത്തിൽ വന്ന പോസ്റ്റ്കാർഡുപോലും സ്വീകരിക്കപ്പെട്ടു എന്നാണ് ആരോപണം. ഇവിടെ ജയിച്ച ബിജെപി സ്ഥാനാർത്ഥി സുരേഷ് ഗോപിയുടെ ഭൂരിപക്ഷം 74000ൽ പരം വോട്ടായിരുന്നു. അദ്ദേഹത്തിന്റെ ബന്ധുക്കളും സഹായികളുമൊക്കെ തൃശ്ശൂരിലെ വോട്ടർപട്ടികയിലേക്ക് തെരഞ്ഞെടുപ്പിനു മുമ്പ് മാറിയത്രേ. കൂടാതെ വ്യാപകമായി ബിജെപി അനുകൂല വോട്ടുകൾ മറ്റ് മണ്ഡലങ്ങളിൽ നിന്നും തൃശ്ശൂരിലേക്ക് മാറ്റിയ ആസൂത്രിത നീക്കവുമുണ്ടായത്രേ. തെരഞ്ഞെടുപ്പിൽ ജയിക്കാനായി വേണമെങ്കിൽ കശ്മീരിൽ നിന്നു പോലും വോട്ടുചേർക്കുമെന്നായിരുന്നു ഈ വിഷയത്തിൽ ബിജെപി നേതാവ് ബി. ഗോപാലകൃഷ്ണൻ നടത്തിയ പ്രതികരണം. ഇങ്ങനെ തങ്ങൾക്കനുകൂലമായ വോട്ടർമാരെ, സാധ്യതയുള്ള മണ്ഡലങ്ങളിലേക്ക് മാറ്റുന്ന തന്ത്രം തെരഞ്ഞെടുപ്പിൽ പല പാർട്ടികളും പ്രയോഗിക്കാറുണ്ട്. എന്നാൽ ഈ ആരോപിക്കപ്പെടുന്നതുപോലെ വളഞ്ഞ വഴികളിലൂടെ ഇത്രയും വ്യാപകമായും ആസൂത്രിതമായും കൃത്രിമമായും വോട്ടർ പട്ടികയിൽ മാറ്റം വരുത്തുന്നതും ജയം ഉറപ്പാക്കുന്നതും നേരത്തേ നടന്നിട്ടില്ലാത്ത കാര്യമാണ്. മാത്രവുമല്ല, തെരഞ്ഞെടുപ്പ് ദിവസം ഉച്ചയ്ക്ക് 3 മണിവരെ തൃശ്ശൂരിൽ പോളിങ്ങ് ശതമാനം 53.69 ശതമാനമായിരുന്നെങ്കിൽ അന്തിമമായി അത് 72.90 ശതമാനമായി അത് കുത്തനെ ഉയർന്നു. ഇതും സംശയമുണർത്തുന്നതാണ്. പക്ഷേ, തൃശ്ശൂരുമായി ബന്ധപ്പെട്ട ആരോപണങ്ങളിലും കൃത്യമായ മറുപടി നൽകുന്നതിനോ അന്വേഷണം നടത്തുന്നതിനോ പകരം നിഷേധാത്മകമായാണ് തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രതികരണം.

തുടർന്നുവന്ന മഹാരാഷ്ട്ര നിയമസഭ തെരഞ്ഞെടുപ്പിൽ ഈ പ്രതിഭാസം കൂടുതൽ ദൃശ്യമായി. അന്ന് പല മണ്ഡലങ്ങളിലും അഞ്ചു മണിക്കുശേഷം പോളിങ്ങിൽ സംശയകരമായ വർദ്ധനയുണ്ടായി. വൈകുന്നേരം 5 മണിക്ക് 58.22% പോളിങ്ങ് രേഖപ്പെടുത്തിയ സ്ഥാനത്ത് അന്തിമ ശതമാനം 66.05 ആയി ഉയർന്നു. അതായത് 7.8 ശതമാനത്തിന്റെ വർദ്ധന. ഇത് സംബന്ധിച്ച ചോദ്യങ്ങളിൽ, അത് വോട്ടർമാരുടെ അത്യുത്സാഹമായിരുന്നുവെന്ന് പറഞ്ഞ് ലാഘവത്തോടെ തള്ളിക്കളയാനാണ് കമ്മീഷൻ ശ്രമിച്ചത്. ലോക്സഭാ തെരഞ്ഞെടുപ്പിൽ മഹാരാഷ്ട്രയിലെ 48 നിയോജകമണ്ഡലങ്ങളിൽ 30ലും കോൺഗ്രസ് നേതൃത്വത്തിലുള്ള മുന്നണിയാണ് വിജയിച്ചത്. അതായത്, 288 നിയമസഭ മണ്ഡലങ്ങളിൽ 150 ഇടങ്ങളിൽ അവർക്ക് ഭൂരിപക്ഷം ഉണ്ടായിരുന്നു. പക്ഷേ, ഏതാനും മാസം കഴിഞ്ഞു നടന്ന നിയമസഭ തെരഞ്ഞെടുപ്പിൽ മുന്നണിക്ക് കിട്ടിയതാകട്ടെ 50-ൽ താഴെ സീറ്റുകൾ മാത്രം. ലോക്സഭാ തെരഞ്ഞെടുപ്പിൽ തങ്ങൾക്ക് കിട്ടിയ വോട്ടുകളിൽ മാറ്റമുണ്ടായിട്ടില്ല, പക്ഷേ, രണ്ട് തെരഞ്ഞെടുപ്പുകൾക്കുമിടയിൽ 40 ലക്ഷത്തിലധികം പേരെ പുതുതായി വോട്ടർപട്ടികയിൽ ചേർത്തിരിക്കുന്നുവെന്നും, അതെല്ലാം ബിജെപി പാളയത്തിലേക്കുള്ള വോട്ടായി മാറിയെന്നും കോൺഗ്രസ് ആരോപിക്കുന്നു. ഇതിന് തെരഞ്ഞെടുപ്പ് കമ്മീഷന്റെ സഹായം ഉണ്ടായിരുന്നെന്നും അവർ വാദിക്കുന്നു. പോളിങ്ങ് ശതമാനത്തിൽ 5 മണിക്കുശേഷമുണ്ടായ വർധനയിൽ തൃപ്തികരമായ മറുപടി തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നുണ്ടായില്ലെന്നു മാത്രമല്ല, ബന്ധപ്പെട്ട സിസിടിവി ഫുട്ടേജുകൾ കൈമാറാനും വിസമ്മതിച്ചു. സിസിടിവി തെളിവ് നേരത്തേ ഒരു വർഷം കാലാവധിയുണ്ടായിരുന്നത് തെരഞ്ഞെടുപ്പ് കമ്മീഷൻ ഏകപക്ഷീയമായി തിരുത്തി അത് 45 ദിവസത്തിലധികം സൂക്ഷിക്കേണ്ടതില്ല എന്നാക്കി മാറ്റി. ഇത് തെളിവ് നശിപ്പിക്കുന്നതിനു തുല്യമാണെന്ന് പറയേണ്ടിവരുന്നു. ഫലം വന്നതിൽ അനവധി സീറ്റുകളിൽ നേരിയ ഭൂരിപക്ഷത്തിനായിരുന്നു ജയവും എന്നു വരുമ്പോൾ, ഈ ഘടകങ്ങളെല്ലാം ബിജെപി നേടിയ വിജയത്തേയും തെരഞ്ഞെടുപ്പ് കമ്മീഷനേയും സംശയനിഴലിൽ നിർത്തുന്നു.

ഇത്തരം ആരോപണങ്ങളുടെ നിഴലിൽ നിൽക്കുമ്പോഴാണ് ബീഹാർ തെരഞ്ഞെടുപ്പിന് മുന്നോടിയായി ധൃതിപിടിച്ച് തീവ്ര വോട്ടർപട്ടിക പരിശോധനയ്ക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ മുന്നിട്ടിറങ്ങിയത്. 65 ലക്ഷത്തിലധികം പേരെയാണ് ഇങ്ങനെ വോട്ടർപട്ടികയിൽനിന്ന് ഒഴിവാക്കാൻ ശ്രമിച്ചത്. ആധാറും തെരഞ്ഞെടുപ്പ് കമ്മീഷന്റെ തന്നെ തിരിച്ചറിയൽ കാർഡുംപോലും തിരിച്ചറിയൽ രേഖകളായി സ്വീകരിക്കില്ല എന്ന നിലപാട് സ്വീകരിച്ചുകൊണ്ടാണ് ഈ വെട്ടിനിരത്തൽ കമ്മീഷൻ നിർവഹിച്ചത്. ഇതിനെതിരെ സുപ്രീംകോടതിയിൽ കേസ് നടക്കുന്നു. സുപ്രീംകോടതി ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും തിരുത്തൽ വരുത്താൻ തയ്യാറാകാതെ കമ്മീഷൻ മുന്നോട്ടുപോയപ്പോൾ, ആധാർ തിരിച്ചറിയൽ രേഖയായി ഉപയോഗിക്കണമെന്ന് കോടതിക്ക് കർശനനിലപാട് എടുക്കേണ്ടിവന്നു. കോടതിയിൽനിന്നും പ്രതിപക്ഷ പാർട്ടികളിൽനിന്നും, വിവിധ ജനവിഭാഗങ്ങളിൽനിന്നും നിശിതമായ എതിർപ്പുയർന്നിട്ടും ബീഹാറിൽ നടത്തിയ രീതിയിൽ തീവ്ര വോട്ടർപട്ടിക പരിഷ്കരണം രാജ്യമൊട്ടാകെ വ്യാപിപ്പിക്കുമെന്ന് പ്രഖ്യാപിക്കാനും അതിനുള്ള നടപടി ആരംഭിക്കാനും തെരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാകുന്നത് ആരുടെ താത്പര്യാർത്ഥമാണ്? അത് എന്ത് വിശ്വാസ്യതയാണ് കമ്മീഷന് നൽകുന്നത്?

തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ നിയമനങ്ങളിൽ നിഷ്പക്ഷത ഉറപ്പാക്കാൻ സുപ്രീംകോടതി നടത്തിയ ഇടപെടലിനെ

(ശേഷം 3–ാം പേജിൽ)

ഭരണപക്ഷത്തിന്റെ അനുബന്ധമായി മാറിയ തെരഞ്ഞെടുപ്പ് കമ്മീഷൻ

(2–ാം പേജിൽ നിന്ന്)

പ്പോലും അട്ടിമറിച്ച് നിയമനിർമ്മാണം നടത്തിയതും, അതിലൂടെ ഏകപക്ഷീയമായി സർക്കാരിനു വിധേയരായ കമ്മീഷണർമാരെ നിയമിച്ചതും ജനാധിപത്യവിശ്വാസികളിൽ സംശയമുണർത്തിയ നടപടിയാണ്.

മുട്ടിലിഴയുന്ന തെരഞ്ഞെടുപ്പ് കമ്മീഷൻ

ഇവിടെയാണ് ഇന്നത്തെ തെരഞ്ഞെടുപ്പ് കമ്മീഷനെക്കൂടി പരിശോധിക്കേണ്ടതിന്റെ ആവശ്യകത. സ്വതന്ത്രവും നീതിപൂർവവുമായ തെരഞ്ഞെടുപ്പുകൾ ഉറപ്പാക്കാൻ വേണ്ടിയാണ് എക്സിക്യൂട്ടീവിന്റെ ഭാഗമല്ലാത്ത തെരഞ്ഞെടുപ്പ് കമ്മീഷൻ ഭരണഘടനയിൽ വിഭാവനം ചെയ്തിരുന്നത്. സർക്കാരുകളെ വെല്ലുവിളിച്ചു കൊണ്ടുപോലും പ്രവർത്തിച്ച ടി.എൻ.ശേഷനെപ്പോലെയുള്ള മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർമാർ ഉണ്ടായിരുന്നു. എന്നാൽ, ഇപ്പോഴത്തെ തെരഞ്ഞെടുപ്പ് കമ്മീഷൻ എത്രത്തോളം സ്വതന്ത്രമാണ്? ബിജെപിയുടെ 'ഇലക്ഷൻ മോർച്ച' എന്നാണ് ഇപ്പോഴത്തെ കമ്മീഷൻ പ്രവർത്തനത്തെ സാമ്പത്തിക വിദഗ്ദനും പ്രഭാഷകനും ഡോ.പറക്കാല പ്രഭാകർ പരിഹസിച്ചത്. തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിഷ്പക്ഷത ഉറപ്പാക്കുന്നതിനായി 2023 മാർച്ചിൽ സുപ്രീംകോടതി നിർദ്ദേശിച്ചതനുസരിച്ച് ചീഫ് ജസ്റ്റിസ് കൂടി അംഗമായ കമ്മിറ്റിയായിരുന്നു തെരഞ്ഞെടുപ്പ് കമ്മീഷണർമാരെ തെരഞ്ഞെടുക്കേണ്ടിയിരുന്നത്. എന്നാൽ ഇത് മറികടന്നുകൊണ്ട് അന്നത്തെ നരേന്ദ്രമോദി സർക്കാർ 2023ൽ പുതിയ നിയമം കൊണ്ടുവന്നു. ഈ നിയമത്തിലൂടെ സുപ്രീം കോടതി ചീഫ് ജസ്റ്റിസിനു പകരം പ്രധാനമന്ത്രി നിയോഗിക്കുന്ന ഒരു മന്ത്രി അംഗമായ കമ്മിറ്റിയാകണം കമ്മീഷണർമാരെ തെരഞ്ഞെടുക്കേണ്ടത് എന്നായി. പ്രധാനമന്ത്രിയും പ്രതിപക്ഷനേതാവുമാണ് മറ്റ് രണ്ട് അംഗങ്ങൾ. അതായത്, പൂർണമായും സർക്കാരിന്റെ താത്പര്യമനുസരിച്ച് മാത്രമാവും തെരഞ്ഞെടുപ്പ് കമ്മീഷണർമാരെ തെരഞ്ഞെടുക്കുക എന്ന അവസ്ഥ സംജാതമായിരിക്കുന്നു. ഇതു സംബന്ധിച്ച കേസ് സുപ്രീം കോടതിയിൽ നടക്കുമ്പോൾ തന്നെ പുതിയ നിയമ നിർമ്മാണത്തിന്റെ ബലത്തിൽ തെരഞ്ഞെടുക്കപ്പെട്ടയാളാണ് നിലവിലെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ.

തൊട്ടുമുന്നേ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ആയിരുന്ന രാജീവ്കുമാറും മോദി സർക്കാരിന്റെ ഏറെ വിശ്വസ്തനായ ഉദ്യോഗസ്ഥനായിരുന്നു, നിഷ്പക്ഷനായിരുന്നില്ല എന്ന പ്രതിപക്ഷത്തിന്റെ ആരോപണം നിരന്തരം കേട്ടയാളായിരുന്നു. അദ്ദേഹത്തിന്റെ കീഴിലായിരുന്നു പൊതുതെരഞ്ഞെടുപ്പും മഹാരാഷ്ട്ര നിയമസഭ തെരഞ്ഞെടുപ്പും നടത്തിയത്. ഇലക്ടറൽ ബോണ്ട് വിഷയത്തിൽ അന്ന് അദ്ദേഹത്തിന്റെ കമ്മീഷൻ എടുത്ത നിലപാടുകൾ തന്നെ സംശയാസ്പദമായിരുന്നു. 2024ലെ പൊതുതെരഞ്ഞെടുപ്പിന്റെ ഘട്ടങ്ങൾ തീരുമാനിച്ചതു തന്നെ ബിജെപിയെ സഹായിക്കുന്ന വിധത്തിലാണെന്ന ആരോപണമുയർന്നിരുന്നു. തെരഞ്ഞെടുപ്പ് പ്രചാരണകാലത്ത് പ്രധാനമന്ത്രി നരേന്ദ്ര മോദിയടക്കം നിരന്തരം നടത്തിയ വിദ്വേഷ പ്രസംഗങ്ങൾക്കെതിരെ ചെറുവിരലനക്കാൻ ധൈര്യം കാട്ടാത്ത കമ്മീഷൻ പലപ്പോഴും പ്രതിപക്ഷനേതാക്കൾക്കെതിരെ താക്കീതും പ്രചരണനിരോധനവും ഉയർത്തിയിരുന്നു. ഈ തെരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങളിലെ അന്തിമ പോളിങ്ങ് ശതമാനം പുറത്തുവിടാൻ തെരഞ്ഞെടുപ്പ് കമ്മീഷനുണ്ടായ അസാധാരണമായ താമസം ചോദ്യങ്ങളുയർത്തിയതാണ്. വിശേഷിച്ചും രണ്ടാം ഘട്ടത്തിലെ പോളിങ്ങ് ശതമാനം. ആ ഘട്ടത്തിലെ മണ്ഡലം തിരിച്ചുള്ള അന്തിമ പോളിങ്ങ് ശതമാനം ഇനിയും ലഭ്യമല്ലെന്ന് പറക്കാലപ്രഭാകർ ചൂണ്ടിക്കാട്ടുകയുണ്ടായി. ഈ ഘട്ടത്തിൽ തെരഞ്ഞെടുപ്പ് നടന്ന മണ്ഡലങ്ങളിൽ മിക്കവാറും സംസ്ഥാനങ്ങളിലും എല്ലാ സീറ്റുകളിലും ബിജെപിയാണ് ജയിച്ചതെന്ന അസ്വാഭാവികതയാണ് അദ്ദേഹം ചൂണ്ടിക്കാട്ടിയത്. വളരെ വൈകിയാണ് പല സംസ്ഥാനങ്ങളിലെയും അന്തിമ പോളിങ്ങ് ശതമാനം കമ്മീഷൻ പുറത്തുവിട്ടത്. ഇങ്ങനെയുള്ള പല സംസ്ഥാനങ്ങളിലും അന്തിമ ശതമാനത്തിൽ സാധാരണയിൽക്കവിഞ്ഞ വർദ്ധന കാണുകയും അത്തരം ഇടങ്ങളിലെല്ലാം ബിജെപിക്ക് അനുകൂലമായി ഫലം വരികയും ചെയ്യുന്നുവെന്നും അദ്ദേഹം പറയുന്നു. അതായത്, ഭരണകക്ഷിയായ ബിജെപിക്കുവേണ്ടി തെരഞ്ഞെടുപ്പിൽ കൃത്രിമം നടന്നിരിക്കാനുള്ള സാധ്യത, ഡാറ്റ മുന്നിൽവെച്ച് പറയുന്നത് പ്രതിപക്ഷം മാത്രമല്ല. നിഷ്പക്ഷമായി, വസ്തുതകൾ പരിശോധിക്കുന്ന ആർക്കും സംശയമുണർത്തുന്ന കാര്യങ്ങളാണ് കഴിഞ്ഞ കുറച്ച് തെരഞ്ഞെടുപ്പുകളിലായി കണ്ടുവരുന്നത്. ഇവിടെ കൃത്യമായി മറുപടി നൽകാനില്ലാത്ത തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിശ്വാസ്യതയാണ് ചോദ്യം ചെയ്യപ്പെടുന്നത്. തെരഞ്ഞെടുപ്പ് കമ്മീഷൻ ബിജെപിയുടെ ഏജന്റായി പ്രവർത്തിക്കുന്നു എന്ന് ആരോപണമുയരുമ്പോൾ, നടപടികളിൽ കൂടുതൽ സുതാര്യത കൊണ്ടുവരികയും, ആരോപണങ്ങളിൽ കൃത്യവും നിഷ്പക്ഷവുമായ അന്വേഷണം നടത്തുകയുമായിരുന്നു നിഷ്പക്ഷമായ ഒരു തെരഞ്ഞെടുപ്പ് കമ്മീഷൻ ചെയ്യേണ്ടിയിരുന്നത്. അങ്ങനെ ചെയ്യുന്നില്ലെന്നു മാത്രമല്ല, നേർവിപരീതമായ നടപടികളും ഭീഷണികളും ഈ ഭരണഘടനാസ്ഥാപനത്തിൽ നിന്നുണ്ടാകുമ്പോൾ എന്ത് വിശ്വാസ്യതയാണ് ഇനി ഈ രാജ്യത്തെ തെരഞ്ഞെടുപ്പുകൾക്ക് ബാക്കിയുണ്ടാവുക?

ഇനി പ്രതിപക്ഷമാകട്ടെ, തെരഞ്ഞെടുപ്പ് കമ്മീഷൻ തന്നെ ചൂണ്ടിക്കാട്ടുന്നതു പോലെ, വോട്ടർപട്ടികയിലെയും തെരഞ്ഞെടുപ്പിലെയും ക്രമക്കേടുകൾ കൃത്യസമയത്ത് ഉന്നയിച്ചിട്ടില്ല. താഴേത്തലങ്ങളിൽ, അതായത് ബൂത്തുതലത്തിൽ ഇത്തരം കൃത്രിമങ്ങൾ കണ്ടെത്താനും പ്രതിരോധിക്കാനുമുള്ള ആളും അർത്ഥവും ഇന്ന് ബിജെപിക്കുള്ളതു പോലെ പ്രതിപക്ഷ കക്ഷികൾക്ക് പലയിടത്തും ഇല്ല എന്നതും വാസ്തവമാണ്. അങ്ങനെ പ്രതിപക്ഷം ദുർബലമായ ഇടങ്ങളിലാണ് ക്രമക്കേടുകൾ കൂടുതലായി നടക്കുന്നതും. കൂടാതെ, എവിടെയെങ്കിലും അധികാരം കിട്ടിയാൽ അവിടെ അവർ നിശ്ശബ്ദരാകുന്നു. അധികാരം നഷ്ടപ്പെടുമ്പോൾ മാത്രം ശബ്ദമുയർത്തുന്നു. അല്ലാതെ ഇത്തരം ക്രമക്കേടുകൾക്കെതിരെ സന്ധിയില്ലാത്ത ജനകീയ സമരം നടത്തി തെരഞ്ഞെടുപ്പിൽ സുതാര്യതയും സത്യസന്ധതയും തുല്യതയും കൊണ്ടുവരാനുള്ള പോരാട്ടത്തിന് കോൺഗ്രസ് അടക്കമുള്ള പ്രതിപക്ഷ പാർട്ടികൾ തയ്യാറുണ്ടോ?

നടപ്പാവുന്ന രൂപരേഖ എന്തിനുവേണ്ടി?

തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട് ഇത്രയധികം ആരോപണങ്ങളുയരുമ്പോഴും സുതാര്യത ഉറപ്പാക്കാനോ സ്വതന്ത്രമായ അന്വേഷണം നടത്തി സംശയങ്ങൾ ദൂരീകരിക്കാനോ ഉള്ള ശ്രമങ്ങൾ ഉണ്ടാകുന്നില്ലെന്നു മാത്രമല്ല, തീവ്ര വോട്ടർ പട്ടിക പരിഷ്കരണം രാജ്യവ്യാപകമാക്കും എന്ന വെല്ലുവിളിയാണ് തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. അപ്പോൾ, യാദൃച്ഛികമായി സംഭവിക്കുന്ന പോരായ്മകളോ വീഴ്ച്ചകളോ ഒറ്റപ്പെട്ട സംഭവങ്ങളോ അല്ല തെരഞ്ഞെടുപ്പുകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. നരേന്ദ്ര മോദി സർക്കാർ സ്വപ്നപദ്ധതിയായി മുന്നോട്ടുവെക്കുന്ന 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' എന്നതിനെ ഇതിനോട് ചേർത്തുവായിക്കണം. ലോക്സഭാ തെരഞ്ഞെടുപ്പും എല്ലാ സംസ്ഥാന തെരഞ്ഞെടുപ്പുകളും ഒരുമിച്ച് നടത്തുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തിനു നേർക്കുള്ള കടുത്ത വെല്ലുവിളിയാണ് ഇതുയർത്തുക. നിലവിലെ സാഹചര്യത്തിൽ ഇത്രയേറെ ക്രമക്കേടുകൾ

സ്പെഷ്യൽ ഇന്റൻസീവ് റിവിഷന്റെ പേരിൽ വോട്ടവകാശം നിഷേധിക്കരുതെന്നും അട്ടിമറിയും കൃത്രിമത്വവുമില്ലാത്ത തിരഞ്ഞെടുപ്പ് ഉറപ്പുവരുത്തണമെന്നും ആവശ്യപ്പെട്ട് എസ്യുസിഐ(സി) അഖിലേന്ത്യാതലത്തിൽ പ്രഖ്യാപിച്ച പ്രതിഷേധ വാരത്തോടനുബന്ധിച്ച് ആലപ്പുഴയിൽ നടന്ന പ്രകടനം ജില്ലാ സെക്രട്ടറി എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു.

തെരഞ്ഞെടുപ്പുകളിൽ നടക്കുന്നതായുള്ള റിപ്പോർട്ടുകളുണ്ടാവുകയും അതെല്ലാം ബിജെപിക്ക് അനുകൂലമായി പരിണമിക്കുകയും ചെയ്യുമ്പോൾ എന്താണ് ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് എന്ന പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം? ഇപ്പോൾ പുറത്തുവന്ന വിവരങ്ങളനുസരിച്ച് വിശകലനം ചെയ്യുമ്പോൾ, നമ്മൾ കാണുന്നത് മഞ്ഞുമലയുടെ ഒരറ്റം മാത്രമാണെന്നാണ് മനസ്സിലാക്കേണ്ടത്. രാജ്യവ്യാപകമായ കൃത്രിമമെന്നതിനെക്കാൾ തെരഞ്ഞെടുത്ത ഏതാനും മണ്ഡലങ്ങളിലോ പ്രദേശങ്ങളിലോ മാത്രമായി നടത്തിയ പരീക്ഷണമായി വേണം 2024 ലോക്സഭ തെരഞ്ഞെടുപ്പിലെ കാര്യങ്ങളെ കാണാൻ. അത് വിജയം കണ്ടപ്പോൾ മഹാരാഷ്ട്രയിലെ നിയമസഭ തെരഞ്ഞെടുപ്പിൽ കൂടുതൽ വ്യാപകമാക്കി. കൂടുതൽ വ്യക്തമായി ഇത് നടപ്പാക്കാനുള്ള രൂപരേഖയുടെ ഭാഗമായി ബീഹാറിലെ തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തെ കാണാം. തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തെ രാജ്യവ്യാപകമാക്കാനുള്ള ശ്രമം, ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പിന്റെ മുന്നോടിയായും കാണാം. അതായത്, 2029ലെത്തുമ്പോഴേക്കും, രാജ്യത്തെ വോട്ടവകാശമടക്കം നിയന്ത്രിച്ച് തെരഞ്ഞെടുപ്പിനെ സമർത്ഥമായി അട്ടിമറിക്കാനും, ഉദ്ദേശിക്കുന്ന സർക്കാരുകളെ സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും അധികാരത്തിലേറ്റാനുമുള്ള സംവിധാനമൊരുക്കുക എന്നതിന്റെ രൂപരേഖയാണ് അണിയറയിലൊരുങ്ങിയത് എന്നു തന്നെ സംശയിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ അധികാരത്തിലേറുന്നവർ, ജനഹിതത്തെ തെല്ലും മാനിക്കാത്ത ഏകാധിപതികളായിരിക്കും എന്ന് എടുത്തുപറയേണ്ടതില്ല.

നിലവിൽ ഇതിന്റെ ഗുണഭോക്താക്കൾ അധികാരത്തിലിരിക്കുന്ന ബിജെപിയാണ് എന്നതിൽ സംശയമില്ല. എന്നാൽ ഇത് ബിജെപിയുടെ മാത്രം പദ്ധതിയാണോ? അല്ല, ഇതിനു പിന്നിൽ വ്യക്തമായ വർഗതാത്പര്യമുണ്ടെന്നതാണ് നമ്മൾ തിരിച്ചറിയേണ്ടത്. ജനാധിപത്യത്തെയും ജനാഭിപ്രായത്തെയും അട്ടിമറിക്കേണ്ടത് ഇന്നത്തെ കുത്തകമുതലാളിത്തത്തിന്റെ ആവശ്യകതയാണ്. മുതലാളിത്തം നേരിടുന്ന അപരിഹാര്യമായ പ്രതിസന്ധി അത്രമേൽ രൂക്ഷമാകുന്നു. ജനത്തെ ഭിന്നിപ്പിച്ചും തെറ്റിദ്ധരിപ്പിച്ചും വ്യാമോഹിപ്പിച്ചും ആയുസ് കൂട്ടേണ്ടത് ഈ മരണാസന്നമായ മുതലാളിത്തത്തിന്റെ ആവശ്യകതയാണ്. ഇതിനായി തങ്ങളുടെ കൂടുതൽ വിശ്വസ്ത സേവകരായി ഭരണകൂടത്തെ മാറ്റിയെടുക്കാനാണ് അവർ താത്പര്യപ്പെടുന്നത്. തെരഞ്ഞെടുപ്പിലൂടെ തങ്ങളുടെ ഏറ്റവും വിശ്വസ്തർ ജനഹിതത്തോടെയാണ് ഭരണത്തിലേറിയതെന്ന് ജനത്തെ വിശ്വസിപ്പിക്കാൻ സാദ്ധ്യമായ വഴികളാണ് അവർ തേടുന്നത്. പക്ഷേ അതേസമയം തന്നെ, ഇത്തരം നടപടികൾ യഥാർത്ഥ ജനഹിതത്തിനു വിരുദ്ധമാണെന്ന് കൂടുതലായി ജനങ്ങൾ തിരിച്ചറിഞ്ഞുതുടങ്ങുമ്പോൾ, തെരഞ്ഞെടുപ്പ് പ്രക്രിയയിൽ തന്നെ അവർക്ക് വിശ്വാസം നഷ്ടപ്പെടും. അതിന്റെ അനന്തരഫലം ഇന്ന് നമ്മുടെ അയൽരാജ്യങ്ങളിൽത്തന്നെ നാം കാണുകയാണ്. വിശ്വാസം നഷ്ടപ്പെടുന്ന ജനത തെരുവിലിറങ്ങി പ്രതിഷേധിക്കുന്ന അവസ്ഥയുണ്ടാകും. ഭരണത്തിലിരിക്കുന്നവർ കലാപം ഭയന്ന് ഓടി രക്ഷപെട്ടേക്കാം. പക്ഷേ, ജനങ്ങളുടെ അവസ്ഥയിലോ, ജീവിത പ്രതിസന്ധിയിലോ, ചൂഷണഭരണകൂടത്തിൽ മാറ്റമുണ്ടാകില്ല.

ശരിയായവിപ്ലവനേതൃത്വത്തിനുകീഴിൽ, പ്രതിസന്ധിയുടെ യഥാർത്ഥ കാരണമായ മുതലാളിത്ത വ്യവസ്ഥയെ തന്നെ തിരിച്ചറിയാനും തകർത്തെറിയാനുമുള്ള രാഷ്ട്രീയബോധം കൈവരിച്ച് രാജ്യത്തെ തൊഴിലാളികളും അധ്വാനിക്കുന്നവരുമായ എല്ലാ ജനങ്ങളും അണിനിരന്നെങ്കിൽ മാത്രമേ, ആത്യന്തികമായി മാറ്റമുണ്ടാകൂ. അതിന് ജനത പാകപ്പെടുന്നതുവരേയ്ക്കും, ഇത്തരം തെരഞ്ഞെടുപ്പ് അട്ടിമറികളെ ചെറുത്ത്, അവശേഷിക്കുന്ന ജനാധിപത്യ അവകാശങ്ങളെ നിലനിർത്താൻ നാം വിട്ടുവീഴ്ച്ചയില്ലാതെ പൊരുതേണ്ടിയിരിക്കുന്നു. ■

പോലീസ് ഇന്നും ഭരണകൂടത്തിന്റെ മർദ്ദനോപാധി

(1–ാം പേജിൽ നിന്ന്)

ഇപ്പോൾ പുറംലോകമറിയാൻ ഇടയായത്. ഒരു പൊതുപ്രവർത്തകന്റെ സ്ഥിതിയിതാണെങ്കിൽ സാധാരണക്കാരുടെ സ്ഥിതിയെന്തായിരിക്കും എന്നതാണ് ജനങ്ങളെ ഭയപ്പെടുത്തുന്നത്.

പീച്ചിയിൽനിന്നും സമാനമായൊരു സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുകയാണ്. അതുനടന്നതും 2023ൽ. ഹോട്ടലുടമയ്ക്കും മകനും ജീവനക്കാരനുമാണ് പോലീസ് സ്റ്റേഷനിൽ ക്രൂരമർദ്ദനമേൽക്കേണ്ടിവന്നത്. ഈ കേസിലും നീണ്ട നിയമയുദ്ധത്തിനുശേഷമാണ് സിസിടിവി ദൃശ്യങ്ങൾ പരാതിക്കാരന് ലഭിച്ചത്. കുന്നംകുളം വാർത്ത പുറത്തുവന്ന സമയത്തുതന്നെയാണ് തിരുവല്ലയിൽ എഐജിയുടെ വാഹനം ഇടിച്ച് പരിക്കേറ്റ ഇതരസംസ്ഥാന തൊഴിലാളിക്കെതിരെ കേസെടുത്ത സംഭവം ഉണ്ടായതും. എഐജി വാഹനത്തിലിരിക്കെ നടന്ന അപകടമായിട്ടുപോലും പരിക്കേറ്റ തൊഴിലാളിക്കെതിരെ കേസെടുത്തു എന്നത് അങ്ങേയറ്റം നിയമവിരുദ്ധമാണ്. മാപ്പർഹിക്കാത്ത അപരാധമാണ്. തൽസ്ഥാനത്തുതുടരാൻ എഐജി അക്കാരണത്താൽത്തന്നെ അയോഗ്യനാണ്.

'പോലീസ് അല്ലെങ്കിൽ പിന്നെ എന്റെ മകനെ കൊന്നതാരാണ്' എന്ന ചോദ്യം ചാട്ടുളിപോലെ കേരള മനസ്സാക്ഷിക്കുമുന്നിലേക്കിട്ടത് എഴുപതുപിന്നിട്ടൊരമ്മയാണ്. ഇരുപതുവർഷംമുമ്പാണ് അവരുടെ മകൻ ഉദയകുമാർ പോലീസ് സ്റ്റേഷനിൽ കൊലചെയ്യപ്പെട്ടത്. പ്രതികളായ പോലീസുകാർക്കെതിരെ ആരോപിക്കപ്പെട്ട കുറ്റം തെളിയിക്കാനുള്ളശക്തികുറ്റപത്രത്തിനുണ്ടായിരുന്നില്ല. പോലീസുകാർ പ്രതികളാകുന്ന കേസുകളിൽ അന്വേഷണം നടത്തുന്നതുംഎഫ്ഐആർതയ്യാറാക്കുന്നതുംതെളിവും സാക്ഷിമൊഴിയും ശേഖരിക്കുന്നതുമെല്ലാം പോലീസ് തന്നെയാകുമ്പോൾ അന്വേഷണം വെറും പ്രഹസനമാകും.

സ്വർണ്ണമാലകാണാതായതിന്റെപേരിൽ വീട്ടുജോലിക്കാരിയായ ദളിത് സ്ത്രീയെ മോഷണക്കുറ്റം ആരോപിച്ച് ഒരു പകലും രാത്രിയും പോലീസ് സ്റ്റേഷനിൽ ഇരുത്തി പീഡിപ്പിച്ച സംഭവം നടന്നതും സമീപകാലത്താണ്. അറസ്റ്റുചെയ്യപ്പെട്ട സ്ത്രീയെ മാനസികമായും ശാരീരികമായും പീഡിപ്പിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചത്? സ്ഥലംമാറ്റമോ സസ്പെൻഷനോപോലുള്ള താരതമ്യേന ചെറിയ നടപടികളിൽ ഏതു പ്രമാദമായ കേസും ഒതുങ്ങും എന്നതാണ് ഇത്തരം ക്രിമിനലുകളുടെ ധൈര്യം. സിപിഐ(എം) കണ്ണനല്ലൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറി തനിക്ക് നേരിട്ട പോലീസ് മർദ്ദനം വെളിപ്പെടുത്തുമ്പോൾ, ഭരണകക്ഷിയിൽപ്പെട്ട ആളായാലും സാധാരണക്കാരനായാലും രക്ഷയില്ല എന്നതാണ് വെളിവാകുന്നത്. എന്തായാലും പോലീസ് മർദ്ദന പരാതികളുടെ പ്രളയമാണ് ഇപ്പോൾ സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇനിയും പുറത്ത് വരാതെ പോയ എത്രയോ സംഭവങ്ങൾ ഉണ്ടാകാം എന്നതും തീർച്ചയാണ്.

ജനകീയ സമരങ്ങളോടുള്ള പോലീസിന്റെ പക കെറെയിൽ സിൽവർലൈൻ വിരുദ്ധ സമരത്തിൽ നമ്മൾ കണ്ടതാണ്. അങ്ങേയറ്റം സമാധാനപരമായി സമരം ചെയ്ത ജനങ്ങൾക്കുമേൽ സംസ്ഥാനത്തുടനീളം അഴിഞ്ഞാടുന്ന പോലീസിനെയാണ് കേരളം കണ്ടത്. എല്ലാത്തരം മര്യാദകളും മനുഷ്യാവകാശങ്ങളും ലംഘിച്ച് സ്ത്രീകളെപ്പോലും തെരുവിൽ വലിച്ചിഴച്ച, അപമര്യാദയായി പെരുമാറി. പൊതുകാര്യങ്ങളിൽ ഇടപെടാൻ നിൽക്കാതെ അടുക്കളയിലേക്കുമടങ്ങാൻ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർപോലും സ്ത്രീകളോട് ആഹ്വാനം ചെയ്തു. ആലപ്പുഴ തോട്ടപ്പള്ളിയിൽ, കരിമണൽ ഖനനത്തിനെതിരെ സമരം ചെയ്യുന്നവരെയും നിഷ്ഠുരമായി തല്ലിച്ചതച്ചു. പോലീസിന്റെ സാന്നിദ്ധ്യത്തിലാണ് യൂത്ത് കോൺഗ്രസ് പ്രവർത്തകരെ ഡിവൈഎഫ്ഐക്കാർ ഹെൽമെറ്റും ചെടിച്ചട്ടിയുമുപയോഗിച്ച് തലതല്ലിപ്പൊളിച്ചത്. ഇതിനെ രക്ഷാപ്രവർത്തനം എന്നുവിളിച്ച് പ്രോത്സാഹിപ്പിക്കുന്ന ആഭ്യന്തരമന്ത്രിക്കുടെയായ മുഖ്യമന്ത്രിയുടെ ധാർഷ്ട്യവും ജനാധിപത്യവിരുദ്ധ സമീപനവുമാണ് സമാന സംഭവങ്ങൾ വർദ്ധിക്കുന്നതിന് സാഹചര്യമൊരുക്കുന്നത്. എന്ത് അതിക്രമത്തിനും ആഭ്യന്തരമന്ത്രിയുടെയും സിസ്റ്റത്തിന്റെയും പിന്തുണയുണ്ട് എന്ന ഹുങ്കാണ് പോലീസിന്റെ ക്രൗര്യം വർദ്ധിപ്പിക്കുന്നത്.

പോലീസിന്റെ ആത്മവീര്യം തകരാതെ സദാ ജാഗരൂകനായിരിക്കുന്ന മുഖ്യമന്ത്രിയെ സംബന്ധിച്ചിടത്തോളം ഇതെല്ലാം ഒറ്റപ്പെട്ട സംഭവങ്ങളാണ്. നൂറുകണക്കിന് 'ഒറ്റപ്പെട്ട സംഭവങ്ങൾ' നിത്യേന പുറത്തുവരുന്നു. സ്റ്റേഷനുള്ളിലും നിരത്തിലും എന്നുവേണ്ട എവിടെയും പോലീസിന്റെ വിളയാട്ടമാണ് നടക്കുന്നത്.മൂന്നാംമുറഎന്ന്കപ്രസിദ്ധിയാർജ്ജിച്ച പീഡനമുറകളെപോലും കവച്ചുവയ്ക്കുന്ന ക്രൂരതകളാണ് അരങ്ങേറുന്നത്. സാധാരണക്കാരന് നേരിട്ട് ഒരു പരാതി നൽകാൻ പോയിട്ട്, ഒരു സഹായത്തിനായി പൊതുപ്രവർത്തകരെപ്പോലും കൂടെക്കൂട്ടാൻ സാധിക്കാത്ത അവസ്ഥയാണിന്നുള്ളത്.

അഴിമതി, ലഹരി ഇടപാടുകൾ, സ്വർണം കള്ളക്കടത്ത്, മദ്യപിച്ച് പൊതുനിരത്തിൽ അഭ്യാസം നടത്തുകയും അപകടകരമാംവിധം വാഹനമോടിക്കുകയും ചെയ്യുന്നതടക്കമുള്ള പ്രവൃത്തികൾ, അനധികൃത നിർമ്മാണങ്ങൾ, അനധികൃത ഖനനങ്ങൾ തുടങ്ങി ഏതാണ്ട് എല്ലാ കുറ്റകൃത്യങ്ങളിലും പോലീസിന്റെ സജീവമായ പങ്കുണ്ട്. എല്ലാത്തരം മാഫിയകളുടെയും സംരക്ഷകരായി, രാഷ്ട്രീയക്കാരുടെയും ഉദ്യോഗസ്ഥരുടെയും ഇടനിലക്കാരായി വർത്തിക്കുകയെന്നതാണ്പോലീസിന്റെ പണി. സംസ്ഥാനത്തെ ഏറ്റവും പ്രമുഖനായ എഡിജിപിക്കെതിരെ ഉയർന്നത് അഴിമതിയുൾപ്പെടെ ഒന്നിലേറെ ഗുരുതരമായ ആരോപണങ്ങളാണ്. മതിയായ തെളിവുകളുണ്ടായിട്ടും ഇയാൾക്ക് ഒരു പോറൽപോലുമേറ്റില്ല, മുഖ്യമന്ത്രി നേരിട്ട് ഇടപെട്ട് ക്ലീൻ ചിറ്റ് ഉറപ്പാക്കുന്നതാണ് നാം കണ്ടത്.

ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ക്രിമിനലുകൾക്ക് ഏറ്റവും മാതൃകാപരമായ ശിക്ഷതന്നെ നൽകണം. വകുപ്പുതല അന്വേഷണവും ശിക്ഷാ നടപടികളുമല്ല, നിയമപരമായ ശിക്ഷഉറപ്പാക്കപ്പെടണം.പോലീസ് സേനയുടെ ജനാധിപത്യവത്ക്കരണം അല്പംപോലും അമാന്തിക്കരുത് എന്നാണ് ഓരോ സംഭവവും ചൂണ്ടിക്കാണിക്കുന്നത്. ഒരു ആധുനിക ജനാധിപത്യ സമൂഹത്തിന് നിരക്കുന്ന പരിഷ്കൃതമായ പരിശീലനമല്ല പോലീസിന് ഇന്നുള്ളത്. മനുഷ്യാവകാശങ്ങൾ തെല്ലും പരിഗണിക്കാത്ത, ഫ്യൂഡൽ മൂല്യബോധമോ അതിലും പിന്നാക്കം നിൽക്കുന്ന ബോധ്യങ്ങളോ പേറുന്ന, പൗരാവകാശങ്ങൾക്കുമുകളിൽ സ്വേച്ഛാധികാരം പ്രയോഗിക്കാനുള്ള ക്രിമിനൽ സംഘമായി തരംതാണിരിക്കുന്നു ഇന്ന് പോലീസ്. ക്രിമിനലുകളായ ഏതാനും പോലീസുകാരുടെ പ്രശ്നമല്ലിത്. ക്രിമിനലുകളായ പോലീസുകാരെ വാർത്തെടുക്കുന്ന ഒരു വ്യവസ്ഥയാണ് നിലവിലുള്ളത്.

ക്രിമിനൽ സംഘമാകുന്ന പോലീസ്

2011ലെ കേരള പോലീസ് ആക്ട് പ്രകാരം ഓരോ പൗരന്റെയും ജീവനും സ്വത്തിനും സ്വാതന്ത്ര്യത്തിനും അന്തസ്സിനും മനുഷ്യാവകാശങ്ങൾക്കും ഭരണഘടനാപരമായ പരിഗണന നൽകി യഥാവിധിയുള്ള സുതാര്യതയോടുകൂടിയ നിയമവാഴ്ച ഉറപ്പാക്കുകയാണ് പോലീസിന്റെ ധർമ്മം. ഡ്യൂട്ടിയിലുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥരും പൊതുജനങ്ങളോടുള്ള ഇടപെടലുകളിൽ മര്യാദയും ഔചിത്യവും സഹാനുഭൂതിയും പ്രകടിപ്പിക്കണമെന്നും സഭ്യവും മാന്യവുമായ ഭാഷ ഉപയോഗിക്കണമെന്നും പോലീസ് മാന്വൽനിർദ്ദേശിക്കുന്നു. കസ്റ്റഡിയിലുള്ളവരോട് മോശമായി പെരുമാറുകയോ സഭ്യമല്ലാത്ത ഭാഷ ഉപയോഗിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. കസ്റ്റഡിയിലായിരിക്കുന്ന ആളെ അയാൾ പതിവായി ധരിക്കുന്ന വേഷം ഉപയോഗിക്കാൻ അനുവദിക്കേണ്ടതാണെന്നും മാന്വൽനിഷ്കർഷിക്കുന്നു.

ഇതൊക്കെ മതിയാകാതെ സമയാസമയങ്ങളിൽ പോലീസ് മേധാവിയുടെ സാരോപദേശങ്ങളടങ്ങിയ സർക്കുലറുകളും ഇറങ്ങാറുണ്ട്. പൗരാവകാശങ്ങൾ സംരക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളെന്ന നിലയിൽ കോടതിയെയും മാധ്യമങ്ങളെയും ബോധ്യപ്പെടുത്താൻ വേണ്ടി മാത്രമുള്ള കടലാസ്സുകഷണങ്ങൾ മാത്രമാണ് സർക്കുലറുകൾ. ഇവ പോലീസ് സ്റ്റേഷന്റെ ഭിത്തിയിൽ പതിപ്പിക്കാൻ ഉത്തരവ് പുറപ്പെടുവിക്കുന്ന മേലധികാരികൾ, പോലീസിന്റെ ആഭ്യന്തരയോഗങ്ങളിൽ കുറ്റം തെളിയിക്കാൻ മൂന്നാംമുറ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തും. ആരെയെങ്കിലും പ്രതിയാക്കി കാര്യക്ഷമത പ്രദർശിപ്പിക്കാൻ സമ്മർദ്ദം ചെലുത്തും. പോലീസ് മാന്വലും ചട്ടങ്ങളും അനുശാസിക്കുന്ന നടപടിക്രമം പാലിക്കാത്തവരെ ഒരു നിമിഷനേരത്തേക്കുപോലും പോലീസിൽ വച്ചുപൊറുപ്പിക്കില്ല എന്ന കർശനമുന്നറിയിപ്പ് ആന്തരികമായി നൽകില്ല. മാധ്യമങ്ങളിലൂടെയോ കോടതിനടപടികളിലൂടെയോ അതിക്രമത്തിന്റെ വാർത്ത പുറത്തുവരുന്ന സന്ദർഭങ്ങളിൽ, മറ്റ് മാർഗ്ഗമില്ലാത്തതിനാൽ മാത്രം പോലീസുകാരെ പ്രതിയാക്കുകയല്ലാതെ, സത്യസന്ധമായ അന്വേഷണത്തിലൂടെ കുറ്റവാളികളായ പോലീസുകാരെ നിയമത്തിനു മുമ്പിൽ കൊണ്ടുവരുന്നത് അത്യപൂർവ്വമാണ്. എന്തെങ്കിലും സാഹചര്യത്തിൽ പ്രതിയാക്കപ്പെട്ടാൽ, പരമാവധി പഴുതുകളോടെ കേസ് രജിസ്റ്റർ ചെയ്ത് സഹപ്രവർത്തകരെ രക്ഷിക്കും. കേസ് നടത്തിപ്പിനായി പോലീസിനുള്ളിൽ പണം പിരിക്കും. ഇതിനെല്ലാം നേതൃത്വം നൽകിക്കൊണ്ട് പോലീസ് അസോസിയേഷൻ പ്രവർത്തിക്കും. അങ്ങിനെ പോലീസിന്റെ കുറ്റകൃത്യങ്ങളെ വെള്ളപൂശാൻ, പോലീസ് ക്രിമിനലുകളെ രക്ഷിക്കാൻ അടിമുടി സജ്ജമായ ഒരു ക്രിമിനൽ സംവിധാനം പോലീസിനുള്ളിൽ പ്രവർത്തിക്കുന്നു. ഇക്കാരണങ്ങളാൽ പോലീസ് അക്രമങ്ങളും ലോക്കപ്പ് മർദ്ദനവും കസ്റ്റഡി മരണവും അന്തമില്ലാതെ തുടരുകതന്നെ ചെയ്യും. ഈ ക്രിമിനൽ സംവിധാനത്തോട് ഏറ്റുമുട്ടാൻ ഒരു സാധാരണ പൗരന് എങ്ങനെ കഴിയും? രാഷ്ട്രീയനേതൃത്വമാകട്ടെ, ഇതിനൊക്കെ അറുതിവരുത്താൻ തീരുമാനിക്കുകയുമില്ല. രാഷ്ട്രീയ എതിരാളികളെ വകവരുത്താനും തുറുങ്കിലടയ്ക്കാനും കഴിയണമെങ്കിൽ കുറ്റവാളികളുടെ സംഘമായി പൊലീസ് നിലനിൽക്കുക തന്നെ വേണം. ഓരോ കസ്റ്റഡി മരണവും തെരഞ്ഞെടുപ്പ് പ്രചാരണവിഷയമായി ഒടുങ്ങും. രാജന്റെയും ഉദയകുമാറിന്റെയും ശ്രീജിത്തിന്റെയും അച്ഛനമ്മമാരുടെ നിലവിളികൾക്ക് അവസാനമുണ്ടാവില്ല. നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കു പ്രകാരം 2016 മുതൽ 2024 വരെയുള്ള കാലയളവിൽ കേരളത്തിൽ 16 കസ്റ്റഡി മരണങ്ങളാണ് നടന്നിരിക്കുന്നത്. ഞെട്ടിപ്പിക്കുന്ന കണക്കാണിത്. മുഖ്യമന്ത്രി നിയമസഭയിലും ഇത് സമ്മതിച്ചിട്ടുള്ള വസ്തുതയാണ്.

സർക്കാർ ഏതു മുന്നണിയുടേതായാലും പോലീസ് സേന സംസ്ഥാനത്ത് ഒരു കുറ്റവാളിസംഘം മാത്രമാണെന്നത് തികച്ചും വസ്തുതയാണ്. എന്നാൽ സിപിഐ(എം) നയിക്കുന്ന നിലവിലുള്ളസർക്കാർ പോലീസ് സേനയുടെ ജനാധിപത്യ വിരുദ്ധ ചെയ്തികളുടെ റെക്കാർഡ് ഇന്ന് ഭേദിക്കുകയാണ്. സേനയുടെ ജനാധിപത്യസ്വഭാവത്തിന്റെ അവസാനഅംശങ്ങളെയും പിണറായി ഭരണം കുഴിച്ചുമൂടി. പോലീസിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പിണറായി സർക്കാർ കൈക്കൊണ്ടിട്ടുള്ള സമീപനം ഏറ്റവും ആപൽക്കരവും ഇടതുപക്ഷ നിലപാടിന് കടകവിരുദ്ധവുമായ ഒന്നാണ്. നിയമവാഴ്ച ഇത്രമേൽ ചോദ്യംചെയ്യപ്പെട്ടിട്ടുള്ള ഒരു സാഹചര്യം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. തടവ് ശിക്ഷ അനുഭവിക്കുന്ന സിപിഐ(എം) കുറ്റവാളികളുടെ അധികാരവാഴ്ചയാണ് ജയിലുകളിൽ. യഥേഷ്ടം പരോൾ വാങ്ങി, അവർ ആരെയും ഭയപ്പെടാതെ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നു. സിപിഐ(എം) അനുവർത്തിക്കുന്ന നീചരാഷ്ട്രീയത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനാണ് പോലീസ് സേന ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്നത്. ഉദാഹരണങ്ങൾ എത്ര വേണമെങ്കിലും നിരത്താം. പൗരന്റെ മേൽ അതിക്രമങ്ങൾ അഴിച്ചുവിടാൻ സർവ്വാനുമതിയും വാങ്ങിയാണ് പോലീസ് പ്രവർത്തിക്കുന്നത്. പോലീസിലെ അഴിമതിയാകട്ടെ ഞെട്ടിപ്പിക്കുന്ന മാനം കൈവരിച്ചിരിക്കുന്നു.

ഉപദേശനിർദ്ദേശങ്ങൾ നിലനിൽക്കുമ്പോഴും ഭരണകൂടത്തിന്റെ നേരിട്ടുള്ള മർദ്ദനോപാധിയെന്ന നിലയിൽ പൗരവാകാശങ്ങൾ അടിച്ചമർത്താനുള്ള പ്രവണതയാണ് പോലീസ് എല്ലായ്പ്പോഴും പ്രകടിപ്പിക്കുന്നത് എന്നതാണ് സത്യം. എന്നാൽ ഒരു ജനാധിപത്യ രാഷ്ട്രീയ ഘടനയ്ക്കുള്ളിൽ പൊതുജനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾക്കുതന്നെയാകണം മേൽക്കൈ. ജനാധിപത്യക്രമത്തിൽ നിയമവാഴ്ചയും പൗരാവകാശങ്ങളും ഉറപ്പാക്കപ്പെടണം. ഒരു പൗരസമൂഹത്തിന്റെ പൊതുവായ ചട്ടക്കൂടും ക്രമസമാധാനവും പാലിക്കപ്പെടുപോകുന്നു എന്നുറപ്പാക്കുന്ന പലഘടകങ്ങളിൽ ഒന്നുമാത്രമാണ് പോലീസ്. പൊതുസമൂഹത്തിനുംമേലെയാണ് പോലീസ് എന്ന ഭരണവർഗ്ഗ ധാരണ തിരുത്തിക്കൊണ്ട്, ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയും പരിപാലിക്കപ്പെടുകയും ചെയ്യുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്തം ജനങ്ങൾ ചുമലിലേറ്റുകയേ മാർഗ്ഗമുള്ളൂ എന്നാണ് ഇന്നത്തെ അവസ്ഥ.

(ശേഷം 5–ാം പേജിൽ)

ഗിഗ് എക്കോണമി: മുതലാളിത്തത്തിലെ കൂലിയടിമത്തത്തിന്റെ ഏറ്റവും പുതിയരൂപം

സ്ഥിരം ജോലി, തൊഴിൽ സുരക്ഷ, സമയബന്ധിത വേതനം, 8 മണിക്കൂർ ജോലി, ആരോഗ്യ ഇൻഷുറൻസ്, വിരമിക്കൽ ആനുകൂല്യങ്ങൾ എന്നിവയൊക്കെ ഇന്ന് പഴങ്കഥയാണ്. മുൻപ് തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി, മാനേജ്മെന്റിന്റെ ഏകപക്ഷീയമായ തീരുമാനങ്ങൾക്കെതിരെ ട്രേഡ് യൂണിയനുകൾക്ക് നിയമപരമായ അവകാശങ്ങളുണ്ടായിരുന്നു. എന്നാൽ മുതലാളിത്ത ആഗോളവൽക്കരണത്തിന്റെ കടന്നുവരവോടെ, തൊഴിലാളിവർഗ്ഗത്തിന്റെ അവസ്ഥ ദയനീയമായി. തൊഴിലിന്റെ സ്വഭാവം സ്ഥിരമായിരുന്നിട്ടുപോലും, മുതലാളിമാർ തൊഴിലാളികളെ കരാർ അടിസ്ഥാനത്തിലോ ദിവസവേതനക്കാരായോ അല്ലെങ്കിൽ പ്രത്യേക ജോലിക്ക് പ്രത്യേക കൂലി നൽകുന്ന രീതിയിലോ ഒക്കെ നിയമിക്കുന്നു.

നമ്മുടെ രാജ്യത്തെ അസംഘടിത മേഖലയിൽ ജോലിചെയ്യുന്ന ദശലക്ഷക്കണക്കിന് ആളുകൾക്ക് മാന്യമായ ജീവിതനിലവാരം പോയിട്ട് മിനിമം വേതനം പോലും ലഭിക്കുന്നില്ല. അങ്കണവാടി, ആശ, ഉച്ചഭക്ഷണ തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, നിസ്സഹായരായ കുടിയേറ്റ തൊഴിലാളികൾ, സർക്കാർ ഓഫീസുകളിലെ താൽക്കാലിക ജീവനക്കാർ എന്നിവരെല്ലാം ഒരേപോലെ ദുരിതപൂർണ്ണമായ കൂലി അടിമത്തത്തിന് വിധേയരായവരാണ്. അടുത്തിടെ കേന്ദ്രം കൊണ്ടുവന്ന നാല് തൊഴിലാളിവിരുദ്ധ ലേബർ കോഡുകൾ സ്ഥിതി കൂടുതൽ വഷളാക്കിയിരിക്കുകയാണ്. സൊമാറ്റോ, സ്വിഗ്ഗി, ഊബർ, സെപ്റ്റോ തുടങ്ങിയ പ്ലാറ്റ്ഫോമുകളുമായി ഓൺലൈൻ വാണിജ്യ ബന്ധം സാധ്യമാക്കിയ ഡിജിറ്റൽ യുഗത്തിന്റെ ആവിർഭാവത്തോടെ, ഗിഗ് വർക്കേഴ്സ് എന്നൊരു പുതിയ വിഭാഗം കൂടി ഈ പട്ടികയിലേക്ക് കൂട്ടിച്ചേർക്കപ്പെട്ടു. ഇവിടെ തൊഴിൽ ബന്ധം "ജോലിക്ക് വെക്കുക, പുറത്താക്കുക" (hire and fire) എന്ന ക്രൂരമായ നയത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. നീതി ആയോഗിന്റെ റിപ്പോർട്ട് അനുസരിച്ച്, ഡെലിവറി സേവനങ്ങൾ,ഓൺലൈൻഓർഡർസപ്ലൈ, കാബ് ഡ്രൈവർമാർ, ബൈക്ക് റൈഡർമാർ, ഫ്രീലാൻസർമാർ എന്നിവർ ഉൾപ്പെടെയുള്ള ഗിഗ് തൊഴിലാളികളുടെ എണ്ണം 2029-30 ഓടെ 23.5 ദശലക്ഷമായി (2.35 കോടി) വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഓക്സ്ഫോർഡ് ഇന്റർനെറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓൺലൈൻ ലേബർ ഇൻഡെക്സ് സൂചിപ്പിക്കുന്നത് ലോകത്തിലെ മൊത്തം ഓൺലൈൻ പുറംകരാർ തൊഴിൽശക്തിയുടെ 24% ഇന്ത്യയാണ് നൽകുന്നത് എന്നാണ്, ഇത് ഏറ്റവും വലിയ വിതരണക്കാരായി ഇന്ത്യയെ മാറ്റുന്നു.

ഗിഗ് തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുന്നതെന്തുകൊണ്ട്

മുതലാളിത്ത സമ്പദ്വ്യവസ്ഥയെ നയിക്കുന്ന ലാഭക്കൊതി, തൊഴിലാളിവർഗ്ഗത്തെ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുകയും അവരുടെ വാങ്ങൽശേഷി ഇല്ലാതാക്കുകയും ചെയ്യുമ്പോൾ, മുതലാളിത്ത വ്യവസ്ഥിതിയുടെ പ്രതിസന്ധി രൂക്ഷമാകുന്നു. വിപണിപ്രതിസന്ധിയിലകപ്പെട്ട ഭരണവർഗ്ഗ ധനപ്രഭുക്കന്മാർ ഉൽപ്പാദനച്ചെലവ് വെട്ടിച്ചുരുക്കാൻ ശ്രമിക്കുന്നത് പ്രധാനമായും സ്ഥിരം തൊഴിലാളികളെ ഒഴിവാക്കിയും അത്യാധുനിക സാങ്കേതികവിദ്യ സ്ഥാപിച്ചുമാണ്. എങ്കിലും കുറച്ച് ശാരീരിക അധ്വാനം ആവശ്യമാണ്, ആ ആവശ്യം നിസ്സാര വേതനത്തിൽ കരാർ തൊഴിലാളികളെയോ താൽക്കാലിക തൊഴിലാളികളെയോ ഉപയോഗിച്ച് നിറവേറ്റുന്നു. സേവന കാലാവധി, ജോലി സമയം, സാമൂഹിക ആനുകൂല്യങ്ങൾ എന്നിങ്ങനെയുള്ള സേവന വ്യവസ്ഥകളൊന്നും അവർക്കില്ല. ഡെലിവറി സ്ഥലത്തേക്കുള്ള അവരുടെ പ്രവേശനത്തിന്റെയും പുറത്തുകടക്കുന്നതിന്റെയും കൃത്യമായ സമയം, ഓരോ ഡെലിവറിയുടെയും പൂർത്തീകരണം - മറ്റൊരു വാക്കിൽ പറഞ്ഞാൽ അവരുടെ ചലനങ്ങളും സ്ഥാനവും-ഡിജിറ്റൽ പ്രക്രിയയിലൂടെ നിരന്തരമായ നിരീക്ഷണത്തിലാണ്. ഇത് സ്വന്തം തൊഴിലാളികളുടെ മേൽ, ഉടമകൾ ആഗ്രഹിക്കുന്ന സേവന നിലവാരം ഉറപ്പാക്കാൻ നടത്തുന്ന ഒളിഞ്ഞുനോട്ടമല്ലാതെ മറ്റൊന്നുമല്ല.

തൊഴിലില്ലായ്മ രൂക്ഷമാകുമ്പോൾ, തൊഴിലന്വേഷകർ തങ്ങൾക്കും കുടുംബത്തിനും ഒരു നേരത്തെ ഭക്ഷണം കഴിക്കാൻവേണ്ടി എന്ത് ജോലിയും സ്വീകരിക്കാൻ നിർബന്ധിതരാകുമെന്ന് മുതലാളിവർഗ്ഗത്തിന് നന്നായി അറിയാം. അതിനാൽ, ക്രൂരമായ, നേരിട്ടുള്ള ചൂഷണത്തിനുള്ള സാധ്യത വളരെ കൂടുതലാണ്. ഓക്സ്ഫോർഡ് ഇൻറർനെറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫെയർ വർക്ക് റിസർച്ച് പ്രോജക്റ്റ്-2022, ഇന്ത്യയിലെ 11 പ്ലാറ്റ്ഫോമുകളെക്കുറിച്ച് പഠനം നടത്തുകയും ഒന്നുപോലും തങ്ങളുടെ ഗിഗ് തൊഴിലാളികൾക്ക് മിനിമം വേതനമോ പ്രാദേശിക ജീവിതത്തിനാവശ്യമായ വേതനമോ നൽകുന്നില്ലെന്ന് കണ്ടെത്തുകയും ചെയ്തു. കൂടുതൽ വരുമാനം എന്ന വാഗ്ദാനം നൽകി, തങ്ങളുടെ നിസ്സഹായരായ ഗിഗ് തൊഴിലാളികളെക്കൊണ്ട് കൂടുതൽ സമയം ജോലി ചെയ്യിപ്പിക്കാൻ കഴിയുമെന്ന് ഭരണവർഗ്ഗത്തിന് അറിയാം. 'നിങ്ങൾ എത്ര കൂടുതൽ ഉപഭോക്താക്കളിലേക്ക് സാധനങ്ങൾ എത്തിക്കുന്നുവോ അത്രയും കൂടുതൽ നിങ്ങൾക്ക് സമ്പാദിക്കാം' - ഈ പ്രലോഭനം ആരോഗ്യപരമായ കഷ്ടപ്പാടുകൾ, പ്രതികൂല കാലാവസ്ഥ, മറ്റ് ബുദ്ധിമുട്ടുകൾ എന്നിവ അവഗണിച്ച് കഠിനാധ്വാനം ചെയ്യാൻ ഗിഗ് തൊഴിലാളികളെ പ്രേരിപ്പിക്കും. കൂടാതെ, തങ്ങളുടെ ദുരുദ്ദേശ്യം മറച്ചുവെക്കാൻ, തൊഴിലുടമകൾ ഗിഗ് തൊഴിലാളികളെ പങ്കാളികൾ, അസോസിയേറ്റുകൾ, ഏജന്റുമാർ, സ്വതന്ത്ര കരാറുകാർ, ടെക് അഗ്രഗേറ്റർമാർ, ഫെസിലിറ്റേറ്റർമാർ, ഡിജിറ്റൽ ഇടനിലക്കാർ എന്നിങ്ങനെ പല പേരുകളിൽ വിളിക്കുന്നു. നിലവിലുള്ള നിയമപരമായ അവകാശങ്ങളും സംരക്ഷണങ്ങളും ഗിഗ് തൊഴിലാളികൾക്ക് നിഷേധിക്കുക എന്നതാണ് ഇതിനു പിന്നിലെ കാരണം. പല കേസുകളിലും, ഗിഗ് തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനം, അവർ ചെയ്യുന്ന ഗിഗുകൾ/ഡെലിവറികൾ/റൈഡുകൾ എന്നിവയുടെ എണ്ണത്തെ അടിസ്ഥാനമാക്കിയുള്ളതുകൊണ്ട്, മിനിമം വേതന നിയമം അവർക്ക് ബാധകമല്ലാതാവുന്നു.

തൊഴിൽപരമായ സ്വാതന്ത്ര്യം ഒരു മിഥ്യ

ദുഷ്ടന് കുതന്ത്രങ്ങൾക്ക് പഞ്ഞമുണ്ടാകില്ലല്ലോ. ഗിഗ് എക്കോണമി തൊഴിലാളികൾക്ക് ധാരാളം അവസരങ്ങൾ നൽകുന്നുവെന്നും, അവർക്ക് ജോലി ചെയ്യുന്നതിലും തൊഴിലുടമയെ തിരഞ്ഞെടുക്കുന്നതിലും സ്വാതന്ത്ര്യമുണ്ടെന്നും ഭരണമുതലാളിവർഗ്ഗം ഒരു ധാരണ പരത്തിയിട്ടുണ്ട്. അവർക്ക് എല്ലാ ദിവസവും ഒരു ഓഫീസിലോ ജോലിസ്ഥലത്തോ ഒരു നിശ്ചിത സമയത്ത് പോകേണ്ടതില്ല, പകരം അവർക്ക് സൗകര്യമുള്ളപ്പോൾ ജോലി ചെയ്യാം. കൂടാതെ, ഒരേസമയം ഒന്നിലധികം കമ്പനികൾക്കായി ജോലി ചെയ്യാനും അധിക വരുമാനമുണ്ടാക്കാനും കഴിയും. അല്ലെങ്കിൽ ഒരു പാർട്ട് ടൈം ജോലി എന്ന നിലയിലും അവർക്കിത് തിരഞ്ഞെടുക്കാമെന്നുമൊക്കെ അവർ പറയുന്നു.

പുറമേക്ക് ഈ വാദങ്ങൾ വളരെ യുക്തിസഹമായി തോന്നിയേക്കാം. പക്ഷേ, യാഥാർത്ഥ്യം എന്തെന്നാൽ 88% ഗിഗ് തൊഴിലാളികൾക്കും ഇത് ഒരു അധിക വരുമാന മാർഗ്ഗമല്ല, മറിച്ച് പ്രധാന വരുമാന സ്രോതസ്സാണ്. അവർക്ക് മാന്യമായ മറ്റുജോലികൾ ലഭിക്കാത്തതുകൊണ്ട്, ഇത്തരം ചെറിയ ജോലികൾ ചെയ്യാൻ നിർബന്ധിതരാകുന്നു. ഒരു ക്രെഡിറ്റ് മാർക്കറ്റ് റേറ്റിംഗ് ഏജൻസിയായ ഇന്ത്യ റേറ്റിംഗ്സ് നടത്തിയ പഠനം സൂചിപ്പിക്കുന്നത്, 2015-16നും 2022-23നും ഇടയിൽ നോട്ട് നിരോധനം, ജിഎസ്ടി നടപ്പാക്കൽ, കോവിഡ്-19 മഹാമാരി എന്നിവ കാരണം രാജ്യത്ത് അനൗപചാരിക മേഖലയിലെ 63 ലക്ഷം സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും തൽഫലമായി 1.6 കോടി തൊഴിലവസരങ്ങൾ ഇല്ലാതാകുകയും ചെയ്തു എന്നാണ്. ഇത് രാജ്യത്ത് നിലനിന്നിരുന്ന തൊഴിലില്ലായ്മയുടെ വളർച്ചക്ക് ആക്കം കൂട്ടി. അതുകൊണ്ട്, നമ്മുടെ രാജ്യത്ത് നിലവിലുള്ള തൊഴിലില്ലാത്ത യുവാക്കൾക്കിടയിലെ കടുത്ത മത്സരം കണക്കിലെടുക്കുമ്പോൾ, തൊഴിൽപരമായ സ്വാതന്ത്ര്യം എന്ന വാദത്തിന് നിലനിൽപ്പില്ല.

നിയമപരിരക്ഷയില്ലാത്ത ദുരിതജീവിതം

മേൽപ്പറഞ്ഞതുപോലെ ഗിഗ് എക്കോണമി, മുതലാളിമാർക്കും മൾട്ടിനാഷണൽ കമ്പനികൾക്കും ഗിഗ് തൊഴിലാളികളെ ചൂഷണം ചെയ്യാൻ എളുപ്പവഴികൾ നൽകുന്നു. ഓൺലൈൻ ഗിഗ് പ്ലാറ്റ്ഫോമുകളുടെ വളർച്ചയോടെ ഇടനിലക്കാരെ ഒഴിവാക്കി എന്നുപറയുമ്പോഴും, ഈ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന ടെക് കമ്പനികൾ ഓരോ ഡെലിവറിക്കും അല്ലെങ്കിൽ റൈഡിനും 15 മുതൽ 25% വരെ കമ്മീഷൻ ഈടാക്കി ഇടനിലക്കാരായി പ്രവർത്തിക്കുകയാണ്. ഒടുവിൽ പല ഗിഗ് തൊഴിലാളികൾക്കും ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ ബുദ്ധിമുട്ടേണ്ടിവരുന്നു. അത്തരത്തിലുള്ള ഒരു തൊഴിലാളി വിഷമത്തോടെ പറഞ്ഞു, "ഞങ്ങളിൽ ചിലർ ഒരു ദിവസം 16 മണിക്കൂർ ജോലി ചെയ്യുന്നു, പക്ഷേ ഓരോ ഓർഡറിനും കമ്മീഷൻ കിഴിക്കുമ്പോൾ, 50 രൂപയിൽ 20 രൂപ മാത്രമാണ് ഞങ്ങൾക്ക് ലഭി

(ശേഷം 6-ാം പേജിൽ)

പോലീസിനെ ജനാധിപത്യവത്ക്കരിക്കേണ്ടത് അടിയന്തരാവശ്യകത

(4-ാം പേജിൽ നിന്ന്)

രാജ്യത്തെ ഏറ്റവും സംഘടിതമായക്രിമിനൽക്കൂട്ടമാണ്പോലീസ് സേന എന്ന് ഒരിക്കൽ ജസ്റ്റിസ് മുള്ള അഭിപ്രായപ്പെടുകയുണ്ടായി. നിയമപരിരക്ഷയ്ക്കായി, അതുറപ്പാക്കാൻ ബാധ്യതപ്പെട്ട പോലീസു തന്നെ അതിന്റെ അന്തകരായി മാറിയാൽ അതുസൃഷ്ടിക്കുന്ന സാമൂഹികപ്രത്യാഘാതം ഗുരുതരമായിരിക്കും. സാധാരണക്കാരന് നീതി ഉറപ്പാക്കുകയും ചൂഷണവ്യവസ്ഥയ്ക്ക് അന്ത്യം കുറിക്കുന്ന ഒരു സമൂഹത്തെ ലക്ഷ്യംവച്ചുള്ള ജനാധിപത്യ സമരങ്ങളെ അടിച്ചമർത്തുന്നതിന് തടയിടാനും ഇടതുഭരണത്തിൻകീഴിൽ കഴിയണം. വലതുപക്ഷ ഭരണത്തെപ്പോലും ലജ്ജിപ്പിക്കുംവിധം പോലീസ് താണ്ഡവമാടുമ്പോൾ ജനകീയ മുന്നേറ്റങ്ങളെ അമർച്ച ചെയ്യുമ്പോൾ ഇടതുപക്ഷ രാഷ്ട്രീയാഭിമുഖ്യത്തിനുതന്നെ കനത്ത പ്രഹരമേൽക്കുകയാണ്. എസ്ഐടി, സിബിഐ തുടങ്ങിയ കേന്ദ്രഅന്വേഷണ ഏജൻസികൾ ദുർബലമായ കുറ്റപത്രങ്ങളിലൂടെ കുറ്റവാളികളെ സംരക്ഷിക്കുകയും ഭരണകക്ഷിയുടെ രാഷ്ട്രീയ പ്രതിയോഗികളോട് പ്രതികാരം ചെയ്യുകയും കോടതികളെ നോക്കുകുത്തികളാക്കി നീതി നിഷേധിക്കുകയും ചെയ്യുന്ന കാഴ്ചയാണ് കേന്ദ്ര ബിജെപി ഭരണത്തിൽ രാജ്യം ദർശിക്കുന്നത്. അതിനെതിരെ രാജ്യവ്യാപകമായ പൗരാവകാശ പ്രക്ഷോഭങ്ങൾ ഉയർന്നുവരേണ്ട സന്ദർഭത്തിൽ ഇടതു ഭരണത്തിൽ ജനാധിപത്യാവകാശങ്ങൾ ഹനിക്കുന്നത് വലതുപക്ഷ രാഷ്ട്രീയത്തിനാണ് നേട്ടമാകുക. അക്രമങ്ങളെ പരസ്യമായി പ്രോത്സാഹിപ്പിക്കുന്നതിലൂടെ സംസ്ഥാനംകണ്ട ഏറ്റവും കുപ്രസിദ്ധനായ ആഭ്യന്തരമന്ത്രിയായി മാറുകയാണ് പിണറായി വിജയൻ.

പോലീസിനെ ജനാധിപത്യവൽക്കരിക്കുക എന്ന മുദ്രാവാക്യമുയർത്തി ജനാധിപത്യശക്തികളെ മുഴുവൻ ഒരുമിപ്പിച്ചുകൊണ്ട് അതിവിപുലമായ ഒരു മുന്നേറ്റം അടിയന്തരമായി പിറവിയെടുക്കണം. പൗരന് അനുകൂലമായ ചട്ടങ്ങളും നിയമവാഴ്ചയും അനുശാസിക്കുന്ന വിധത്തിൽ പ്രവർത്തിക്കാൻ സർക്കാരിനെ നിർബന്ധിതമാക്കുന്ന ശക്തിയായി അത് ഉയർന്നുവരണം. സ്വന്തം നിലയിൽ എന്തെങ്കിലും തിരുത്തൽ സർക്കാർ കൊണ്ടുവരുമെന്ന് പ്രതീക്ഷിക്കാനേ ആവില്ല. അതീവഗുരുതരമായ വീഴ്ചകൾ തുറന്ന് അംഗീകരിക്കാനുള്ള ജനാധിപത്യബോധം തൊട്ടുതീണ്ടിയിട്ടില്ലാത്ത സർക്കാരാണിത് എന്നതാണ് അതിനു കാരണം. ജനങ്ങളുടെ മുമ്പിൽ പ്രക്ഷോഭത്തിന്റെ മാർഗ്ഗം മാത്രമേ ഉള്ളൂ. ■

മാലേഗാവ് വിധി: 'കൊല്ലപ്പെട്ടവർ അനവധി, പക്ഷേ കൊലയാളികളില്ല'

2008ലെ മാലേഗാവ് സ്ഫോടനക്കേസിൽ സാധ്വി പ്രജ്ഞാ സിംഗ് താക്കൂർ, ലഫ്.കേണൽ പ്രസാദ് ശ്രീകാന്ത് പുരോഹിത് എന്നിവരടക്കം ഏഴ് പ്രതികളെയും കുറ്റവിമുക്തരാക്കിയത് ഈ കേസിന്റെ നടപടികൾ സൂക്ഷ്മമായി നിരീക്ഷിച്ചവർക്ക് അത്ഭുതമായി തോന്നിയില്ല. അന്വേഷണങ്ങളിലും വിചാരണകളിലും ആദ്യകാലം മുതൽക്കേ നിരവധി തിരിമറികൾ ഉണ്ടായിട്ടുണ്ട് എന്നതാണതിനുകാരണം.

2008 സെപ്റ്റംബറിൽ റമദാനും നവരാത്രിയും ഒത്തുവന്ന മാസത്തിൽ മഹാരാഷ്ട്രയിലെ മാലേഗാവിൽ ഭിക്കു ചൗക്കിൽ ഒരു ബോംബ് സ്ഫോടനം നടന്നത് ഓർക്കുമല്ലോ. വർഗീയ സംഘർഷം ഉണ്ടാക്കാനായാണ് നിസ്കാര സമയത്ത് ഒരു എൽഎംഎൽ ഫ്രീഡം മോട്ടോർസൈക്കിളിൽ സ്ഫോടകവസ്തു (ഐഇഡി) സ്ഥാപിച്ചതെന്ന് തീവ്രവാദ വിരുദ്ധ സ്ക്വാഡ് (എടിഎസ്) വെളിവാക്കി. ആറ് പേർ കൊല്ലപ്പെട്ടു, അതിൽ 10 വയസ്സുള്ള ഫർഹീൻ എന്ന പെൺകുട്ടിയും 19 വയസ്സുള്ള അസർ എന്ന യുവാവും ഉൾപ്പെടുന്നു, 101 പേർക്ക് പരിക്കേറ്റു. പ്രാദേശിക പോലീസുമായി ചേർന്ന് പ്രവർത്തിച്ച മഹാരാഷ്ട്ര എടിഎസ്, സിമി പോലുള്ള നിരോധിത സംഘടനയുമായി ബന്ധമുണ്ടെന്ന് ആരോപിച്ച് മുംബൈയിൽനിന്നും മാലേഗാവിൽനിന്നും ഒൻപത് മുസ്ലീം പുരുഷന്മാരെ എംസിഒസിഎ (മഹാരാഷ്ട്ര കൺട്രോൾ ഓഫ് ഓർഗനൈസ്ഡ് ക്രൈം ആക്ട്) പ്രകാരം അറസ്റ്റുചെയ്തു. ഈ കുറ്റകൃത്യത്തിനു പിന്നിൽ അവരാണെന്നതായിരുന്നു ആരോപണം. ഉടൻതന്നെ അവരെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു.

മാലേഗാവ് സ്ഫോടനത്തെ തുടർന്ന് 2007 ഫെബ്രുവരിയിൽ പാകിസ്താനിലേക്ക് പോകുന്ന സംഝൗത എക്സ്പ്രസ് ട്രെയിനിൽ പാനിപത്തിലും, 2007 മെയ് മാസത്തിൽ ഹൈദരാബാദിലെ മക്ക മസ്ജിദിലും, 2007 ഒക്ടോബറിൽ അജ്മീർ ദർഗയിലും ബോംബ് സ്ഫോടന പരമ്പരകളുണ്ടായി. എല്ലായിടത്തും കനത്ത നാശനഷ്ടങ്ങളുണ്ടായി, മരിച്ചവരിൽ കൂടുതലും ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടവരായിരുന്നു. എല്ലാ കേസുകളിലും ഒരു പൊതുവായ രീതി ശ്രദ്ധയിൽപ്പെട്ടത്, ഇതിനെല്ലാം പിന്നിൽ ഒരു പ്രത്യേക ഗ്രൂപ്പിന്റെയോ സംഘടനയുടെയോ കൈകളാണെന്ന സൂചന ഉണ്ടായിരുന്നു എന്നതാണ്.

മാലേഗാവ് സ്ഫോടനങ്ങൾക്ക് ഒരു വർഷം മുമ്പ് മഹാരാഷ്ട്രയുടെ വിവിധ ഭാഗങ്ങളിൽ ഹിന്ദു തീവ്രവാദ ഗ്രൂപ്പുകളിലുള്ളവരുടെ വീടുകളിൽനിന്ന് സ്ഫോടകവസ്തുക്കൾ കണ്ടെത്തിയെന്നത് ഇവിടെ പ്രസക്തമാവുകയാണ്. നാന്ദെഡിൽ, സ്ഫോടകവസ്തുക്കൾ തയ്യാറാക്കുന്നതിനിടയിൽ രണ്ട് ബജ്റംഗ്ദൾ പ്രവർത്തകർ മരിച്ചിരുന്നു. പർഭണി, പൂർണ്ണ, ജൽന എന്നിവിടങ്ങളിൽ ചില ദുരൂഹ സ്ഫോടനങ്ങളും നടന്നിരുന്നു. അതുവഴി ഹിന്ദുത്വ തീവ്രവാദികൾ ഒരു അക്രമപ്രവർത്തനത്തിന് തയ്യാറെടുക്കുകയാണെന്ന മുറുമുറുപ്പുണ്ടായി. എന്നാൽ 2008ന്റെ അവസാനത്തോടെ മാലേഗാവ് സ്ഫോടനങ്ങളുടെ ചില സൂചനകൾ പിന്തുടർന്ന് മഹാരാഷ്ട്ര എടിഎസ്, ആർഎസ്എസ് നേതാവായ സാധ്വി പ്രജ്ഞാ സിംഗ് താക്കൂറിലേക്കും, സംഘ്പരിവാർ ബാന്ധവമുള്ള അഭിനവ് ഭാരതിലെ അംഗമായ സമീർ കുൽക്കർണി, ഹിന്ദുത്വ ചായ്‌വുള്ള ഒരു സൈനിക ഉദ്യോഗസ്ഥനായ ലഫ്. കേണൽ ശ്രീകാന്ത് പ്രസാദ് പുരോഹിതിയിലേക്കും എത്തിയപ്പോഴാണ് നിർണായക വഴിത്തിരിവുണ്ടായത്. 2009ൽ, എടിഎസ് 4,528 പേജുള്ള ഒരു കുറ്റപത്രം സമർപ്പിച്ചു, അതിൽ യഥാർത്ഥ ഗൂഢാലോചനക്കാരെ മാലേഗാവ് സ്ഫോടനങ്ങളുടെ ആസൂത്രണത്തെയും നിർവ്വഹണത്തെയും കുറിച്ചുമുള്ള വിപുലമായ വിവരങ്ങൾ ഉൾപ്പെടുത്തിയിരുന്നു. ബോംബുകൾക്ക് ആവശ്യമായ ആർഡിഎക്സ് നൽകിയത് പുരോഹിത് ആണെന്ന് സംശയിക്കപ്പെട്ടു. 2011 ജനുവരി 8ന്, 1998ൽ തെക്കുകിഴക്കൻ ഗുജറാത്തിലെ ക്രിസ്ത്യാനികൾക്കെതിരായ ആക്രമണങ്ങളിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട മറ്റൊരു ഹിന്ദുത്വ വാദിയായ അസീമാനന്ദയെ സിബിഐ ഹരിദ്വാറിൽനിന്ന് സംഝൗത എക്സ്പ്രസ് സ്ഫോടനക്കേസിലെ പ്രധാന പ്രതിയായി അറസ്റ്റ് ചെയ്തു. അജ്മീർ ഷെരീഫ്, മക്ക മസ്ജിദ്, മാലേഗാവ്, സംഝൗത എക്സ്പ്രസ് എന്നിവിടങ്ങളിലെ ഭീകരാക്രമണങ്ങൾ ആസൂത്രണം ചെയ്തതായി സമ്മതിച്ചുകൊണ്ട് അസീമാനന്ദ 42 പേജുള്ള ഞെട്ടിപ്പിക്കുന്ന ഒരു കുറ്റസമ്മതമൊഴിയും നൽകി. അദ്ദേഹം ഒരു ആർഎസ്എസ് നേതാവാണെന്നും, സാധ്വി പ്രജ്ഞാ സിംഗ് താക്കൂർ ഉൾപ്പെടെയുള്ള മറ്റ് മുതിർന്ന ആർഎസ്എസ്, ഹിന്ദുത്വ നേതാക്കളോടൊപ്പം മുസ്ലീം ആരാധനാലയങ്ങളിൽ സ്ഫോടന പരമ്പരകൾ നടത്താൻ പദ്ധതികൾ തയ്യാറാക്കിയെന്നും അദ്ദേഹം വെളിപ്പെടുത്തി.

വിചിത്രമെന്നു പറയട്ടെ, 2011ൽ കേസ് എൻഐഎയിലേക്ക് മാറ്റിയപ്പോൾ, ഏജൻസി ഇതിനകം സമർപ്പിച്ച കുറ്റപത്രവുമായി മുന്നോട്ട് പോകുന്നതിനുപകരം കേസ് പുനരന്വേഷിക്കാൻ തീരുമാനിച്ചു. 2008ലെ മുംബൈ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച ഹേമന്ത് കർക്കറെയുടെ നേതൃത്വത്തിലുള്ള മഹാരാഷ്ട്ര എടിഎസ് ആണ് ആദ്യം അന്വേഷണം നടത്തിയത്, സാധ്വി പ്രജ്ഞ, കേണൽ പുരോഹിത്, മേജർ രമേശ് ഉപാധ്യായ, എന്നിവർക്കും മറ്റുചിലർക്കും മാലേഗാവ് സ്ഫോടനങ്ങളിൽ പങ്കുണ്ടെന്ന് അദ്ദേഹം കണ്ടെത്തി. പക്ഷേ അന്വേഷണം കൂടുതൽ മുന്നോട്ട് പോകുന്നതിനുമുമ്പ് അദ്ദേഹം കൊല്ലപ്പെട്ടു. മുംബൈ ആക്രമണത്തിനിടയിൽ തീവ്രവാദികളെ റെയ്ഡ് ചെയ്യുന്ന സമയത്ത് സ്വന്തം ബുള്ളറ്റ്പ്രൂഫ് ജാക്കറ്റിനുപകരം നിലവാരം കുറഞ്ഞ ജാക്കറ്റ് അദ്ദേഹത്തിന് നൽകിയത് ആരാണെന്നുള്ള ചോദ്യങ്ങളും ഉയർന്നിരുന്നു.

(ശേഷം 7-ാം പേജിൽ)

ഗിഗ് എക്കോണമി

(5-ാം പേജിൽ നിന്ന്)

ക്കുന്നത്. അതായത് ഒരു ദിവസം 300 രൂപ മാത്രമാണ് വരുമാനം. ഇത് നിലനിർത്തി കൊണ്ടുപോകാൻ തന്നെ ബുദ്ധിമുട്ടാണ്. ഒരു മാസം 9,000 രൂപ സമ്പാദിച്ചാൽ, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 3,500 രൂപ കിഴിച്ചാൽ 6,500 രൂപ മാത്രമാണ് ബാക്കിയാവുന്നത്. ഇത് ഞങ്ങളുടെ ദിവസേനയുള്ള ഭക്ഷണത്തിനുപോലും തികയില്ല, കുടുംബത്തെ പോറ്റുന്നതിനെക്കുറിച്ച് പറയേണ്ടതുമില്ല." ഈ വാക്കുകൾ തന്നെ മനുഷ്യത്വരഹിതമായ ചൂഷണത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നു.

ഹൈദരാബാദിൽ അടുത്തിടെ നടന്ന ഒരു സംഭവം ഗിഗ് തൊഴിലാളികളുടെ ജോലിയിലെ അപകടസാധ്യതയും സൊമാറ്റോ കമ്പനി മാനേജ്മെന്റിന്റെ മനോഭാവവും വെളിപ്പെടുത്തുന്നതാണ്. ഒരു മഴയത്ത് ഡെലിവറിക്കിടെ ഒരു ഡെലിവറി തൊഴിലാളി തുറന്ന ഓടയിൽ വീണു. അയാളുടെ ബൈക്കും മൊബൈൽ ഫോണും വെള്ളത്തിൽ ഒലിച്ചുപോയി. ഭാഗ്യവശാൽ അയാൾ രക്ഷപ്പെട്ടു. എന്നാൽ തൊഴിലാളിയെ പുനരധിവസിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തം കമ്പനി ഏറ്റെടുക്കാൻ വിസമ്മതിച്ചു. ഇതിനോട് പ്രതികരിച്ചുകൊണ്ട് തെലങ്കാന ഗിഗ് ആൻഡ് പ്ലാറ്റ്ഫോം വർക്കേഴ്സ് യൂണിയൻ സ്ഥാപക പ്രസിഡന്റ് ഷെയ്ഖ് സലാഹുദ്ദീൻ പറഞ്ഞു: "ഇത് കേവലം ഒരു അപകടമല്ല - പ്ലാറ്റ്ഫോമുകൾ തൊഴിലാളികളുടെ സുരക്ഷയെക്കാൾ ലാഭത്തിന് മുൻഗണന നൽകുന്നതിന്റെ അനന്തര ഫലമാണ്."

മറ്റൊരു സംഭവം നോക്കാം. ഒരു അപ്പാർട്ട്മെന്റിൽ ഡെലിവറിക്കിടെ ഒരു വളർത്തുനായ ഒരു സ്വിഗ്ഗി ഡെലിവറി ബോയിയെ ആക്രമിച്ചു. രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെ അയാൾ മൂന്നാം നിലയിൽനിന്ന് ചാടി, ആശുപത്രിയിൽവെച്ച് മരണത്തിന് കീഴടങ്ങി. ഈ കേസിൽ, ഉപഭോക്താവ് കോടതിക്കുപുറത്തുള്ള ഒത്തുതീർപ്പിൽ 5 ലക്ഷം രൂപ നഷ്ടപരിഹാരം നൽകി, എന്നാൽ സ്വിഗ്ഗി ഒരു നഷ്ടപരിഹാരവും നൽകിയില്ല. നമ്മുടെ നിയമനിർമ്മാതാക്കൾ ഗിഗ് എക്കോണമിയുടെ വളർച്ചയെക്കുറിച്ച് സംസാരിക്കുന്നതല്ലാതെ ഈ പാവപ്പെട്ട തൊഴിലാളികളുടെ ദുരിതങ്ങൾ ശ്രദ്ധിക്കുന്നതേയില്ല.

ഗിഗ് തൊഴിലാളികൾ സമരപാതയിൽ

എന്നാൽ, ഗിഗ് തൊഴിലാളികൾ എല്ലാം സഹിച്ച് പണിയെടുക്കാൻ തയ്യാറാകുന്നില്ല എന്നത് ഒരു ആശ്വാസമാണ്. അവർ ക്രമേണ സംഘടിച്ച് വിവിധ സംസ്ഥാനങ്ങളിൽ ശബ്ദമുയർത്തുന്നു. കർണാടക, തെലങ്കാന, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികൾ തങ്ങളുടെ ആവശ്യങ്ങൾ ഉന്നയിച്ച് ധർണകൾ, സമരങ്ങൾ, പ്രതിഷേധ പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു.

കഴിഞ്ഞ ഏപ്രിലിൽ, ബ്ലിങ്കിറ്റിലെ 150 ഓളം ഗിഗ് തൊഴിലാളികൾ ന്യായമായ വേതനം, മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ, കോട്ടൺ യൂണിഫോം എന്നിവ ആവശ്യപ്പെട്ട് വാരണാസിയിൽ സമരം ചെയ്തു. സൊമാറ്റോയുടെ ഉടമസ്ഥതയിലുള്ള ഒരു പലചരക്ക് പ്ലാറ്റ്ഫോമായ ബ്ലിങ്കിറ്റ്, സമരം ചെയ്തതിന്റെ പേരിൽ 150 തൊഴിലാളികളുടെ ഐഡികൾ തടഞ്ഞു. സമരം ചെയ്യുന്ന തൊഴിലാളികൾക്കെതിരെ പോലീസ് നടപടികളെടുക്കുമെന്നും കമ്പനി ഭീഷണിപ്പെടുത്തി. എന്നാൽ തൊഴിലാളികൾ തങ്ങളുടെ ആവശ്യങ്ങളിൽ ഉറച്ചുനിന്നു. ഒടുവിൽ, പൊതു സമ്മർദ്ദത്തിന് വഴങ്ങി, തൊഴിലാളികളുടെ ഐഡികൾ തിരികെ നൽകാൻ കമ്പനി നിർബന്ധിതമായി.

അതുപോലെ, 2025 മെയ് മാസത്തിൽ, തെലങ്കാന ഗിഗ് ആൻഡ് പ്ലാറ്റ്ഫോം വർക്കേഴ്സ് യൂണിയന്റെ ആഭിമുഖ്യത്തിൽ ഹൈദരാബാദിലെ നൂറുകണക്കിന് സെപ്റ്റോ ഡെലിവറി തൊഴിലാളികൾ ന്യായമായ വേതനത്തിനു വേണ്ടിയും കമ്പനിയുടെ ചൂഷണത്തിനെതിരെയും അനിശ്ചിതകാല സമരം നടത്തി. തൊഴിൽ വകുപ്പിന് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ, യൂണിയൻ ആരോപിച്ചത്, "വേഗതക്ക് പ്രതിഫലം ലഭിക്കുന്നു, പക്ഷേ സുരക്ഷ അവഗണിക്കപ്പെടുന്നു" എന്നാണ്. ഉപഭോക്തൃ റേറ്റിംഗുകളെ അടിസ്ഥാനമാക്കി, ഏകപക്ഷീയമായി ചുമത്തുന്ന പിഴകൾ, സുതാര്യമല്ലാത്ത അക്കൗണ്ട് സസ്പെൻഷനുകൾ, ഇഎസ്ഐ-പിഎഫ് പരിരക്ഷയുടെ അഭാവം, നീണ്ട ഷിഫ്റ്റുകളിൽപോലും വിശ്രമിക്കാൻ സ്ഥലമില്ലായ്മ എന്നിവയായിരുന്നു അവരുടെ മറ്റ് പരാതികൾ.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗിഗ് തൊഴിലാളികളുടെ നിരന്തരമായ സമരങ്ങൾ കാരണം, രാജസ്ഥാൻ, കർണാടക തുടങ്ങിയ സംസ്ഥാന സർക്കാരുകൾ അവർക്ക് സാമൂഹിക സുരക്ഷ, തൊഴിൽ പരമായ ആരോഗ്യവും സുരക്ഷയും, തർക്ക പരിഹാര സംവിധാനങ്ങൾ എന്നിവ നൽകുന്ന ചില നിയമങ്ങൾ പാസാക്കിയിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. തെലങ്കാന സംസ്ഥാന സർക്കാർ നിയമസഭയിൽ അവതരിപ്പിക്കാൻ ഒരു ബില്ലും തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഈ നിയമങ്ങളിലെ വ്യവസ്ഥകളെല്ലാം കടലാസിൽ മാത്രമായി ഒതുങ്ങിപ്പോകുന്നു. ദേശീയതലത്തിൽ പോലും, ഇന്ത്യൻ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി-2020, ഗിഗ് തൊഴിലാളികളെ ഒരു പ്രത്യേക വിഭാഗമായി അംഗീകരിക്കുന്നുണ്ടെങ്കിലും, "പ്ലാറ്റ്ഫോം തൊഴിലാളികളെ" "പരമ്പരാഗത തൊഴിലുടമ-തൊഴിലാളി ബന്ധത്തിന് പുറത്തുള്ളവരായി" നിർവചിക്കുന്നു. നിയമപരമായ മാനദണ്ഡങ്ങൾ, സാർവത്രിക പരിരക്ഷ, ഉത്തരവാദിത്ത സംവിധാനങ്ങൾ എന്നിവയുടെ അഭാവം കാരണം ഈ നിയമം വിമർശിക്കപ്പെടുകയുണ്ടായി.

അതുകൊണ്ട്, ഗിഗ് തൊഴിലാളികളുടെ എല്ലാ പ്രശ്നങ്ങളും ആശങ്കകളും പരിഹരിക്കുന്നതിന് ശക്തവും സമഗ്രവുമായ ഒരു നിയമം എത്രയും വേഗം കൊണ്ടുവരേണ്ടത് അനിവാര്യമാണ്. ഒപ്പം, സ്വന്തം പ്രാരാബ്ധങ്ങളും പുറത്തെ കാലാവസ്ഥയും -കൊടുംതണുപ്പോ, പൊള്ളുന്ന ചൂടോ, പേമാരിയോ ആകട്ടെ- വകവെയ്ക്കാതെ നമുക്ക് വിവിധ സേവനങ്ങൾ നൽകാൻ നമ്മുടെ വാതിൽക്കൽ മുട്ടുന്ന ഗിഗ് തൊഴിലാളികൾക്കൊപ്പം നിൽക്കാൻ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക് ബാധ്യതയുണ്ട്. ഒടുവിലായി, ഗിഗ് തൊഴിലാളികൾ തങ്ങളുടെ ന്യായമായ പോരാട്ടം മുന്നോട്ട് കൊണ്ടുപോകുന്നതിന് ശരിയായ വിപ്ലവനേതൃത്വത്തിൻ കീഴിൽ അവരുടെ സമര ഐക്യം ഊട്ടിയുറപ്പിക്കേണ്ടതുണ്ട് എന്ന കാര്യംകൂടി ഞങ്ങൾ ഓർമ്മിപ്പിക്കുന്നു. ■

മാലേഗാവ്: ബിജെപി അധികാരമേറ്റശേഷം പ്രതികളെ രക്ഷിക്കാൻ നടന്നത് ആസൂത്രിത നീക്കങ്ങൾ

(6–ാം പേജിൽ നിന്ന്)

ബിജെപി അധികാരത്തിൽ വന്നതിനു ശേഷം അന്വേഷണത്തിന്റെ ദിശ മാറി

ഹിന്ദുത്വ പ്രവർത്തകർ സ്ഫോടനക്കേസുകളിൽ തുടർച്ചയായി പ്രതികളാണെന്ന് ആരോപിക്കപ്പെട്ടതിൽ ബിജെപി വലിയ ബഹളം വെച്ചിരുന്നു. 2014ൽ അവർ അധികാരത്തിൽ വന്ന ശേഷം, അന്വേഷണത്തിന്റെ ദിശയിൽ മാറ്റം വരുത്തി. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ രോഹിണി സാലിയാൻ മാധ്യമപ്രവർത്തകർക്ക് മുന്നിൽ ഈ ആരോപണങ്ങൾ പരസ്യമായി ഉന്നയിച്ചു. മഹാരാഷ്ട്ര എടിഎസ് നടത്തിയ ശക്തമായ ഒരു അന്വേഷണം ക്രമേണ തകർന്നുപോയത് ദുർബലമായ തെളിവുകൾ കൊണ്ടല്ല, മറിച്ച് ബ്യൂറോക്രസിയുടെയും രാഷ്ട്രീയത്തിന്റെയും സത്യസന്ധതയുടെ തകർച്ച മൂലമാണെന്ന് അവർ ആരോപിച്ചു. പ്രതികൾക്ക് ജാമ്യം ലഭിക്കുന്നത് ഒഴിവാക്കാൻ നിയമപരമായ സമയപരിധിയായ 90 ദിവസത്തിനുള്ളിൽ എടിഎസ് കുറ്റപത്രം സമർപ്പിച്ചിരുന്നുഎന്നുംഅവർഎടുത്തുപറഞ്ഞു. എന്നാൽ ബിജെപി അധികാരത്തിൽ വന്നതുമുതൽ, എൻഐഎയിലെ മുതിർന്ന ഉദ്യോഗസ്ഥർ പ്രതികളോട് "സൗമ്യമായി പെരുമാറാൻ" തന്നിൽ സമ്മർദ്ദം ചെലുത്തിയെന്നും അവർ വെളിപ്പെടുത്തി. എന്നാൽ വിട്ടുവീഴ്ച ചെയ്യാൻ അവർ വിസമ്മതിക്കുകയും കേസിൽനിന്ന് സ്വയം പിന്മാറുകയും ചെയ്തു.

2016ൽ, എൻഐഎ ഒരു അനുബന്ധ കുറ്റപത്രം സമർപ്പിച്ചു. അതിൽ എടിഎസ് അന്വേഷണത്തെ വിമർശിക്കുമ്പോൾ തന്നെ, പ്രതികളിൽ ആറ് പേർക്കെതിരെ കേസുമായി മുന്നോട്ട് പോകാൻ മതിയായ തെളിവുകളുണ്ടെന്നും അവർ പറഞ്ഞു. കേസ് കൈമാറ്റം ചെയ്യുന്നതിലുണ്ടായ കാലതാമസമാണ് കാരണം എന്നുപറഞ്ഞുകൊണ്ട്, സംഭവസ്ഥലത്തുനിന്ന് വേണ്ടത്ര തെളിവുകൾ ശേഖരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് എൻഐഎയുടെ കുറ്റപത്രം വ്യക്തമാക്കി. എൻഐഎയുടെ കുറ്റപത്രത്തിൽ പുതിയ സാക്ഷികളെയൊന്നും ഉൾപ്പെടുത്തിയിരുന്നില്ല, പകരം 2008-09 കാലഘട്ടത്തിൽ മജിസ്ട്രേറ്റിനുമുന്നിൽ മൊഴി നൽകിയ ചില സാക്ഷികളുടെ മൊഴികൾ വീണ്ടും രേഖപ്പെടുത്തുകയായിരുന്നു, അവർ അവരുടെ മുൻ മൊഴികൾ നിഷേധിക്കുകയും ചെയ്തു. പിന്നീട് അനിവാര്യമായത് സംഭവിച്ചു. "മതിയായ തെളിവുകൾ കണ്ടെത്തിയിട്ടില്ല" എന്ന് അവകാശപ്പെട്ട് എൻഐഎ സാധ്വി പ്രജ്ഞയ്ക്ക് ഒരു ക്ലീൻ ചിറ്റ് നൽകി. പ്രജ്ഞയുടെ ഉടമസ്ഥതയിലുള്ള എൽഎംഎൽ മോട്ടോർസൈക്കിൾ ആണ് സ്ഫോടനത്തിന് ഉപയോഗിച്ചതെന്ന് എടിഎസ് പറഞ്ഞിട്ടുണ്ട്. താക്കൂറിനെ കേസിൽനിന്ന് ഒഴിവാക്കാനുള്ള എൻഐഎയുടെ തീരുമാനം, ഒടുവിൽ ബോംബെ ഹൈക്കോടതിയിൽനിന്ന് അവർക്ക് ജാമ്യം ലഭിക്കാൻ കാരണമായി. എന്നാൽ ഇരയുടെ കുടുംബത്തിലെ ഒരാളുടെ എതിർപ്പ് അവരെ കേസിൽനിന്ന് ഒഴിവാക്കുന്നില്ലെന്ന് ഉറപ്പാക്കാൻ സഹായിച്ചു. താക്കൂറിനെ കേസിൽനിന്ന് ഒഴിവാക്കാനുള്ള എൻഐഎയുടെ അപേക്ഷ നിരസിച്ച അന്നത്തെ പ്രത്യേകകോടതി ജഡ്ജി എസ്. ഡി.ടെക്കലെ, പിന്നീട് സ്ഥലം മാറ്റപ്പെട്ടു. എടിഎസ് 90 ദിവസത്തിനുള്ളിൽ കുറ്റപത്രം സമർപ്പിച്ചിട്ടും 10 വർഷത്തെ കാലതാമസത്തിനുശേഷം 2018ലാണ് വിചാരണ ആരംഭിച്ചത്. ആകെ 323 സാക്ഷികളെ വിസ്തരിച്ചു. പ്രത്യേകിച്ചും, 1,087 കോടതി ഹിയറിംഗുകളിൽ പ്രജ്ഞാ താക്കൂർ 34 തവണ മാത്രമേ ഹാജരായുള്ളൂ, അവർ ഹാജരാകാതിരുന്നതിൽ എൻഐഎ ഒരു എതിർപ്പും ഉന്നയിച്ചില്ല.

ജഡ്ജിമാരെ നിരന്തരം മാറ്റിക്കൊണ്ട് നീണ്ടുപോയ നിയമനടപടികൾ

ഈ കേസ് കൈകാര്യം ചെയ്തത് ആകെ അഞ്ച് ജഡ്ജിമാരാണ്. എന്തുകൊണ്ടാണ് ഈ കേസുമായി ബന്ധപ്പെട്ട് ഇത്രയധികം സ്ഥലം മാറ്റങ്ങളുണ്ടായത് എന്ന ചോദ്യത്തിന് പ്രത്യേകിച്ച് ഉത്തരം നൽകേണ്ടതില്ല. തന്റെ വിധിന്യായത്തിൽ, ജഡ്ജിമാരിൽ ഒരാൾ, സ്ഫോടനം ആളുകളെ കൊല്ലുക എന്ന ഉദ്ദേശ്യത്തോടെയാണ് നടത്തിയത് എന്ന് തെളിയിക്കപ്പെട്ടിട്ടുണ്ടെന്ന് പ്രസ്താവിച്ചു. കൊല്ലപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും കുടുംബങ്ങൾക്ക് ഒരു തുക നഷ്ടപരിഹാരവും അദ്ദേഹം അനുവദിച്ചു. അന്വേഷണവും തുടർന്നുള്ള നിയമനടപടികളും, ക്രമക്കേടുകളും നടപടിക്രമപരമായ പിഴവുകളും നിറഞ്ഞതായിരുന്നു. തെളിവുകൾ കൈകാര്യം ചെയ്യുന്നതിലെ പിഴവുകളും ശരിയായ സുരക്ഷാ ക്രമീകരണങ്ങളുടെ അഭാവവും പല റിപ്പോർട്ടുകളും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. രോഹിണി സാലിയാൻ മാധ്യമങ്ങളോട് സംസാരിക്കുമ്പോൾ ആരോപിച്ചത് ഇപ്രകാരമാണ്. "ഇത് സംഭവിക്കുമെന്ന് അറിയാമായിരുന്നു, യഥാർത്ഥ തെളിവുകൾ ഹാജരാക്കുന്നില്ലെങ്കിൽ ഈ വിധി ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചതായിരുന്നു." താൻ ധാരാളം തെളിവുകൾ ഹാജരാക്കിയിരുന്നുഎന്നും സുപ്രീം കോടതി അവയെല്ലാം ശരിവെച്ചിരുന്നുഎന്നും അവർ പറഞ്ഞു. പ്രതികൾ ഗൂഢാലോചന യോഗങ്ങളിൽ പങ്കെടുത്തു എന്നു കാണിക്കുന്ന പതിമൂന്ന് പ്രധാന സാക്ഷികളുടെ മൊഴികൾ എങ്ങനെയാണ് കാണാതായത് എന്നും, അത് കോടതിക്ക് ശക്തമായ തെളിവുകളില്ലാത്ത അവസ്ഥ സൃഷ്ടിച്ചു എന്നും അവർ പറഞ്ഞു. യഥാർത്ഥ മൊഴികളില്ലാത്തതിനാൽ പ്രോസിക്യൂഷൻ നന്നായി പാടുപെട്ടു. കോടതിയുടെ ആധികാരികതയെക്കുറിച്ച് ആശങ്കകൾ ഉയർത്തുന്നതായിരുന്നു ഫോട്ടോകോപ്പികൾ സ്വീകരിക്കാൻ വിസമ്മതിച്ചത്. കാണാതായ രേഖകൾ കണ്ടെത്താനോ പകരം വെക്കാനോ ഉള്ള ശ്രമങ്ങൾ പരാജയപ്പെടുകയും ചെയ്തു. സാക്ഷികൾ അവരുടെ മൊഴികൾ മാറ്റിപ്പറയുകയോ കൂറുമാറുകയോ ചെയ്തതിനാൽ വാദങ്ങൾ ഉറപ്പിക്കാൻ കഴിഞ്ഞില്ല. അവസാനം, ജഡ്ജി പറഞ്ഞതുപോലെ, ന്യായമായ സംശയങ്ങൾ ഉയർത്തുന്നതിനപ്പുറം തങ്ങളുടെ കേസ് തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടു, കൂടാതെ 2006ലെ മുംബൈ ട്രെയിൻ സ്ഫോടനക്കേസിലെ 12 പ്രതികളെയും ബോംബെ ഹൈക്കോടതി അടുത്തിടെ കുറ്റവിമുക്തരാക്കിയ കാര്യവും അദ്ദേഹം സൂചിപ്പിച്ചു. ഇത് കേസിന്റെ വ്യക്തമായ അട്ടിമറിയല്ലേ? ഈ സാഹചര്യത്തിൽ, സംഝൗത എക്സ്പ്രസ്, മക്ക മസ്ജിദ് സ്ഫോടന കേസുകളുടെയും വിധി ഇതേപോലെയായിരുന്നു എന്ന് ഓർമ്മിക്കുന്നത് നന്നായിരിക്കും. അവിടെയും സിബിഐ, എൻഐഎ, എസ്ടിഎഫ് തുടങ്ങിയ അന്വേഷണ ഏജൻസികൾക്ക് തെളിവുകൾ ഹാജരാക്കാൻ കഴിഞ്ഞില്ല, അതിന്റെ ഫലമായി എല്ലാ പ്രതികളെയും കുറ്റവിമുക്തരാക്കി, അവരെല്ലാം ആർഎസ്എസ് - ബിജെപി-സംഘപരിവാർ ബന്ധമുള്ളവരായിരുന്നു. മക്ക മസ്ജിദ് കേസിൽ, തെളിവുകളുടെ അഭാവംമൂലം എല്ലാ പ്രതികളെയും കുറ്റവിമുക്തരാക്കിയതിന് ശേഷം ജഡ്ജി രവീന്ദ്ര റെഡ്ഡി ദേഷ്യത്താലും ദുഃഖത്താലും രാജി വെച്ചു.

ഒരു ഹിന്ദുവിന് തീവ്രവാദിയാകാൻ കഴിയില്ല– അമിത് ഷാ

ഒരു ഹിന്ദുവിന് ഒരിക്കലും തീവ്രവാദിയാകാൻ കഴിയില്ലെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പാർലമെന്റിൽ പ്രസ്താവിച്ചത് ബിജെപി സർക്കാരിന്റെ ഒളിച്ചുകളിയാണ് വ്യക്തമാക്കുന്നത്. മാലേഗാവ് വിധി പ്രഖ്യാപിക്കുന്നതിനിടയിൽ, ഏതെങ്കിലും മതത്തെ തീവ്രവാദവുമായി ബന്ധിപ്പിക്കുന്നത് ഉചിതമല്ലെന്ന് ജഡ്ജി പറഞ്ഞിട്ടുണ്ടെങ്കിലും, ആഭ്യന്തര മന്ത്രി "ഹിന്ദു" എന്ന വാക്കുമാത്രം എടുത്തുപറഞ്ഞുകൊണ്ട്, മറ്റ് മതങ്ങളിലുള്ളവർക്ക് മാത്രമേ തീവ്രവാദികളാകാൻ കഴിയൂ എന്നല്ലേ പരോക്ഷമായി സൂചിപ്പിച്ചത്? ഇതിനിടെ, പഹൽഗാം കൊലപാതകത്തിന് ശേഷമുള്ള നാലുദിവസത്തെഇന്ത്യാ-പാക്യുദ്ധത്തെക്കുറിച്ച് ഇന്ത്യയുടെ കാഴ്ചപ്പാട് ചാനലുകളിൽ വിവരിച്ച കേണൽ സോഫിയ ഖുറേഷിയെ 'തീവ്രവാദികളുടെ സഹോദരി' എന്ന് വിളിച്ച ബിജെപി മന്ത്രി വിജയ് ഷാക്കെതിരെ മധ്യപ്രദേശിലെ ബിജെപി സർക്കാർ ഒരു നടപടിയും എടുത്തിട്ടില്ല. അവർ മുസ്ലീം സമുദായത്തിൽനിന്നുള്ള വ്യക്തിയാണെന്ന് ചൂണ്ടിക്കാട്ടിയാണ് ഇതുപറഞ്ഞത്. മുംബൈ ലോക്കൽ ട്രെയിൻ സ്ഫോടനക്കേസിൽനിരപരാധികളായആളുകളെകേസിൽ കുടുക്കിയെന്ന് പറഞ്ഞുകൊണ്ട് ബോംബെ ഹൈക്കോടതി 12 മുസ്ലീം വ്യക്തികളെ അടുത്തിടെ കുറ്റവിമുക്തരാക്കുകയും, കീഴ്ക്കോടതി അഞ്ച് പേർക്ക് വധശിക്ഷയും ഏഴ് പേർക്ക് ജീവപര്യന്തവും നൽകിയ വിധി റദ്ദാക്കുകയും ചെയ്തപ്പോൾ അമിത്ഷാ ഒരു അഭിപ്രായവും പറഞ്ഞില്ല എന്നത് ഇവിടെ ശ്രദ്ധേയമാണ്. ഈ നിരപരാധികളായ ഇന്ത്യക്കാർ ഇതിനകം 18 വർഷം ജയിലിൽ കഴിഞ്ഞിരുന്നു.

തങ്ങളുടെ താത്വികാചാര്യനായ എം. എസ്.ഗോൾവാൾക്കറിനെഅമിത്ഷാക്കോ മറ്റ് കാവിവത്കരിക്കപ്പെട്ട നേതാക്കൾക്കോ എങ്ങനെ ധിക്കരിക്കാൻ കഴിയും? അദ്ദേഹം തന്റെ 'ബഞ്ച് ഓഫ് തോട്ട്സ്' എന്ന പുസ്തകത്തിൽ പറയുന്നു, "...മഹാരാഷ്ട്രയിലെ മാലേഗാവിൽ (1963) ഒരു കലാപം നടന്നിരുന്നു. ഗണപതിയുടെ വിഗ്രഹം നിമജ്ജനത്തിനായി ഘോഷയാത്രയായി കൊണ്ടുപോകുകയായിരുന്നു. മുസ്ലീങ്ങൾ അതിനെ ആക്രമിച്ചു. ഒരു ഏറ്റുമുട്ടലുണ്ടായി. സർക്കാർ (അന്ന് കോൺഗ്രസ് - എഡിറ്റോറിയൽ യൂണിറ്റി)... ക്രമസമാധാന ലംഘനത്തിന് ഉത്തരവാദികളെന്ന പേരിൽ നിരവധി പ്രമുഖ ഹിന്ദു സജ്ജനങ്ങളെ കസ്റ്റഡിയിലെടുത്തു ഇങ്ങനെയാണ് അദ്ദേഹം അവതരിപ്പിക്കുന്നത്." അതിനുശേഷം മാലേഗാവ് ഹിന്ദുത്വവാദികളുടെ ലക്ഷ്യമായിരുന്നു. അതിനാൽ, ആർഎസ്എസ് - ബിജെപി-സംഘപരിവാറിന്റെ ഒരു പ്രതികാര നടപടിയായി ഇത് മാറിയോ എന്ന് ന്യായമായും സംശയിക്കാം. ബാബറി മസ്ജിദ് പൊളിച്ച ഗുണ്ടകളെ ഒരാൾ എന്ത് വിളിക്കും? സന്യാസിമാർ എന്നോ? അതുപോലെ, ഗ്രഹാം സ്റ്റെയിൻസിനെ കൊന്നവർ തീവ്രവാദികളായിരുന്നില്ലേ? നരേന്ദ്ര ദാഭോൽക്കർ, ഗൗരി ലങ്കേഷ്, ഗോവിന്ദ് പൻസാരെ, എം.എം.കൽബുർഗി എന്നിവരുടെ കൊലപാതകങ്ങളിൽ സനാതൻ സൻസ്ത്യയുമായും അതിന്റെ ഉപഘടകമായ ഹിന്ദു ജൻ ജാഗ്രതി സമിതിയുമായും ബന്ധമുള്ള സമാന ചിന്താഗതിക്കാരായ ഒരു സംഘം ആളുകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് അന്വേഷണത്തിൽ വെളിപ്പെട്ടു. അറസ്റ്റിലായവരിൽ ഒരാളായ ശരദ് കലാസ്കർ, ദാഭോൽക്കറുടെ കൊലപാതകത്തിൽ തന്റെ പങ്കാളിത്തം സമ്മതിച്ചതായി പോലീസ് പറഞ്ഞിരുന്നു. ശരദ് കലാസ്കറും സച്ചിൻ അന്ദുരെയും രണ്ട് പിസ്റ്റളുകൾ ഉപയോഗിച്ച് പൂനെയിൽവെച്ച് നരേന്ദ്ര ദാഭോൽക്കറെ വെടിവെച്ച് കൊന്നുവെന്ന് ആരോപിക്കപ്പെടുന്നു. ഈ കൊലപാതകങ്ങളുടെയെല്ലാം 'സൂത്രധാരൻ' വിരേന്ദ്രസിംഗ് തവാഡെയാണെന്ന് അന്വേഷണത്തിനിടയിൽ തെളിഞ്ഞതായി അദ്ദേഹത്തെ അറസ്റ്റ് ചെയ്ത സിബിഐ സ്ഥിരീകരിച്ചു. കൽബുർഗിയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് ഭരത് കുർണേ, സുജീത് കുമാർ, പ്രവീൺ എന്നിവരെ പോലീസ് തിരയുന്നുണ്ടായിരുന്നു. കർണാടക എസ്ഐടിയുടെ അന്വേഷണത്തിനിടയിൽ, കുമാർ കൽബുർഗിയെ വെടിവെച്ചതായി വെളിപ്പെട്ടു. ഈ മാരകമായ ഭീകരാക്രമണങ്ങൾക്ക് അമിത്ഷാജി എന്ത് വിശദീകരണം നൽകും? അതായത്, സ്ഫോടനമുണ്ടായി, അട്ടിമറിയും കൊലപാതകവും സംഭവിച്ചു-പക്ഷേ അത് ചെയ്തവർ ആരുമില്ല! അതിനാൽ, ഭീകരവാദം ആർഎസ്എസ്- ബിജെപി-സംഘ്പരിവാറിന്റെ കേവലമായ നടപടി മാത്രമല്ല. ഭീകരവാദത്തെ മതപരമായ വിഭജനത്തിനും വർഗീയ രാഷ്ട്രീയത്തിനും വേണ്ടിയുള്ള ഒരു ഉപാധിയാക്കുക എന്നതാണ് അവരുടെ പദ്ധതി.

ഹിന്ദുക്കൾ ഭീകരവാദികളല്ലെന്ന് പറയുന്നതും, ഭീകരവാദത്തെ മുസ്ലീങ്ങളിൽമാത്രം ആരോപിക്കുന്നതും, കടുത്ത വർഗീയ ഹിന്ദുത്വത്തെ ആളിക്കത്തിക്കാൻ ലക്ഷ്യമിട്ടുള്ളതാണ്. അതിനാൽ, അവർ പിന്നിൽ നിന്ന് ചരടുവലിച്ചുകൊണ്ട്, അവർക്കുവഴങ്ങുന്ന പോലീസിന്റെയും ഭരണകൂടത്തിന്റെയും സഹായത്തോടെ തെളിവുകൾ ഇല്ലാതാക്കി. ചില സാക്ഷികളെ പണം നൽകി വാങ്ങുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്തുകൊണ്ട് മാലേഗാവ്, ഹൈദരാബാദ്, സംഝൗത എക്സ്പ്രസ് കേസുകളിൽ നിരപരാധികളായ ആളുകളെ കൊന്നവരെ കുറ്റവിമുക്തരാക്കാൻ അവർക്ക് കഴിഞ്ഞു.

ഭീകരവാദികൾ ഭീകരവാദികൾ തന്നെയാണ്, അവർക്ക് വംശമോ മതമോ ഇല്ല എന്നിവിടെ വ്യക്തമാക്കട്ടെ. ക്രൂരമായ അടിച്ചമർത്തലിനും മർദ്ദനത്തിനും എതിരെ അധ്വാനിക്കുന്ന ജനങ്ങളുടെ യോജിച്ച സമരപ്രസ്ഥാനം രൂപപ്പെടുന്നത് തടസ്സപ്പെടുത്തുന്നതിനായി, ഭ്രാന്തമായ അക്രമങ്ങൾ നടത്താനും, സമൂദായങ്ങൾക്കിടയിൽ വൈരാഗ്യം സൃഷ്ടിക്കാനും, ദുരിതമനുഭവിക്കുന്ന ദശലക്ഷങ്ങളെ ഭയപ്പെടുത്തുന്നതിനും ഭരണകൂട സാമ്രാജ്യത്വ-മുതലാളിത്തശക്തികൾ അവരെ സ്പോൺസർ ചെയ്യുന്നു. ഭീകരവാദം -അത് കടുത്ത വർഗീയ ഹിന്ദു മൗലികവാദ ഗ്രൂപ്പുകളോ പ്രചോദിത മുസ്ലീം മൗലികവാദ ഗ്രൂപ്പുകളോ ആകട്ടെ-അതിനെ ചെറുക്കാനുള്ള ആയുധം, മുകളിൽ പറഞ്ഞതുപോലെ, ഉയർന്ന സാംസ്കാരിക മൂല്യങ്ങളുടെയും ധാർമ്മികതയുടെയും അടിസ്ഥാനത്തിൽ ശരിയായ വിപ്ലവകരമായ നേതൃത്വത്തിനുകീഴിൽ ജനകീയ സമരപ്രസ്ഥാനം വികസിപ്പിച്ചെടുക്കുക എന്നതു മാത്രമാണ്. ■

കുട്ടികളെ സൈനികവൽക്കരിക്കാനുള്ള മഹാരാഷ്ട്ര സർക്കാരിന്റെ പദ്ധതി ആശങ്കാജനകം

വിദ്യാർത്ഥികളിൽ ദേശസ്നേഹം, അച്ചടക്കം, ശാരീരികക്ഷമത എന്നിവ വളർത്തിയെടുക്കുക എന്ന പേരിൽ ആറ് വയസ്സ് പ്രായമുള്ള കുട്ടികൾക്കുപോലും അടിസ്ഥാന സൈനിക പരിശീലനം നൽകാൻ മഹാരാഷ്ട്രയിലെ ബിജെപി സർക്കാർ പദ്ധതിയിടുന്നു. ഒന്നാം ക്ലാസ് മുതൽ ഇത്തരം പരിശീലനം നൽകുന്ന കുട്ടികൾക്ക് വ്യായാമമുറകൾ, അടിസ്ഥാന കായിക പരിശീലനങ്ങൾ, ദേശസേവനത്തിലും പൗരബോധത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പാഠങ്ങൾ എന്നിവ ഉൾപ്പെടുന്ന ചിട്ടയായ പരിശീലനം ലഭിക്കാൻ സഹായകമാകുമെന്നാണ് അവകാശവാദം.

കുട്ടികളിൽ നേതൃത്വപാടവം, മനോവീര്യം, കർത്തവ്യബോധം എന്നിവ വളർത്തിയെടുക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യമെന്ന് മഹാരാഷ്ട്ര സർക്കാർ പറയുന്നു. സാങ്കൽപ്പിക ശത്രുക്കൾക്കെതിരെ സജ്ജമാക്കുന്നതിന് ഹിന്ദു സമൂഹത്തെ 'സൈനികവൽക്കരിക്കുക' എന്നത് ആർഎസ്എസ് വളരെക്കാലമായി വാദിച്ചുവരുന്ന കാര്യമാണ്. ആ പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനത്തിലേക്കാണ് ഒരുകാലത്ത് സ്വതന്ത്ര ചിന്തയ്ക്കുള്ള സ്ഥലമായിരുന്ന ക്ലാസ് മുറി ഇപ്പോൾ കൂട്ടിച്ചേർക്കുന്നത്.

'ഓപ്പറേഷൻ സിന്ദൂറിനുശേഷം' ഈ നിർദ്ദേശം രാജ്യത്തിന്റെ മറ്റുഭാഗങ്ങളിൽ ശ്രദ്ധ പിടിച്ചുപറ്റുമെന്നതിൽ സംശയമില്ല. ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങൾ സമാനമായ വിദ്യാഭ്യാസ പദ്ധതികൾ ഉടൻ നടപ്പിലാക്കിയേക്കാം. പഠനത്തിനായി നീക്കിവച്ചിരിക്കുന്ന വിഭവങ്ങളുടെയും, സമയത്തിന്റെയും ഒരു ഭാഗം ഈ പദ്ധതിക്കായി നീക്കിവയ്ക്കുന്നതുമൂലം, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, അധ്യാപകരുടെ കടുത്ത ക്ഷാമം, ശുചിമുറി പോലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവ്, അപര്യാപ്തമായതോ, തകർന്നതോ ആയ ക്ലാസ് മുറികൾ, അടിക്കടി സിലബസിൽ വരുന്ന മാറ്റങ്ങൾ, ആൾ പ്രമോഷൻ സമ്പ്രദായം, വിദ്യാർത്ഥികളുടെ അറിവിനെ വസ്തുനിഷ്ഠമായി അളക്കുന്ന പരീക്ഷാ സംവിധാനമില്ലായ്മ തുടങ്ങിയവ കാരണം സ്തംഭനാവസ്ഥയിലായ സർക്കാർ വിദ്യാഭ്യാസ സംവിധാനത്തെ ഈ നീക്കം കൂടുതൽ വഷളാക്കും.

കൂടാതെ, വിഭവപരിമിതിയും, മറ്റ് നയപരമായ മാറ്റങ്ങളും മൂലം, കഴിഞ്ഞ ദശകത്തിൽ ആയിരക്കണക്കിന് സർക്കാർ സ്കൂളുകൾ അടച്ചുപൂട്ടി. ഇത് കുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം നിഷേധിച്ചുകൊണ്ട് വിദ്യാഭ്യാസ അവകാശ ലംഘനത്തിലേക്ക് നയിച്ചു. വാർഷിക വിദ്യാഭ്യാസ സ്റ്റാറ്റസ് റിപ്പോർട്ട് (ASER) പ്രകാരം, മഹാരാഷ്ട്രയുടെ ചിത്രം വളരെ ദയനീയമാണ്. സ്കൂൾ വിദ്യാഭ്യാസത്തെ ബാധിക്കുന്ന അടിസ്ഥാന പ്രശ്നങ്ങൾ മറയ്ക്കാനുള്ള ശ്രമമാണിത്. 2,50,000 വിമുക്തഭടന്മാരുടെ പിന്തുണയോടെ, ഒന്നാം ക്ലാസ് വിദ്യാർത്ഥികൾക്കായി സൈനിക ശൈലിയിലുള്ള അഭ്യാസങ്ങൾ നടത്താനുള്ള തീരുമാനം രാജ്യമൊട്ടാകെ ഏറെ സംശയത്തോടെയാണ് ചർച്ചചെയ്യുന്നത്. കേവലം സ്കൂൾ ടൈംടേബിളിൽ വരുത്തിയ ഒരു നിർദ്ദോഷമായ മാറ്റമല്ല ഇത്. വിദ്യാഭ്യാസത്തിന്റെ ഘടനാപരമായ പുനർനിർമ്മാണമാണിത്. അന്വേഷണത്തിന് പകരം അനുസരണ, സ്വമേധയാ ഉള്ള അച്ചടക്കത്തിനു പകരം യാന്ത്രികമായ സമർപ്പണം, സഹാനുഭൂതിക്കുപകരം മറ്റൊരാളോടുള്ള വിദ്വേഷം എന്നിവയെ ദേശീയതയുടെ പേരിൽ പുനഃസ്ഥാപിക്കുകയാണ്. പ്രത്യേകിച്ചും, ബാല്യകാലത്തിൽഗ്രഹിക്കുന്നആശയങ്ങൾജീവിതം മുഴുവൻ സ്വാധീനം ചെലുത്തുന്നവയായതിനാൽ അത്തരം ആശയങ്ങൾ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യത്തെ തന്നെ പരാജയപ്പെടുത്തും. ആദ്യകാല വൈദ്യുത ബൾബ്, ഫോണോഗ്രാഫ്, മോഷൻ പിക്ചർ ക്യാമറ എന്നിവ കണ്ടുപിടിച്ച പ്രശസ്തനായ തോമസ് ആൽവ എഡിസൺ ഒരിക്കൽ ഇങ്ങനെ പറഞ്ഞു: "നാഗരികതയുടെ ഏറ്റവും ആവശ്യമായ ദൗത്യം ആളുകളെ എങ്ങനെ ചിന്തിക്കണമെന്ന് പഠിപ്പിക്കുക എന്നതാണ്. അത് നമ്മുടെ പൊതുവിദ്യാലയങ്ങളുടെ പ്രാഥമിക ലക്ഷ്യമായിരിക്കണം... നമ്മുടെ വിദ്യാഭ്യാസ രീതി സർഗ്ഗാത്മകമായ ഒരു മനസ്സിനെ സൃഷ്ടിക്കുന്നില്ല. അത് തലച്ചോറിനെ ഒരു അച്ചിനുള്ളിൽ ഒതുക്കിവെയ്ക്കുന്നു; കുട്ടി അംഗീകരിക്കണമെന്ന് നിർബന്ധിക്കുന്നു. ഇത് യഥാർത്ഥ ചിന്തയെയോ യുക്തിയെയോ പ്രോത്സാഹിപ്പിക്കുന്നില്ല, കൂടാതെ നിരീക്ഷണത്തേക്കാൾ ഓർമ്മക്ക് കൂടുതൽ പ്രാധാന്യം കൽപ്പിക്കുന്നു."

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം 'പരേഡുകളിൽ മാർച്ചുചെയ്ത് സല്യൂട്ട് ചെയ്യുന്ന സൈനികരെയോ അനുസരണയുള്ള പ്രജകളെയോ സൃഷ്ടിക്കുക' എന്നതല്ല. മറിച്ച് അറിവുള്ളവരും അന്വേഷണമനോഭാവമുള്ളവരും വിയോജിപ്പുകൾ പ്രകടിപ്പിക്കാൻ ശേഷിയുള്ളവരുമായ പൗരന്മാരെ സൃഷ്ടിക്കുക എന്നതാണ്. അതിനാൽ ഈ പദ്ധതി വിദ്യാഭ്യാസമല്ല. മറിച്ച് മുഖംമൂടിയണിഞ്ഞ സൈദ്ധാന്തിക പ്രബോധനമാണ്. ചെറുപ്രായത്തിൽതന്നെ കുട്ടികളുടെ മേൽ സൈനികവൽക്കരിക്കപ്പെട്ട അച്ചടക്കം അടിച്ചേൽപ്പിക്കുക എന്ന ആശയത്തിന്റെ ലക്ഷ്യംതന്നെ ഇതിന് നേർവിപരീതമാണ്. ഇത് സർഗ്ഗാത്മകതയെ തകർക്കുക മാത്രമല്ല, മറിച്ച്, രവീന്ദ്രനാഥ ടാഗോർ നൽകിയ മുന്നറിയിപ്പുപോലെ 'മനസ്സിനെ സങ്കുചിതമാക്കുവാനും, സ്വാതന്ത്ര്യത്തെ കവർന്നെടുക്കുന്നതിനും മുഴുവൻ ജനങ്ങളും സ്വമേധയാ സർക്കാരിന് കീഴടങ്ങുന്ന അവസ്ഥയിലേക്ക്" ഇത് കൊണ്ടെത്തിക്കും. ആറ് വയസ്സുള്ളപ്പോൾ, കഥകൾ, പാട്ടുകൾ, കളികൾ എന്നിവയിലൂടെയാണ് കുട്ടികൾ ഏറ്റവും നന്നായി പഠിക്കുന്നത്. എന്നാൽ മഹാരാഷ്ട്രയുടെ നിർദ്ദേശം ക്ലാസ് മുറിയെ കുട്ടികളെ മാർച്ച് ചെയ്യാനും, സല്യൂട്ട് ചെയ്യാനും, കമാൻഡുകൾ പിന്തുടരാനും പരിശീലിപ്പിക്കുന്ന ഒരു പരേഡ് ഗ്രൗണ്ടാക്കി മാറ്റുന്നു. ഇതിൽ ഉൾച്ചേർത്തിരിക്കുന്നത് വെറും ശാരീരിക വ്യായാമമല്ല - പ്രത്യയശാസ്ത്ര പരിശീലനമാണ്.

കുട്ടികളുടെ മനസ്സിൽ, അറിയാത്ത ശത്രുവിനെപ്പറ്റി, അനാവശ്യമായ ഭയം സൃഷ്ടിക്കുകയും, അവരെ കൂടുതൽ ക്ലേശത്തിലാക്കുകയും, അനവധി മാനസിക പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ഈ ഘട്ടത്തിൽ സൈനിക മാനദണ്ഡങ്ങൾ ഉയർത്തിക്കാട്ടുന്നതിലൂടെ, സർഗ്ഗശക്തിയല്ല, അനുസരണയാണ് വേണ്ടത് എന്ന് നിർദ്ദേശിക്കുകയാണ്. പൗരത്വം ആരംഭിക്കുന്നത് പൊരുത്തപ്പെടലിലാണ്, അനുകമ്പയിലല്ല എന്ന് പഠിപ്പിക്കുകയാണ്. വായിക്കാൻ തുടങ്ങുന്നതിനുമുമ്പ് കുട്ടികളെ അഭിവാദ്യം ചെയ്യാൻ പഠിപ്പിക്കുമ്പോൾ, മുതലാളിത്ത-സാമ്രാജ്യത്വ ഭരണകൂടം ദേശസ്നേഹികളെ വളർത്തിയെടുക്കുന്നില്ല - അത് ഭാവിയിലെ കാലാൾപ്പടയാളികളെ അതിന്റെ കൽപ്പനകൾ അനുസരിക്കുന്നവരായി ചിട്ടപ്പെടുത്തുകയാണ്. യുക്തിസഹമായ മനസിനെ സൃഷ്ടിക്കുന്ന മതേതര, ശാസ്ത്രീയ, ജനാധിപത്യ വിദ്യാഭ്യാസത്തിന് വിരുദ്ധമായി, തീവ്രദേശീയതയിലൂന്നിയ ചിന്താപ്രക്രിയകുട്ടികളിൽരൂപപ്പെടുത്തുന്നതിന്റെ പിന്നിൽ ആഴത്തിലുള്ള ഒരു പ്രത്യയശാസ്ത്ര വ്യതിയാനം കാണുന്നു. ഇന്ത്യയിലെ വിദ്യാഭ്യാസം, ബാല്യം, പൗരത്വം എന്നിവ പുനർനിർവചിക്കാൻ കഴിയുന്ന ഒരു വ്യതിയാനം. വിദ്യാഭ്യാസ നയത്തിലെ ഒരു തെറ്റായ നീക്കമായിമാത്രം കാണാവുന്ന ഒന്നല്ല ഇത്.

സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഇത്രയും ആഴത്തിലുള്ള ഒരു മാറ്റം ആരംഭിക്കുതിനുമുമ്പ്, സമൂഹത്തിൽ അതിനെക്കുറിച്ച് വ്യാപകമായ ഒരു ചർച്ചയ്ക്ക് വഴിയൊരുക്കിയില്ല. അത്തരമൊരു നീക്കത്തിന്റെ ഗുണദോഷങ്ങൾ പരിശോധിക്കുകയും, ഈ പദ്ധതിയുടെ ആവശ്യകതയെയും പ്രായോഗികതയെയും കുറിച്ച് വിദ്യാഭ്യാസ വിദഗ്ധരിൽ നിന്ന് ഉപദേശവും അഭിപ്രായവും തേടുകയും, തുടർന്ന് പരിഗണനാപരമായ തീരുമാനമെടുക്കുകയും ചെയ്യുന്നതിനുപകരം ഏകപക്ഷീയമായ തീരുമാനവുമായി മഹാരാഷ്ട്ര സർക്കാർ മുന്നോട്ടു പോകുന്നു.

ഈ സ്വഭാവത്തിൽ വിശാലമായ തലത്തിൽ എന്തെങ്കിലും ചർച്ചയും സംഭാഷണവും പൊതുമണ്ഡലത്തിൽ നടത്തിയതായി യാതൊരു വാർത്തയുമുണ്ടായില്ല. 'വിദ്യാർത്ഥികളുടെ സമഗ്ര വികസനം' പ്രോത്സാഹിപ്പിക്കുതിനായി, കേന്ദ്രീയ വിദ്യാലയങ്ങൾ, ജവഹർ നവോദയ വിദ്യാലയങ്ങൾ എന്നിവയുൾപ്പെടെ മറ്റ് സ്കൂളുകളിലേക്ക് സൈനിക് സ്കൂൾ മാതൃകയുടെ വശങ്ങൾ ഉൾപ്പെടുത്തുതിന്, പ്രധാനമന്ത്രി യുടെ ഓഫീസ് (പിഎംഒ) കുറച്ച് വർഷങ്ങൾക്ക് മുമ്പ് നിർദ്ദേശിച്ച നയത്തിന്റെ ഭാഗമാണ് ഈ പദ്ധതി.

സൈനിക് സ്കൂളുകളിൽ സാധാരണയായി കാണുന്ന കഠിനമായ ശാരീരിക പരിശീലനം, അച്ചടക്കം, ദേശഭക്തിമൂല്യങ്ങൾ എന്നിവ ഈ മറ്റ് സ്കൂളുകളിലേക്ക് വ്യാപിപ്പിക്കാൻ നിർദ്ദേശിക്കപ്പെട്ടു. വാസ്തവത്തിൽ, 'സൈനിക് സ്കൂളുകളുടെ 67 ശതമാനം ആർഎസ്എസ്-ബിജെപി-സംഘ്പരിവാർ എന്നിവയ്ക്കും അവരുടെ അനുബന്ധ സ്ഥാപനങ്ങൾക്കും കൈമാറാനുള്ള കേന്ദ്ര സർക്കാരിന്റെ പദ്ധതി നടപ്പിലാക്കുന്നതിലേക്കുള്ള ഒരു ചുവടുവയ്പ്പാണിത്. ഒരിക്കൽ ജെഎൻയുവിന്റെ മുൻ വൈസ് ചാൻസലർ 'കാർഗിൽ ദിവസം' അനുസ്മരിച്ചുകൊണ്ട് സർവകലാശാല കാമ്പസിൽ ഒരു രാഷ്ട്രീയ പരിപാടി സംഘടിപ്പിച്ചതും വിദ്യാർത്ഥികളിൽ 'സൈന്യത്തോടുള്ള സ്നേഹം' വളർത്തുന്നതിനായി സർവകലാശാല കാമ്പസിനായി ഒരു ഡീകമ്മീഷൻ ചെയ്ത ആർമി ടാങ്ക് വാങ്ങാൻ സമ്മേളനസ്ഥലത്ത് ഉണ്ടായിരുന്ന രണ്ട് കേന്ദ്ര മന്ത്രിമാരോട് അഭ്യർത്ഥിച്ചതും ഓർമ്മിക്കേണ്ടതാണ്. ജെഎൻയുവിൽ ഒരു ടാങ്ക് സ്ഥാപിക്കാനുള്ള ഈ വിവാദ നിർദ്ദേശത്തിന് വിദ്യാർത്ഥികൾ, വിദ്യാഭ്യാസ പ്രവർത്തകർ, കൂടാതെ ആശങ്കാകുലരായ പൗരന്മാർ എന്നിവരിൽ നിന്നും വ്യാപകമായ വിമർശനം ഏറ്റുവാങ്ങേണ്ടിവന്നു.

അങ്ങനെ, സ്കൂൾ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിൽ ഒരു വലിയ മാറ്റത്തിന് നാം സാക്ഷ്യം വഹിക്കുന്നു. ഒരുകാലത്ത് വിമോചനം, ജിജ്ഞാസ, വിമർശനാത്മക ചിന്ത എന്നിവയ്ക്കായി വിദ്യാഭ്യാസം നിലകൊണ്ടിരുന്നിടത്ത്, ഇപ്പോൾ അത് രാഷ്ട്രനിർമ്മാണത്തിലേക്ക് നിർബന്ധിതമായി ചേർക്കപ്പെടുന്നു. ഈ കാവിവൽക്കരിക്കപ്പെട്ട ഫാസിസ്റ്റ് സ്വേച്ഛാധിപത്യ ഭരണകൂടത്തിൽ, അറിവ് എന്ന് വിളിക്കപ്പെടുന്ന മാനസിക അടിമത്തം ചോദ്യങ്ങൾ ചോദിക്കുതിനെക്കുറിച്ചല്ല, മറിച്ച് ഭരണകൂടം അംഗീകരിച്ച ഉത്തരങ്ങൾ മനഃപാഠമാക്കുന്നതിനെക്കുറിച്ചാണ്. അനീതിയെ വെല്ലുവിളിക്കുന്ന ഒരു വിദ്യാർത്ഥിയും, വിയോജിക്കുന്ന ഒരു അധ്യാപകനും ഒരു ഭീഷണിയായി മാറുന്നു; അങ്ങനെ, ഒരു ആഖ്യാനം മാത്രം നിലനിൽക്കുകയും അതിനോട് യോജിക്കാത്ത മറ്റെല്ലാം രാജ്യദ്രോഹമാവുകയും ചെയ്യുന്ന ഭാവിയിലേക്കുള്ള ഒരു കവാടമായി യുവമനസ്സുകളുടെ സൈനികവൽക്കരണം മാറുന്നു.

ഈ നീക്കം തടയപ്പെട്ടില്ലെങ്കിൽ, അതിന്റെ പ്രത്യാഘാതങ്ങൾ മഹാരാഷ്ട്രയ്ക്കും എന്തിന് ഇന്ത്യയ്ക്കും പുറത്തേക്കുപോലും വ്യാപിക്കും. കാവി സൈന്യം നിർദ്ദേശിക്കുന്ന ശാസ്ത്രവിരുദ്ധവും ചരിത്രവിരുദ്ധവുമായ കാര്യങ്ങളെ അടിസ്ഥാനമാക്കി സിലബസ് പുനർനിർമ്മിച്ചുകൊണ്ട് പ്രൈമറി സ്കൂൾ ഘട്ടം മുതൽ തന്നെ വിദ്യാർത്ഥികളുടെ ചിന്താ പ്രക്രിയയെ നിയന്ത്രിക്കാനുള്ള ശ്രമം 2020ലെ വിനാശകരമായ ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കുന്നതിലൂടെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, സ്കൂൾ വിദ്യാഭ്യാസത്തിന്റെ തുടക്കം മുതൽ തന്നെ നിർബന്ധിത സൈനിക പരിശീലനം ചേർത്താൽ, ഈ ചിട്ടപ്പെടുത്തൽപ്രക്രിയ കൂടുതൽ ആഴത്തിൽ വേരോടും, ഒരു യാന്ത്രിക ചിന്താ പ്രക്രിയ കുട്ടികളെ പിടികൂടുകയും ഹിന്ദുത്വ ഭരണാധികാരികൾ അവരുടെ മുതലാളിത്ത യജമാനന്മാരുടെ നിർദ്ദേശപ്രകാരം ആരംഭിച്ച യാന്ത്രികമനുഷ്യരെ സൃഷ്ടിക്കുന്ന പ്രക്രിയ പൂർത്തിയാക്കുകയും ചെയ്യും. ■

ആർഎസ്എസിന്റെയും ബിജെപിയുടെയും കപട രാജ്യസ്നേഹം

ഇക്കഴിഞ്ഞ ആഗസ്റ്റ് 15ന്, ചെങ്കോട്ടയിൽവെച്ച് രാജ്യത്തെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കവെ പ്രധാനമന്ത്രി മോദി പറഞ്ഞു: "വലിയ അഭിമാനത്തോടെ ഒരു പ്രസ്ഥാനത്തെ ഞാൻ ഇവിടെ പരാമർശിക്കട്ടെ... രാഷ്ട്രീയ സ്വയംസേവക് സംഘ്. രാഷ്ട്ര നിർമ്മാണത്തിനായി സ്ഥാപിക്കപ്പെട്ട സംഘടന... ഒരു നൂറ്റാണ്ട് കാലമായി സ്വയംസേവക് മാതൃരാജ്യത്തിനായി അവരുടെ ജീവിതം സമർപ്പിച്ചുവരുന്നു. ലോകത്തിലെ ഏറ്റവും വലിയ എൻജിഒ ആണ് ആർഎസ്എസ്. ഇക്കാലമത്രയും രാജ്യത്തിനായി സമർപ്പിച്ചിരിക്കുന്ന സ്വയംസേവകരെ ഞാൻ അഭിവാദ്യം ചെയ്യുന്നു. അവരുടെ ജീവിതം ഈ രാജ്യത്തെ പ്രചോദിപ്പിക്കുന്നു." മോദി തുടർന്ന് പറഞ്ഞു : "ഇത് ഡോ. ശ്യാമപ്രസാദ് മുഖർജിയുടെ 125-ാം ജന്മവാർഷികമാണ്. ഭാരതത്തിന്റെ ഭരണഘടനയ്ക്കുവേണ്ടി ജീവൻ ബലിയർപ്പിച്ച ആദ്യത്തെ മഹത് വ്യക്തിയായിരുന്നു അദ്ദേഹം." ഏതാനും ദിവസങ്ങൾക്കുമുമ്പാണ് വിഭജനത്തെ ഓർമിപ്പിച്ചുകൊണ്ട് എൻസിഇആർടി ഒരു പ്രത്യേക പഠനം പുറത്തിറക്കിയത്. വിഭജനത്തിന് ഉത്തരവാദികൾ മുഹമ്മദ് അലി ജിന്നയും കോൺഗ്രസ്സും മൗണ്ട്ബാറ്റണും ആണെന്നാണ് അതിൽ പറയുന്നത്. സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് പുറത്തിറക്കിയ മറ്റൊരു പോസ്റ്ററിൽ നേതാജിക്കും ഗാന്ധിക്കും മീതെയായിരുന്നു സവർക്കർ.

ഇവിടെ പ്രധാനമായും നാല് വിഷയങ്ങളാണുള്ളത്. ഒന്ന് രാഷ്ട്രനിർമ്മാണത്തിൽ ആർഎസ്എസിന്റെ പങ്ക്, രണ്ട്, ശ്യാമപ്രസാദ് മുഖർജി ഒരു ദേശീയ നേതാവാണോ? മൂന്ന്, വിഭജനത്തിന്റെ ഉത്തരവാദികൾ ആരൊക്കെ? നാല്, ഹിന്ദു മഹാസഭയുടെ സ്ഥാപക നേതാവായ വി.ഡി.സവർക്കർ ഗാന്ധിജിയേയും നേതാജിയേയും ഭഗത് സിംഗിനെക്കാളുമൊക്കെ വലിയ സ്വാതന്ത്ര്യസമരസേനാനി ആണോ? ചരിത്രരേഖകൾ പരിശോധിക്കുമ്പോൾ മോദിയുടെ അവകാശവാദങ്ങളിൽ യാതൊരു കഴമ്പുമില്ല എന്ന് മാത്രമല്ല, യാഥാർത്ഥ്യം നേരെ തിരിച്ചാണ് എന്നും കാണാം.

സ്വാതന്ത്ര്യസമരം പിന്തിരിപ്പനാണെന്ന് ആർഎസ്എസും ഹിന്ദുമഹാസഭയും നിലപാടെടുത്തു

പ്രധാനമന്ത്രി ഇങ്ങനെയും പറഞ്ഞിരുന്നു: "ഒട്ടനവധി ആളുകൾ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവതം സമർപ്പിച്ചു; അവരുടെ യൗവനവും സ്വാതന്ത്ര്യത്തിനായി സമർപ്പിച്ചു, ജീവിതകാലം മുഴുവൻ ജയിലിൽ കിടന്നു, കഴുമരം പുൽകി, ഇതൊന്നും വ്യക്തിപരമായ നേട്ടങ്ങൾക്കുവേണ്ടി ആയിരുന്നില്ല. ഭാരതമാതാവിന്റെ മാനം കാക്കാൻ, കോടിക്കണക്കിന് മനുഷ്യരുടെ സ്വാതന്ത്ര്യത്തിനുവേണ്ടി, നമ്മുടെ നാടിനെ അടിമത്തത്തിൽനിന്നും മോചിപ്പിക്കാൻ. അവരുടെ ഹൃദയങ്ങളിൽ ഒറ്റ ചിന്തയേ ഉണ്ടായിരുന്നുള്ളൂ-അന്തസ്സ്. എന്തിന്? ഒരു സ്വതന്ത്ര ഭാരതത്തിനുവേണ്ടി." അതായത്, സ്വാതന്ത്ര്യ സമരത്തിന്റെ മഹത്വം പ്രധാനമന്ത്രി അംഗീകരിക്കുന്നു. 75-ാം സ്വാതന്ത്ര്യ ദിനത്തിൽ നാം അമൃതകാലത്തിലേക്ക് പ്രവേശിക്കുകയായിരുന്നു എന്ന് പ്രഖ്യാപിക്കുക വഴി, 1947 ആഗസ്റ്റ് 15ന് ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചു എന്ന കാര്യവും പ്രധാനമന്ത്രി സമ്മതിക്കുന്നു. താൻ ഒരു സ്വയംസേവകൻ ആണെന്ന കാര്യവും പ്രധാനമന്ത്രി മറച്ചുവയ്ക്കുന്നില്ല.

ഇന്ത്യൻ സ്വാതന്ത്ര്യ സമരം അതിന്റെ ഉച്ചസ്ഥായിയിൽ നിൽക്കുന്ന സമയത്താണ് ആർഎസ്എസും ഇന്നത്തെ ബിജെപിയുടെ മുൻഗാമികളായ ഹിന്ദു മഹാസഭയും സ്ഥാപിക്കപ്പെടുന്നത്. എന്നാൽ ഈ രണ്ട് പ്രസ്ഥാനങ്ങളും ഒരുകാലത്തും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ പിന്തുണച്ചിരുന്നില്ല. ഒരു രാഷ്ട്രം എന്നാൽ, ചരിത്രപരമായി രൂപം കൊള്ളുന്ന, ഒരു ഭൂപ്രദേശമുള്ള ഒരു ജനസമൂഹമാണ്. പൊതുവായ നാല് അടിസ്ഥാന ഘടകങ്ങളാണ് ഒരു രാഷ്ട്രത്തിനു വേണ്ടത്. ഒരു പൊതുഭാഷ, പൊതുവായ ഭൂപ്രദേശം, ഒരു സമ്പദ്ഘടന, ഒരു ദേശീയ സംസ്കാരത്തിന്റെ ഭാഗമായ പൊതുവായ മനോഘടന. ദേശീയരാഷ്ട്രമെന്നത് മുതലാളിത്തത്തിന്റെ വികാസത്തിന്റെ ഒരു പ്രത്യേകഘട്ടത്തിൽ ഉയർന്നുവന്ന സങ്കല്പമാണ്. മുതലാളിത്തത്തിനുമുമ്പ് രാഷ്ട്രങ്ങൾ ഉണ്ടായിരുന്നില്ല. ദേശീയത എന്നത് ആധുനിക രാഷ്ട്രങ്ങളുടെ രൂപം കൊള്ളലുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പ്രത്യയശാസ്ത്രമാണ്.

രാഷ്ട്രത്തെക്കുറിച്ചുള്ള ചരിത്രപരമായ ഈ സങ്കല്പത്തെ ആർഎസ്എസിന്റെ താത്വികാചാര്യനായ എം.എസ്. ഗോൾവാൾക്കർ അംഗീകരിക്കുന്നില്ല. ഗോൾവാൾക്കർ പറയുന്നു: "ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിലുള്ള, പൊതുവായ ആവശ്യങ്ങൾക്കുമേൽ രൂപംകൊണ്ട രാഷ്ട്രസങ്കല്പം, യഥാർത്ഥത്തിൽ ഹൈന്ദവ ദേശീയതയിൽനിന്നും നമ്മുടെ ശ്രദ്ധ തിരിക്കാനേ ഉപകരിച്ചുള്ളൂ. നമ്മുടെ സ്വാതന്ത്ര്യ സമരത്തെ കേവലം ബ്രിട്ടീഷ് വിരുദ്ധ സമരമാക്കി അത് മാറ്റിയിരിക്കുന്നു. ബ്രിട്ടീഷ് വിരുദ്ധതയാണ് ദേശസ്നേഹം എന്നും ദേശീയത എന്നും വന്നിരിക്കുന്നു. ഈ പിന്തിരിപ്പൻ കാഴ്ചപ്പാടാണ് നമ്മുടെ സ്വാതന്ത്ര്യസമരത്തിനും അതിന്റെ നേതാക്കൾക്കും ജനങ്ങൾക്കും ഇടയിൽ വലിയ ദുരന്തം ഉണ്ടാക്കിയിരിക്കുന്നത്. ഹിന്ദുരാഷ്ട്രത്തിന്റെയും വംശത്തിന്റെയും മഹത്വം ഉയർത്തിപ്പിടിക്കുന്നവർ മാത്രമാണ് യഥാർത്ഥ ദേശസ്നേഹികൾ. മറ്റെല്ലാവരും വഞ്ചകരും ദേശദ്രോഹികളും ആണ്." *(നമ്മുടെ ദേശീയത നിർവചിക്കപ്പെടുന്നു)*

ആർഎസ്എസ്സിന്റെ സ്ഥാപക നേതാവായിരുന്ന കെ.ബി.ഹെഡ്ഗേവാർ ബ്രിട്ടീഷുകാർ ജയിലിലടച്ച സ്വാതന്ത്ര്യസമര സേനാനികളെ പരിഹസിച്ചുകൊണ്ടു പറഞ്ഞു: "രാജ്യസ്നേഹം എന്നാൽ ജയിലിൽ പോകുന്നതുമാത്രമല്ല; അത്തരം ഉപരിപ്ലവമായ രാജ്യസ്നേഹത്തിൽ വീണു പോകരുത്." *(സി.പി.ഭിശികർ, സംഘപരിവാർ കെ ബീജ്: ഡോ. കേശവറാവു ഹെഡ്ഗേവാർ, പേജ്21)* അന്നത്തെ ആർഎസ്എസ്-ഹിന്ദു മഹാസഭ നേതാക്കളെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷുകാരുടെ തോക്കുകളെയും പീഡനങ്ങളെയും സധൈര്യം നേരിട്ട് രാജ്യത്തിനുവേണ്ടി പൊരുതാനിറങ്ങിയ ഭഗത് സിംഗിനെയും സൂര്യസെന്നിനെയും നേതാജിയെയുംപോലുള്ളവരുടെ രാജ്യസ്നേഹം കേവലം ഉപരിപ്ലവം ആയിരുന്നു.

ചരിത്രപരമായ കാരണങ്ങളാൽ നിരവധി ഭാഷകൾ സംസാരിക്കുന്ന, നിരവധി വിശ്വാസങ്ങൾ പിന്തുടരുന്ന, വ്യത്യസ്തങ്ങളായ സാംസ്കാരിക പശ്ചാത്തലത്തിൽ നിന്നുവരുന്നവരാണ് ഇന്ത്യയിലെ ജനങ്ങൾ. അങ്ങനെ എല്ലാവിധ ജനവിഭാഗങ്ങളും ഉൾപ്പെടുന്നതായിരുന്നു ബ്രിട്ടീഷ് വിരുദ്ധ സ്വാതന്ത്ര്യ സമരം. സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം നൽകിയ ഇന്ത്യൻ മുതലാളിവർഗ്ഗം അക്കൂട്ടത്തിലെ ഏറ്റവും പ്രബലമായ,ബ്രിട്ടീഷ്സാമ്രാജ്യത്വത്തോടുംഇന്ത്യൻ ഫ്യൂഡലിസത്തോടും സമരസപ്പെട്ടുപോകാൻ ഇഷ്ടപ്പെട്ടിരുന്ന അനുരഞ്ജനധാരയെയാണ് പിന്തുണച്ചത്. ആ പ്രസ്ഥാനത്തിൽ ഇന്ത്യയിലെ ഭൂരിപക്ഷം വരുന്ന ഹിന്ദുമത വിശ്വാസത്തിന്റെ ചില വശങ്ങളും അവർ കൂട്ടിച്ചേർക്കുകയുണ്ടായി. അങ്ങനെ നമ്മുടെ സ്വാതന്ത്ര്യ സമരത്തിന് ഒരു ഹിന്ദുമത ചായ്‌വ് ഉണ്ടായിരുന്നു. ഇന്ന് ആർഎസ്എസിന് മുതലെടുക്കാൻ പറ്റിയതും അവർക്ക് ഹിന്ദുരാഷ്ട്രം എന്ന മുദ്രാവാക്യം ഉയർത്താൻ സാധിക്കുന്നതും നമ്മുടെ സ്വാതന്ത്ര്യസമരത്തിന്റെ ഈ ദൗർബല്യം കാരണമാണ്.

ആർഎസ്എസും ഹിന്ദുമഹാസഭയും സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തിട്ടേയില്ല

ആർഎസ്എസും ഹിന്ദുമഹാസഭയും സ്വാതന്ത്ര്യ സമരത്തെ എതിർക്കുക മാത്രമല്ല ചെയ്തത്; ബ്രിട്ടീഷുകാർക്ക് പരസ്യമായ പിന്തുണ പ്രഖ്യാപിക്കുകയുംചെയ്തിരുന്നു എന്നത് ചരിത്ര യാഥാർത്ഥ്യമാണ്. നമ്മുടെ നാട്ടിൽ നടന്ന നിസ്സഹകരണ പ്രസ്ഥാനത്തിലും നിയമലംഘന സമരങ്ങളിലും 1942ലെ ക്വിറ്റിന്ത്യാ പ്രക്ഷോഭത്തിലും ഒന്നും അവർ പങ്കെടുത്തിരുന്നില്ല. അവരുടെ ലക്ഷ്യങ്ങൾക്ക് അനുസൃതമായി ഈ പ്രസ്ഥാനങ്ങളിലും പ്രക്ഷോഭങ്ങളിലും ഒന്നും ഉണ്ടായിരുന്നില്ല. ബ്രിട്ടീഷുകാർ ഇന്ത്യക്കാർക്കുമേൽ അടിച്ചേൽപ്പിച്ചിരുന്ന കിരാതമായ നിയമങ്ങളെ ഇന്ത്യക്കാർ ബഹുമാനിക്കണം എന്ന അഭിപ്രായമായിരുന്നു ഗോൾവാൾക്കർക്ക്. ബ്രിട്ടീഷ് രഹസ്യാന്വേഷണ വിഭാഗത്തിന്റെ അക്കാലത്തെ ഒരു റിപ്പോർട്ടിൽ പറയുന്നു: "സംഘ് വിഭാഗങ്ങൾ വളരെ കണിശമായി നിയമം പിന്തുടരുന്നുണ്ട്; 1942 ആഗസ്റ്റിൽ പൊട്ടിപ്പുറപ്പെട്ട ഉപദ്രവങ്ങളിലൊന്നും അവർക്ക് പങ്കില്ല." *(ആൻഡേഴ്സൺ, വാൾട്ടർ കെ & ഡാംലെ, ശ്രീധർ ഡി "ദി ബ്രദർഹുഡ് ഇൻ സോഫ്രോൺ: ദി രാഷ്ട്രീയ സ്വയംസേവക് സംഘ് ആന്റ് ഹിന്ദു റിവൈവലിസം", 1987,പേജ് 44)* ആർഎസ്എസിന്റെ ഇത്തരം ബ്രിട്ടീഷ് അനുകൂല നിലപാടുകൾ അവരുടെതന്നെ അണികൾക്ക് സ്വീകാര്യമായിരുന്നില്ല എന്നത് ഗോൾവാൾക്കർ മറ്റൊരിക്കൽ സമ്മതിച്ചിട്ടുണ്ട്. *(ശ്രീ ഗുരുജി സമഗ്ര ദർശൻ, എം.എസ്.ഗോൾവാൾക്കറിന്റെ തിരഞ്ഞെടുത്ത കൃതികൾ, വാല്യം 4, പേജ് 40)*

ബ്രിട്ടീഷുകാരുമായുള്ള സഹകരണം

1942ൽ കാൺപൂരിൽവച്ച് നടന്ന ഹിന്ദു മഹാസഭയുടെ 24-ാമത് സമ്മേളനത്തിൽ ബ്രിട്ടീഷ് സഹകരണത്തിനുള്ള ഒരു കാര്യപരിപാടിതന്നെ വി.ഡി.സവർക്കർ അവതരിപ്പിച്ചിരുന്നു. "പ്രായോഗിക രാഷ്ട്രീയ പ്രവർത്തനത്തിന്റെ പ്രധാന തത്വം ഉത്തരവാദിത്തത്തോടെയുള്ള സഹകരണമാണ് എന്ന കാര്യം ഹിന്ദു മഹാസഭ അംഗീകരിക്കുന്നു. മന്ത്രിമാരും ലെജിസ്ലേറ്റീവ് അംഗങ്ങളും കൗൺസിലർമാരും ആ പദവികൾ ഹിന്ദുക്കളുടെ ന്യായമായ താല്പര്യങ്ങൾ, മറ്റുള്ളവരുടേത് ഹനിക്കാതെ സംരക്ഷിക്കാൻ ശ്രമിക്കുന്നത് ഉദാത്തമായ രാജ്യസ്നേഹ പ്രവർത്തനമാണ്. ഉത്തരവാദിത്തത്തോടെയുള്ള സഹകരണം എന്ന തത്വത്തിലധിഷ്ഠിതമായ നമ്മുടെ പ്രവർത്തനങ്ങൾ-അത് നിർലോഭമായ സഹകരണം മുതൽ അവരോടുകൂടെ ആയുധമെടുത്തുള്ള പോരാട്ടംവരെ, നമ്മുടെ രാജ്യതാൽപര്യത്തിനുതകുന്നതരത്തിലുള്ള എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തും." *(സമഗ്ര സവർക്കർ വാങ്മയ: ഹിന്ദുരാഷ്ട്ര ദർശൻ" വാല്യം 6, വി.ഡി.സവർക്കർ, പേജ് 474)*

ഈ 'ഉത്തരവാദിത്തത്തോടെയുള്ള സഹകരണം' വെറും സൈദ്ധാന്തികമായ വാചകക്കസർത്ത് ആയിരുന്നില്ല. 1942ൽ ഈ നയത്തിന്റെ ഭാഗമായി ഹിന്ദുമഹാസഭ ബംഗാളിലും സിന്ധിലും വടക്കു പടിഞ്ഞാറൻ പ്രവിശ്യകളിലും മുസ്ലിംലീഗുമായി ചേർന്ന് പ്രവർത്തിച്ചു. സുഭാഷ് ചന്ദ്ര ബോസ് ഐഎൻഎ രൂപീകരിച്ച് ബ്രിട്ടീഷുകാർക്കെതിരെ പൊരുതിക്കൊണ്ടിരിക്കുമ്പോൾ അതിനെതിരെ ഹിന്ദുക്കളെ സംഘടിപ്പിക്കാൻ സർക്കുലറുകൾ ഇറക്കുകയായിരുന്നു സവർക്കർ. "നേതാജിയുടെ സൈന്യത്തിന്റെ മുന്നേറ്റം തടയാൻ ബ്രിട്ടീഷുകാരെ സഹായിക്കാൻ വേണ്ടിയാണിത്" എന്നു പറയുകയും ചെയ്തു. *(ദി വീക്ക്, 24/01/16)*

ശ്യാമപ്രസാദ് മുഖർജിയുടെ നികൃഷ്ടമായ പങ്ക്

അക്കാലത്ത് ബംഗാളിലെ കൂട്ടുമന്ത്രിസഭയിൽ ഉപ മുഖ്യമന്ത്രിയായിരുന്നു ഡോക്ടർ ശ്യാമപ്രസാദ് മുഖർജി. 1942 ജൂലൈയിൽ ബ്രിട്ടീഷുകാർക്ക് അയച്ച കത്തിൽ ശ്യാമപ്രസാദ് മുഖർജി എഴുതി: "കോൺഗ്രസ് തുടങ്ങിവച്ച പ്രക്ഷോഭത്തിന്റെ ഭാഗമായി ബംഗാളിൽ ഉണ്ടായേക്കാവുന്ന സാഹചര്യത്തെക്കുറിച്ച് ഞാൻ പറയട്ടെ: ഈ യുദ്ധത്തിന്റെ സമയത്ത് ആരെങ്കിലും ജനങ്ങളെ ഇളക്കിവിട്ട് ആഭ്യന്തര കലഹങ്ങളോ സുരക്ഷാ പ്രശ്നങ്ങളോ ഉണ്ടാക്കുകയാണെങ്കിൽ അതിനെ ഗവൺമെന്റ് ചെറുക്കേണ്ടതുണ്ട്." *(ശ്യാമപ്രസാദ് മുഖർജി, ലീവ്സ് ഫ്രം എ ഡയറി, പേജ്179)* ബ്രിട്ടീഷുകാരനായ അന്നത്തെ ബംഗാൾ ഗവർണറോട് ക്വിറ്റിന്ത്യാ സമരത്തെ എങ്ങനെ ഒതുക്കണമെന്ന് ഉപദേശിക്കുന്നത് കാണുക: "ബംഗാളിൽ ഈ പ്രക്ഷോഭത്തെ എങ്ങനെയാണ് നേരിടേണ്ടത്? കോൺഗ്രസ് എത്ര ശ്രമിച്ചാലും ഈ പ്രക്ഷോഭത്തിന് ബംഗാളിൽ വേരുറയ്ക്കാൻ സാധിക്കാത്ത തരത്തിൽ ഇവിടുത്തെ ഭരണസംവിധാനം പ്രവർത്തിക്കേണ്ടതുണ്ട്. കോൺഗ്രസ് ആവശ്യപ്പെടുന്ന സ്വാതന്ത്ര്യം ഇതിനകം തന്നെ ജനപ്രതിനിധികളിലേക്ക് എത്തിക്കഴിഞ്ഞു എന്ന കാര്യം പൊതുജനത്തെ ബോധ്യപ്പെടുത്താൻ മന്ത്രിമാരെന്ന നിലയിൽ ഞങ്ങൾക്ക് സാധിക്കും. ചില സ്ഥലങ്ങളിലൊക്കെ അടിയന്തരാവസ്ഥ കാരണം ആ സ്വാതന്ത്ര്യം പരിമിതമാണ് എന്ന് വന്നേക്കാം. ബ്രിട്ടന് വേണ്ടിയല്ല ഇന്ത്യക്കാർ ബ്രിട്ടീഷ് ഭരണത്തെ പിന്തുണയ്ക്കുന്നത്, ബ്രിട്ടീഷുകാർ ഇവിടെനിന്ന് ഉണ്ടാക്കുന്ന നേട്ടങ്ങൾക്ക് വേണ്ടിയുമല്ല, ഇന്ത്യക്കാർക്ക് വേണ്ടി തന്നെയാണ്. ഈ സംസ്ഥാനത്തിന്റെ സ്വാതന്ത്ര്യം നിലനിർത്താനും സംര

(ശേഷം 10-ാം പേജിൽ)

എല്ലാ സംസ്ഥാനങ്ങളിലും തടങ്കൽ പാളയങ്ങൾ സ്ഥാപിക്കാനുള്ള ഗസറ്റ് വിജ്ഞാപനം ഉടനടി പിൻവലിക്കണം

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് സെപ്തംബർ 2ന് പുറപ്പെടുവിച്ച പ്രസ്താവന.

ബിജെപിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ പുറത്തിറക്കിയ ഏറ്റവും ക്രൂരവും സ്വേച്ഛാധിപത്യപരവുമായ ഗസറ്റ് വിജ്ഞാപനത്തെ ഞങ്ങൾ ശക്തമായി അപലപിക്കുന്നു. അനധികൃത വിദേശികളെ നാടുകടത്തുന്നതുവരെ അവരുടെ സഞ്ചാരം നിയന്ത്രിക്കുന്നതിനായി എല്ലാ സംസ്ഥാന സർക്കാരുകളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും പ്രത്യേക തടങ്കൽ കേന്ദ്രങ്ങളോ തടങ്കൽ പാളയങ്ങളോ സ്ഥാപിക്കാൻ ഈ വിജ്ഞാപനം നിർദ്ദേശിക്കുന്നു. നിലവിലുള്ള നിയമങ്ങളും നീതിന്യായ വ്യവസ്ഥയും അനധികൃത കുടിയേറ്റക്കാരുടെ പ്രശ്നം കൈകാര്യം ചെയ്യാൻ തികച്ചും പര്യാപ്തമാണ്. അതുകൊണ്ടുതന്നെ ഈ പുതിയ നിയമം അനാവശ്യമാണ്. വ്യക്തമായ ഒരു ദുഷ്ടലാക്കോടെയാണ് ഈ നിയമം ഉണ്ടാക്കിയിട്ടുള്ളതെന്ന ഞങ്ങളുടെ ആശങ്ക ഇവിടെ രേഖപ്പെടുത്തട്ടെ.

അധികാരികൾ ഏകപക്ഷീയമായി 'അനധികൃത കുടിയേറ്റക്കാർ' എന്ന് മുദ്രകുത്തിയ, പ്രത്യേകിച്ച് ന്യൂനപക്ഷമായ മുസ്ലീം സമുദായത്തിൽപ്പെട്ടവരെ യുദ്ധത്തടവുകാരെപ്പോലെയോ അതിലും മോശമായോ പാർപ്പിച്ചിട്ടുള്ള തടങ്കൽ പാളയങ്ങളിൽനിന്ന് ഉടൻ മോചിപ്പിക്കണമെന്ന് സുപ്രീംകോടതി അസം സർക്കാരിന് കർശന നിർദ്ദേശം നൽകിയിരുന്നത് ഓർക്കുക.

നാസി ജർമ്മനിയുടെ കോൺസെൻട്രേഷൻ ക്യാമ്പുകളോട് പലപ്പോഴും താരതമ്യം ചെയ്യപ്പെട്ട ഈ തടങ്കൽ പാളയങ്ങളിൽ മനുഷ്യത്വരഹിതമായ കാര്യങ്ങളാണ് അരങ്ങേറുന്നതെന്നതിന് രാജ്യം മുഴുവൻ സാക്ഷ്യം വഹിച്ചതാണ്. കൂടാതെ, "കൃത്യമായ തിരിച്ചറിയൽ രേഖകൾ ഹാജരാക്കാൻ കഴിയാത്തതിന്റെ" പേരിൽ നിരവധി ഇന്ത്യൻ പൗരന്മാരെയും തടവിലാക്കി ഈ ക്യാമ്പുകളിൽ അടച്ചിട്ടുണ്ട്. ഓരോ സംസ്ഥാനത്തും കേന്ദ്രഭരണ പ്രദേശത്തും ഇത്തരം തടങ്കൽ കേന്ദ്രങ്ങൾ സ്ഥാപിച്ചാൽ എന്തായിരിക്കും സംഭവിക്കുകയെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ഇത് ഭരണവർഗം വളർത്തിക്കൊണ്ടുവരുന്ന വർഗീയ-വിഭാഗീയ ശക്തികൾക്ക് ന്യൂനപക്ഷങ്ങളെ ഭീഷണിപ്പെടുത്താനും 'അനധികൃത കുടിയേറ്റക്കാർ' എന്ന് മുദ്രകുത്തി അവരെ വേട്ടയാടാനും പുതിയ അവസരം നൽകും.

തികച്ചും നീതിരഹിതവും ജനാധിപത്യവിരുദ്ധവുമായ ഈ നിർദ്ദേശം കേന്ദ്ര സർക്കാർ ഉടനടി പിൻവലിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. ക്രൂരമായ ഈ ബ്യൂറോക്രാറ്റിക് ഉത്തരവ് പിൻവലിക്കാൻ സർക്കാരിനെ നിർബന്ധിക്കുന്നതിനായി ശക്തമായ ഒരു സമരനിര കെട്ടിപ്പടുക്കാൻ രാജ്യത്തെ മുഴുവൻ ജനങ്ങളോടും ആഹ്വാനം ചെയ്യുന്നു. ■

മതാധിഷ്ഠിത തീവ്രദേശീയത ഒരിക്കലും രാജ്യസ്നേഹമാകില്ല

(9-ാം പേജിൽ നിന്ന്)

ക്ഷിക്കാനും വേണ്ടിയാണ് നാം ബ്രിട്ടീഷ് ഭരണത്തെ പിന്തുണയ്ക്കുന്നത്." *(എ.ജി.നൂറാണി, ദി ആർഎസ്എസ് & ബിജെപി :എ ഡിവിഷൻ ഓഫ് ലേബർ, പേജ് 56-57)* 1947ൽ സ്വാതന്ത്ര്യം ലഭിച്ചപ്പോൾ അതിന്റെ ആഘോഷ പരിപാടികളിൽനിന്നും ഹിന്ദുമഹാസഭ വിട്ടുനിന്നു.

ദ്വിരാഷ്ട്രവാദവും ഇന്ത്യാവിഭജനവും

ചരിത്രപരമായും ഭൂമിശാസ്ത്രപരമായും ആധുനിക രാഷ്ട്രസങ്കല്പം മുതലാളിത്തത്തിൽ ഉദയം ചെയ്തതാണെന്ന് നാം കണ്ടു. എന്നാൽ രാഷ്ട്രത്തെക്കുറിച്ചുള്ള ഈ ആധുനിക സങ്കല്പത്തെ ആർഎസ്എസും ഹിന്ദു മഹാസഭയും നിരാകരിക്കുന്നു. "ദേശരാഷ്ട്രം എന്നത് ചരിത്രപുരാതനമായ ഒരു വസ്തുതയാണ്... ഭാരതത്തിന്റെ ദേശീയ സമൂഹമെന്നത് ഹിന്ദുക്കളാണ്" എന്നാണ് അവരുടെ വാദം. ലോകത്ത് ഒരിടത്തും മതത്തെ മാത്രം അടിസ്ഥാനമാക്കി രാഷ്ട്രങ്ങൾ ഉണ്ടായിട്ടില്ല. അങ്ങനെയെങ്കിൽ യൂറോപ്പ് മൊത്തം ഒരു ക്രിസ്ത്യൻ രാജ്യമാകുമായിരുന്നു. അറേബ്യ ഒരൊറ്റ മുസ്ലിം രാജ്യവും. വടക്കേ അമേരിക്കയിൽ ഒറ്റ രാഷ്ട്രമേ കാണുകയുള്ളൂ. എന്നുമാത്രമല്ല, പുരാതനകാലത്ത് ഭാരതം ഒരു രാഷ്ട്രമായിരുന്നു എന്ന് പറയുന്നതും വലിയ നുണയാണ്.

എവിടെനിന്നാണ് ഈ ഹിന്ദുരാഷ്ട്രം എന്ന സങ്കല്പം വരുന്നത്? 'ഒരു മറാഠി' എന്ന അപരനാമത്തിൽ സവർക്കർ തന്നെ 1923 എഴുതിയ *'എസെൻഷ്യൽസ് ഓഫ് ഹിന്ദുത്വ'* എന്ന പുസ്തകത്തിലാണ് ഹിന്ദുരാഷ്ട്രം എന്ന സങ്കല്പം വരുന്നത്. പിന്നീട് 1937ൽ ഹിന്ദുമഹാസഭയുടെ പത്തൊമ്പതാം സമ്മേളനം അഹമ്മദാബാദിൽ നടന്നപ്പോൾ സവർക്കർ തന്നെ ഇത് വിശദീകരിച്ചു: "ഇന്ത്യക്കകത്ത് രണ്ട് ശത്രുരാജ്യങ്ങൾ ഒരുമിച്ചു കഴിഞ്ഞുപോകുന്നുണ്ട്. ചില ബാലാരിഷ്ടതകൾ മാറാത്ത രാഷ്ട്രീയക്കാരുടെ വിചാരം ഇന്ത്യ പൂർണമായും വിളക്കിച്ചേർക്കപ്പെട്ട ഒരൊറ്റ രാഷ്ട്രമാണെന്നാണ്; അല്ലെങ്കിൽ ഉടനടി അങ്ങനെ മാറ്റിത്തീർക്കാൻ കഴിയുമെന്ന്. ഇന്ത്യ അങ്ങനെയൊരു ഏകതാനമായ രാഷ്ട്രമല്ല: ഇവിടെ രണ്ട് രാഷ്ട്രങ്ങളുണ്ട്. ഒന്ന് ഹിന്ദുക്കളുടേതും മറ്റൊന്ന് മുസ്ലീങ്ങളുടേതും".

അങ്ങനെ 1937ലെ സമ്മേളനത്തിൽ ഒരു പ്രമേയമായിതന്നെ ഹിന്ദു രാഷ്ട്രം എന്ന സങ്കല്പം വന്നു. 1939 ഒക്ടോബർ 9 ബോംബെയിൽ സവർക്കറുമായി കൂടിക്കാഴ്ച നടത്തിയതിനുശേഷം അന്നത്തെ വൈസ്രോയി ആയിരുന്ന ലിൻലിത്ഗോ പ്രഭു ഇന്ത്യ സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന സെറ്റ്‌ലാൻഡ് പ്രഭുവിനു എഴുതി: "സവർക്കർ പറയുന്നത് മഹാരാജാവിന്റെ ഗവൺമെന്റ് ഇനി ഹിന്ദുക്കളുടെ പിന്തുണയാർജ്ജിക്കണം എന്നാണ്... നമ്മുടെ താൽപര്യങ്ങൾ ഒന്നാണ്, രണ്ടുകൂട്ടരും ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ഹിന്ദുത്വയും ബ്രിട്ടനും ഇനിമുതൽ സുഹൃത്തുക്കളായിരിക്കണം. നമ്മുടെ പഴയ ശത്രുതയൊക്കെ മറക്കണം." *(ദി വീക്ക് 24/01/16)* ദ്വിരാഷ്ട്രസങ്കല്പം മുഹമ്മദലി ജിന്നയുടെ മുസ്ലിംലീഗ് സ്വീകരിക്കുന്നത് പിന്നെയും മൂന്നുവർഷം കഴിഞ്ഞാണ് - അവരുടെ ലാഹോർ സമ്മേളനത്തിൽ വെച്ച്. അതിനുശേഷം 1943ൽ നാഗ്പൂരിൽ വച്ച് സവർക്കർ പറഞ്ഞു: "ജിന്നയുടെ ദ്വിരാഷ്ട്രവാദത്തോട് എനിക്ക് യാതൊരു എതിർപ്പുമില്ല. ഞങ്ങൾ ഹിന്ദുക്കൾ ഒരൊറ്റ രാഷ്ട്രമാണ്. ഹിന്ദുക്കളും മുസ്ലീങ്ങളും രണ്ടു വ്യത്യസ്ത രാഷ്ട്രങ്ങളാണ് എന്നത് ചരിത്രപരമായ യാഥാർത്ഥ്യമാണ്." അങ്ങനെ വിഭജനത്തിന് ആധാരമായ ദ്വിരാഷ്ട്ര സങ്കല്പം ഉടലെടുക്കുന്നതും പിന്നീട് അതിനെ ന്യായീകരിക്കുന്നതും സവർക്കറാണ്. കാരണം പഴയ ഈ വാദത്തെ പിന്തുണച്ചുകൊണ്ട് ഗോൾവാൾക്കർ എഴുതി: "ഹിന്ദുക്കൾ സ്വയംതന്നെ ഒരു രാഷ്ട്രമാണ്. ഒരു രാഷ്ട്രം എന്ന് നമ്മൾ പറയുമ്പോൾ, ഭൂരിപക്ഷത്തിന്റെ കാര്യമൊന്നുമല്ല, ഹിന്ദുക്കളുടെ രാഷ്ട്രം എന്നാണ് നമ്മൾ അർത്ഥമാക്കുന്നത്." *(നാം അഥവാ നമ്മുടെ ദേശീയത നിർവചിക്കപ്പെടുന്നു)*

സവർക്കറുടെ രാജ്യസ്നേഹം!

ഇനി ബിജെപി നേതാക്കൾ ഗാന്ധിജിക്കും മീതെ പ്രതിഷ്ഠിച്ചിരിക്കുന്ന സവർക്കരുടെ രാജ്യസ്നേഹത്തിന്റെ കാര്യം പരിശോധിക്കാം. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ ആൻഡമാൻ ജയിലിലായിരുന്നു സവർക്കർ. സ്വാതന്ത്ര്യ സമരത്തെ പിന്തുണച്ചാൽ ജയിലിൽനിന്ന് പുറത്തിറങ്ങാൻ പറ്റില്ലെന്ന് സവർക്കർക്ക് മനസ്സിലായി. മറിച്ച് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് ദാസ്യവൃത്തി ചെയ്തുകൊണ്ടും ഹിന്ദുത്വ സിദ്ധാന്തവുമായി അവരുടെ താൽപര്യങ്ങളോട് ചേർന്നുനിന്നുകൊണ്ട് മാത്രമേ തനിക്ക് രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ എന്ന് മനസ്സിലായപ്പോൾ സവർക്കർ ഒന്നിനുപുറകെ ഒന്നായി ബ്രിട്ടീഷുകാരോട് ദയയാചിച്ചുകൊണ്ട് ഹർജികൾ സമർപ്പിക്കാൻ തുടങ്ങി.

താൻ ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഭരണഘടനാനുസൃതമായ പുരോഗതിയുടെ ആരാധകനാണെന്നും ബ്രിട്ടീഷ് സർക്കാരിനോട് അചഞ്ചലമായ കൂറുള്ളവനാണെന്നും സവർക്കർ പ്രഖ്യാപിച്ചു. "നിയമാനുസൃത മാർഗ്ഗങ്ങളിലേക്കുള്ള മാറ്റം എന്നെ ഗുരുവായി കണ്ട് വഴി തെറ്റിപ്പോയ ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള യുവാക്കളെ നിയമത്തിന്റെ വഴിയിലേക്ക് തിരിച്ചുകൊണ്ടുവരും. ഗവൺമെന്റിനെ ഏത് വിധേനയും സഹായിക്കാൻ ഞാൻ തയ്യാറാണ്. എന്റെ മാറ്റം പൂർണ്ണ ബോധ്യത്തോടെയാണ്. ഭാവിയിൽ എന്റെ പെരുമാറ്റവും അതിനനുസരിച്ചായിരിക്കും." *(പീനൽ സെറ്റിൽമെന്റസ് ഇൻ ആൻഡമാൻ, ആർ.സി. മജൂംദാർ, 1974)*

ജയിലിൽ നിന്ന് പുറത്തുവന്നപ്പോൾ രണ്ടാം ലോകമഹായുദ്ധത്തിൽ ഹിന്ദുമഹാസഭ ബ്രിട്ടീഷ് സർക്കാരിനോട് ചേരണം എന്ന് സവർക്കർ ആഹ്വാനം ചെയ്തു:"നമ്മുടെ നാട്ടിലെത്തിയിരിക്കുന്ന ഈ യുദ്ധം ഒരേ സമയം അപകടകരവും മറ്റൊരർത്ഥത്തിൽ ഒരു സാധ്യതയുമാണ്. രണ്ടായാലും നാം വളരെ കാര്യമായി സൈനികവൽക്കരിക്കേണ്ടിയിരിക്കുന്നു. എല്ലാ ഗ്രാമങ്ങളിലും ടൗണുകളിലും ഹിന്ദു മഹാസഭ ഹിന്ദുക്കളെ ഉണർത്തി അവരെ ആർമിയിലും നേവിയിലും വായുസേനയിലും ചേരാൻ പ്രേരിപ്പിക്കണം. അല്ലെങ്കിൽ യുദ്ധത്തിന് ആവശ്യമായ ഫാക്ടറികളിൽ വിശിഷ്യാ ബംഗാളിലും ആസാമിലും ഫലപ്രദമായി പ്രവർത്തിച്ച ഹിന്ദുക്കളെ ആയുധവൽക്കരിക്കാൻ ഹിന്ദു മഹാസഭ മുന്നോട്ടുവരണം."*(Ibid പേജ് 460).*

തങ്ങൾ വിഭാവനം ചെയ്യുന്ന ഹിന്ദു രാഷ്ട്രം എന്താണ് എന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം വ്യക്തമാക്കിക്കൊണ്ട് ഗോൾവാൾക്കർ പറഞ്ഞു:"ഹിന്ദുസ്ഥാനിലെ വിദേശവംശജർ ഹിന്ദുരാഷ്ട്രത്തെ പ്രകീർത്തിക്കുന്നതല്ലാത്ത മറ്റൊരു ചിന്തയും പ്രോത്സാഹിപ്പിക്കാൻ പാടില്ല. ഹിന്ദുരാഷ്ട്രത്തിനകത്ത് അവർക്ക് മറ്റൊരു സത്യം തന്നെ പാടില്ല. ഹിന്ദു രാഷ്ട്രത്തിന് പൂർണ്ണമായും അധീനപ്പെട്ടു മാത്രമേ അവർ ഇവിടെ കഴിയാൻ പാടുള്ളൂ. ഒന്നും തന്നെ അവകാശപ്പെടാൻ വരരുത്. പൗരാവകാശങ്ങൾ പോലും."*(നാം അഥവാ നമ്മുടെ ദേശീയത നിർവചിക്കപ്പെടുന്നു)* അന്നത്തെ ഹിറ്റ്‌ലറിന്റെ വാക്കുകളിൽ നിന്ന് ഒട്ടും വിഭിന്നമല്ലായിരുന്നു ഗോൾവാൾക്കറുടേത്. "ജർമ്മൻ രാഷ്ട്രത്തിന്റെയും വംശത്തിന്റെയും പരിശുദ്ധി കാത്തുസൂക്ഷിക്കാൻവേണ്ടി ജർമ്മനി ശുദ്ധീകരണ പ്രക്രിയ തുടങ്ങിയപ്പോൾ ലോകം ഞെട്ടി. വംശാഭിമാനം അതിന്റെ ഏറ്റവും ഉയർന്ന അവസ്ഥയിൽ, ഹിന്ദുസ്ഥാന് ഇതിൽനിന്ന് ഒരു പാട് പഠിക്കാനുണ്ട്" എന്ന് ഗോൾവാൾക്കർ അതേ പുസ്തകത്തിൽ തന്നെ പറയുന്നു. കോടിക്കണക്കിന് മനുഷ്യരെ കൊന്നൊടുക്കുന്നതായിരുന്നു ഹിറ്റ്‌ലറുടെ ശുദ്ധീകരണ പ്രക്രിയ എന്നോർക്കണം. സവർക്കറെപ്പോലെ ഗോൾവാൾക്കറും ബ്രിട്ടീഷ് ഗവൺമെന്റിനോട് വിധേയപ്പെട്ടുനിന്നു. ഇതൊക്കെയാണ് വസ്തുത എന്നിരിക്കെ എന്ത് അടിസ്ഥാനത്തിലാണ് സംഘപരിവാർ ഇന്ന് വലിയ ദേശസ്നേഹികളായി നടിച്ചുവരുന്നത്? എന്ത് അവകാശമാണ് അവർക്ക് രാജ്യത്തിന്റെ സ്വാതന്ത്ര്യദിനം ആഘോഷിക്കാനും മറ്റുള്ളവരുടെ കൂറും പറയാനുമുള്ളത്?

പ്രധാനമന്ത്രി മോദിയും എൻസിഇആർടിയും ഈ ചരിത്രം മറച്ചുപിടിക്കാനും ജനങ്ങളെ പറ്റിക്കാനുമാണ് ശ്രമിക്കുന്നത്. ഈ സംഘടനകൾ ഇക്കാലമത്രയും പിന്തുടർന്ന ജനവഞ്ചനയുടെയും കാപട്യത്തിന്റെയും ഭാഗമാണ് ഇന്നത്തെ ഈ പ്രചരണവും. മതത്തിന്റെ പേരിൽ ജനങ്ങളെ തമ്മിലടിപ്പിച്ച് കൊഴുക്കുന്നവരാണ് ഇവർ. സഖാവ് ശിബ്ദാസ് ഘോഷ് ഇതേക്കുറിച്ച് നമുക്ക് മുന്നറിയിപ്പ് നൽകിയിരുന്നു: "സാമ്രാജ്യത്വത്തിനെതിരെയുള്ള രാഷ്ട്രീയ പ്രക്ഷോഭത്തിലൂടെ പല ഭാഷകൾ സംസാരിക്കുകയും പല മതങ്ങളിൽ വിശ്വസിക്കുകയും ചെയ്തുപോന്ന ഇന്ത്യൻ ജനത രാഷ്ട്രീയമായി ഒരു രാജ്യമായി തീർന്നെങ്കിലും അക്കാലത്തെ ദേശീയ വിമോചന പ്രക്ഷോഭത്തിലൂടെ സാമൂഹ്യവും സാംസ്കാരികവുമായി ജനങ്ങളെ ഒന്നിപ്പിക്കുന്നതിലും ഫ്യൂഡൽ സംസ്കാരത്തിന്റെ ശേഷിപ്പുകളായ മതാന്ധതയും മതവിദ്വേഷവും ഇല്ലായ്മ ചെയ്യുന്നതിലും അന്നത്തെ നേതൃത്വം പരാജയപ്പെട്ടു. തൽഫലമായി ഇന്ത്യൻ ജനത സാമൂഹ്യമായും സാംസ്കാരികമായും മതം, ജാതി, വംശം, ഭാഷ എന്നിവയുടെ അടിസ്ഥാനത്തിലും വിഭജിച്ചുതന്നെ നിന്നു. ഈ അവസ്ഥയിൽ ഹിന്ദുമത പുനരുദ്ധാനത്തിന്റെ മുദ്രാവാക്യങ്ങൾ ജനങ്ങൾക്കിടയിൽ സ്വാധീനം ഉണ്ടാക്കുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല."*(വർഗ്ഗീയത പ്രശ്നത്തെപ്പറ്റി, തിരഞ്ഞെടുത്ത കൃതികൾ, വാല്യം 2)*

ഇന്ത്യൻ മുതലാളിവർഗ്ഗത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയാണ് ജനങ്ങളെ തമ്മിലടിപ്പിക്കാനും അവരെ കബളിപ്പിക്കാനും ബിജെപി-ആർഎസ്എസ് ശക്തികൾ ശ്രമിക്കുന്നത്. എന്നാൽ ജനങ്ങളെ എല്ലാക്കാലത്തും വിഡ്ഢികളാക്കാൻ സാധിക്കില്ല എന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ■

കേന്ദ്ര സർക്കാരിന്റെ തൊഴിലാളിദ്രോഹനയങ്ങൾക്കെതിരെ എഐയുറ്റിയുസിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ

തൊഴിലാളി പ്രകടനവും ധർണ്ണയും

കേന്ദ്ര സർക്കാരിന്റെ തൊഴിലാളി ദ്രോഹ നയങ്ങൾക്കെതിരെകേന്ദ്ര ട്രേഡ് യൂണിയൻ എഐയുറ്റിയുസിയുടെ ആഭിമുഖ്യത്തിൽ ഡൽഹി ജന്തർ മന്ദറിൽ അഖിലേന്ത്യാ തൊഴിലാളി പ്രകടനവും ധർണ്ണയും നടന്നു. തൊഴിലാളി ദ്രോഹ ലേബർ കോഡുകൾ പിൻവലിക്കുക, പൊതു-സർക്കാർ മേഖലകളുടെ സ്വകാര്യവൽക്കരണം അവസാനിപ്പിക്കുക,ആശ-അംഗൻവാടി-മിഡ് ഡേ മീൽ തുടങ്ങിയ സ്കീം തൊഴിലാളികളെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക, അസംഘടിത കുടിയേറ്റ തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കുക, എൻപിഎസ് - യുപിഎസ് പിൻവലിച്ച് പഴയ പെൻഷൻ സ്കീം പുന:സ്ഥാപിക്കുക, വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണം അവസാനിപ്പിക്കുക;സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കരുത്, മിനിമം വേതനം 26000 രൂപയാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് പ്രകടനം നടന്നത്.

ജന്തർ മന്ദറിൽ നടന്ന ധർണ്ണയിൽ എഐയുറ്റിയുസി അഖിലേന്ത്യാ പ്രസിഡന്റ് സഖാവ് കെ.രാധാകൃഷ്ണ അദ്ധ്യക്ഷപ്രസംഗം നടത്തുന്നു.

എഐയുറ്റിയുസി അഖിലേന്ത്യാ പ്രസിഡന്റ് കെ.രാധാകൃഷ്ണയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ സീനിയർ വൈസ് പ്രസിഡന്റ് അരുൺ കുമാർ സിംഗ്, ജനറൽ സെക്രട്ടറി ശങ്കർദാസ് ഗുപ്ത, എഐയുടിയുസി കേരള സംസ്ഥാന സെക്രട്ടറി ബി.വി നോദ് തുടങ്ങിയവർ പ്രസംഗിച്ചു. അഖിലേന്ത്യാ വൈസ് പ്രസിഡന്റ് ആർ.കുമാർ, സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ കെ.അബ്ദുൾ അസീസ്, കെ.എസ്. ഹരികുമാർ, എസ്.സീതിലാൽ , വി.പി.കൊച്ചുമോൻ, ബെന്നി ബോണിഫസ്, എസ്.അനിൽ പ്രസാദ്, അനൂപ് ജോൺ, കെ. ഹരി തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള പ്രതിനിധിസംഘം കേരളത്തിൽ നിന്നും പങ്കെടുത്തു. ■

സഖാവ് കെ.പ്രസന്നകുമാറിന് ലാൽസലാം

എസ്യുസിഐ (കമ്മ്യൂണിസ്റ്റ്) വട്ടിയൂർക്കാവ് ലോക്കൽ കമ്മിറ്റി അംഗം ഡോ.കെ.പ്രസന്ന കുമാർ, തിരുവനന്തപുരം മെഡിക്കൽ കോളജിൽ ചികിത്സയിലിരിക്കെ സെപ്റ്റംബർ 2-ാം തീയതി നിര്യാതനായി. എഴുപതുകളുടെ അവസാനം വിദ്യാർത്ഥി സംഘടന എഐഡിഎസ്ഒയിലൂടെ രാഷ്ട്രീയ പ്രവർത്തനരംഗത്തേയ്ക്ക് കടന്നുവന്ന സഖാവ് പ്രസന്നകുമാർ, ആരോഗ്യപ്രശ്നങ്ങൾ അലട്ടിയിരുന്ന അവസാനനാളുകളിലും പ്രവർത്തനരംഗത്ത് സജീവമായിരുന്നു. ആഗസ്റ്റ് 2,3 തീയതികളിൽ തിരുവനന്തപുരത്തു നടന്ന പാർട്ടി പഠന ക്യാമ്പിലും പങ്കെടുത്തിരുന്നു. മെഡിക്കൽ കോളജിൽ അഡ്മിറ്റാകുന്നതിന്റെ തലേദിവസവും സഖാവ് ആശാസമരപ്പന്തൽ സന്ദർശിച്ചിരുന്നു. ദീർഘകാലം റെയിൽവേയിലും പിന്നീട് തിരുവനന്തപുരത്ത് ആരോഗ്യ വകുപ്പിൽ സൈക്യാട്രിക് സോഷ്യൽ വർക്കറായും സേവനമനുഷ്ഠിച്ചു. വിരമിച്ചശേഷം അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുവരികയായിരുന്നു. വായനക്കൂട്ടായ്മ ഉൾപ്പെടെയുള്ള സാഹിത്യ സംസ്കാരിക വേദികളിൽ നിറസാന്നിദ്ധ്യമായിരുന്നു. എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് പാർട്ടി സംസ്ഥാന കമ്മിറ്റിക്കുവേണ്ടി അന്തിമോപചാരം അർപ്പിച്ചു. സഖാവ് പ്രസന്ന കുമാർ അനുസ്മരണ സമ്മേളനം ഈശ്വര ചന്ദ്ര വിദ്യാസാഗർ ഹാളിൽ നടന്നു. നിരവധി സഖാക്കളും സുഹൃത്തുക്കളും അനുസ്മരണ യോഗത്തിൽ പങ്കെടുത്ത് ഓർമ്മകൾ പങ്കുവെച്ചു.

സഖാവ് പ്രസന്നകുമാറിന് ലാൽസലാം.

യുദ്ധത്തിനും വിഭജനരാഷ്ട്രീയത്തിനുമെതിരെ...

ആൾ ഇന്ത്യ ആന്റി ഇംപീരിയലിസ്റ്റ് ഫോറം(AIAIF) പശ്ചിമ ബംഗാൾ ഘടകത്തിന്റെ ആഭിമുഖ്യത്തിൽ, "വിഭജനരാഷ്ട്രീയത്തിന്റെയും യുദ്ധത്തിന്റെയും പശ്ചാത്തലത്തിൽ ഒറ്റക്കെട്ടായ ജനകീയപോരാട്ടം" എന്ന വിഷയത്തിൽ ആഗസ്റ്റ് 21ന് കൊൽക്കത്തയിൽ നടന്ന സെമിനാറിൽ എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ്ബ്യൂറോ അംഗം സഖാവ് അമിതാവാ ചാറ്റർജി പ്രസംഗിക്കുന്നു. സഖാക്കൾ അർണാബ് ഭട്ടാചാര്യ (സിപിഐ(എം)), മൃൺമയി സെൻഗുപ്ത(ആർഎസ്പി), ശങ്കർ(സിപിഐ(എംഎൽ –റെഡ് സ്റ്റാർ)), സൗമ്യ ചതോപാദ്ധ്യായ(എംകെപി), ശുഭം ബാനർജി (സിപിഐ), അതാനു ചക്രബർത്തി(സിപിഐ(എംഎൽ – ലിബറേഷൻ)), സുമന്തദാസ് (സിപിഐ(എംഎൽ – മാസ് ലൈൻ) എന്നീ നേതാക്കൾ ഇടത് ഐക്യത്തിൽ ഊന്നി സെമിനാറിൽ പ്രസംഗിച്ചു.

വരുമാനത്തിന്റെ 95% ജീവനക്കാരുടെ ശമ്പളത്തിനും പെൻഷനും ചെലവഴിക്കുന്നു എന്ന ധനമന്ത്രിയുടെ പ്രസ്താവന

ജനങ്ങളെ ജീവനക്കാർക്കെതിരെ തിരിച്ചുവിടാനുള്ള ശ്രമം

ആഗസ്റ്റ് 26-ാം തീയതി കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ജിഎസ്റ്റി പരിഷ്കരണവുമായി ബന്ധപ്പെട്ട് നടത്തിയ വാർത്താ സമ്മേളനത്തിൽ ധനമന്ത്രി എൻ.ബാലഗോപാൽ സംസ്ഥാന റവന്യൂ വരുമാനത്തിന്റെ 95 ശതമാനവും ശമ്പളത്തിനും പെൻഷനുമായി ചെലവഴിക്കുകയാണെന്നും ഇനിയും രണ്ടോമൂന്നൊ ഗഡു ഡിഎ അല്ലാതെ മറ്റൊന്നും ജീവനക്കാർക്ക് നൽകാനില്ലെന്നും അതുകൂടികൊടുത്താൽ ശമ്പള-പെൻഷൻ ചെലവ് റവന്യൂ വരുമാനത്തിന്റെ 120 ശതമാനമായി ഉയരുമെന്നും ശമ്പളവും പെൻഷനും പൂർണ്ണമായി നൽകിയാൽ ജനക്ഷേമ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ടി വരുമെന്നുമുള്ള പച്ചക്കള്ളങ്ങൾ പറയുകയുണ്ടായി. ഇത് ജനങ്ങളെ ജീവനക്കാർക്കെതിരെ തിരിച്ചുവിടാനുള്ള ആസൂത്രിത ശ്രമമാണ്. ശമ്പള-പെൻഷൻ ഷെയർ 95 ശതമാനമാണെന്ന് പറയാനുള്ള കണക്ക്, എവിടുന്ന് കിട്ടിയെന്ന് മന്ത്രി വ്യക്തമാക്കണം. അല്ലെങ്കിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചതിന് കേരള സമൂഹത്തോട് പരസ്യമായി മാപ്പുപറയണം. നിയമസഭയിൽ അവതരിപ്പിച്ചുപാസാക്കിയ കണക്ക് അതേ മന്ത്രി പൊതുമധ്യത്തിൽ വന്നു പെരുപ്പിച്ചു പറയുന്നതിനെതിരെ നിയമസഭയുടെ ചട്ടങ്ങൾ പ്രകാരം നടപടി എടുക്കണം.

യാഥാർത്ഥ്യങ്ങൾ പരിശേധിച്ചാൽ 2022-23 മുതൽ 2024- 25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ റവന്യൂ ചെലവിൽ ശമ്പളത്തിന്റെയും പെൻഷന്റെയും പങ്ക് യഥാക്രമം 48.41%, 51.56%,51.59% (Revised) എന്നിങ്ങനെയാണ് 2025 - 26 ലെ ബഡ്ജറ്റ് രേഖകളിൽ കാണുന്നത്. ആനുകൂല്യങ്ങളുടെ കാര്യമെടുത്താൽ ജീവനക്കാരുടെ ഡി എ, പെൻഷൻ പറ്റിയവരുടെ ഡിആർ, 11-ാം ശമ്പള പരിഷ്കരണ കുടിശ്ശിക, 12-ാം ശമ്പള പരിഷ്കരണം നടപ്പാക്കതിരിക്കൽ, ലീവ് സറണ്ടർ, എൻപിഎസ്, മെഡിസെപ്പ്, ഹൗസ് ബിൽഡിങ്ങ് അഡ്വാൻസ്, സിസിഎ തുടങ്ങിയ ഇനങ്ങളിലായി 80,000 കോടിരൂപയാണ് ഈ സർക്കാർ, ജീവനക്കാരുടെ പക്കൽനിന്നും കൊള്ളയടിച്ചിരിക്കുന്നത്. നിലവിൽ 6 ഗഡു ഡിഎ അതായത് അടിസ്ഥാന ശമ്പളത്തിന്റെ 18 ശതമാനമാണ് ഡിഎ ഇനത്തിൽ നൽകാനുള്ളത്. കൂടാതെ അവസാനം നൽകിയ ഡിഎയുടെ കുടിശ്ശിക, 2019 ലെ ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക എന്നീ ഇനത്തിൽ ആയിരക്കണക്കിന് കോടിരൂപ നൽകാൻ ബാക്കി നിൽക്കുന്നു. ഈ സാഹചര്യത്തിൽ ഇനി രണ്ടോ മൂന്നൊ ഗഡു ഡിഎ മാത്രമേ നൽകാനുള്ളൂ, മറ്റാനുകൂല്യങ്ങൾ ഒന്നും നൽകാനില്ല എന്ന് പറയുന്ന മന്ത്രി, നൽകാനുള്ള ഡിഎ, ശമ്പള പരിഷ്കരണ കുടിശ്ശികകൾ നൽകില്ല എന്നാണു സൂചിപ്പിക്കുന്നത്. കേരളത്തിലെ ഏതൊരു പൗരനും ലഭ്യമാകുംവിധം പൊതു രേഖകളാണ് ശമ്പള-പെൻഷൻ ചെലവുകൾ എന്നിരിക്കെ, കുടിശ്ശികയായിട്ടുള്ള ആനുകൂല്യങ്ങൾ കൂടി കൊടുത്താൽ അത് റവന്യൂ വരുമാനത്തിന്റെ 120 ശതമാനം വരുമെന്ന നുണ ഒരു സങ്കോചവുമില്ലാതെ വിളിച്ചുപറയുന്നത് ഇരിക്കുന്ന പദവിക്ക് യോജിച്ചതല്ല. വസ്തുതകൾ മറച്ചുവച്ച്, മുതലാളിത്ത താൽപര്യങ്ങൾ സംരക്ഷിക്കാനായി ജീവനക്കാരെയും പെൻഷൻകാരെയും പൊതുജനത്തിന്റെ മധ്യേ അപഹാസ്യരാക്കി, ലഭിക്കാനുള്ള ആനുകൂല്യങ്ങൾക്കായി അവരുടെ ഇടയിൽ നിന്നും ഉയർന്നു വരാനിടയുള്ള പ്രക്ഷോഭത്തിന് തടയിടുക, ആനുകൂല്യങ്ങൾ നിഷേധിക്കുക എന്നിവയാണ് മന്ത്രിയുടെ ലക്ഷ്യം.

ജീവനക്കാരുടെ മാത്രമല്ല, പൊതുജനങ്ങളുടെയും പല ആനുകൂല്യങ്ങളും ഈ സർക്കാർ തടഞ്ഞുവെച്ചിരിക്കുകയാണ്. ആശ, അംഗൻവാടി, ഹരിതകർമ്മസേന, മിഡ്ഡേമീൽ തുടങ്ങിയ പല സ്കീം വർക്കേഴ്സിനും നിസ്സാര വേതനമാണ് നൽകുന്നത്. അങ്ങനെ അസംതൃപ്തരായ ജനവിഭാഗങ്ങളുടെ മുന്നിൽ ഇതിനെല്ലാം കാരണക്കാർ ജീവനക്കാരും പെൻഷൻകാരുമാണെന്ന് അവതരിപ്പിച്ച്, ചൂഷണം നേരിടുന്ന വിഭാഗങ്ങളെ തമ്മിലടിപ്പിച്ച് ശമ്പളവും ആനുകൂല്യങ്ങളും നിഷേധിച്ച്, ആ സമ്പത്തുകൊണ്ട് അഴിമതി നിറഞ്ഞ മുതലാളിത്ത വികസനത്തിന് അവസരം ഒരുക്കുകയാണ് മന്ത്രി. ■

ആശാസമരം ഡിമാന്റുകൾ അംഗീകരിച്ച് ഉടൻ ഒത്തുതീർപ്പാക്കുക

കേരള മുഖ്യമന്ത്രിക്ക് രാജ്യത്തെ വനിതാ ആക്ടിവിസ്റ്റുകളുടെ നിവേദനം

പിണറായി സർക്കാരിന്റെ തൊഴിലാളി ദ്രോഹപരവും സ്ത്രീവിരുദ്ധവുമായ നയങ്ങൾ വേട്ടയാടുമ്പോഴും ആശാവർക്കർമാരുടെ സമരം ഏഴുമാസം പിന്നിട്ട് അപരാജിതമായി മുന്നേറുകയാണ്. മഹാമാരിയെപ്പോലും വകവയ്ക്കാത്ത ആരോഗ്യമേഖലയിലെ മുൻനിരപോരാളി, സാധാരണക്കാരുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ ആരോഗ്യ പ്രവർത്തക, പ്രാരാബ്ധങ്ങളും പരാധീനതകളും തളർത്താത്ത സമരസംഘാടക, അവകാശ സമരങ്ങൾക്ക് ഊർജ്ജം പകരുന്ന പ്രക്ഷോഭകാരി, സ്ത്രീമുന്നേറ്റത്തിന്റെ തലയെടുപ്പുള്ള പ്രതീകം, ഏറ്റവുംസാധാരണക്കാരായ ജനവിഭാഗത്തിന്റെ ഉത്തമ പ്രതിനിധി തുടങ്ങിയ ആദരണീയമായ അനേകം വിശേഷങ്ങളോടെയാണ് ആശമാർ പർവ്വത സമാനമായ പ്രതിബന്ധങ്ങളെ തട്ടിനീക്കി സംസ്ഥാനത്തിന്റെ സമരചരിത്രത്തിൽത്തന്നെ പുതിയ അധ്യായം രചിക്കുന്നത്. സംസ്ഥാനത്തെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും ഹൃദയംഗമമായ പിന്തുണ നേടിയ ഈ സമരം ദേശീയതലത്തിലും അന്തർദ്ദേശീയതലത്തിലും ശ്രദ്ധ പിടിച്ചുപറ്റിക്കഴിഞ്ഞു. ഇപ്പോഴിതാ രാജ്യത്തിന്റെ വിവിധ കോണുകളിൽനിന്നുള്ള, ജീവിതത്തിന്റെ നാനാതുറകളിൽ പ്രവർത്തിക്കുന്ന പ്രശസ്തരും പ്രഗത്ഭരുമായ സ്ത്രീകളുടെ ഒരുകൂട്ടായ്മ കേരളത്തിന്റെ മുഖ്യമന്ത്രിയോട് ഈ സമരം ഡിമാന്റുകൾ അംഗീകരിച്ച് ഒത്തുതീർപ്പാക്കാൻ ആവശ്യപ്പെടുന്നു. ഈ സർക്കാരിന്റെ ഇടതുമേലങ്കിയും വികസന വായ്ത്താരിയും ജനാധിപത്യ മൂടുപടവും പിച്ചിച്ചീന്തപ്പെടുകയാണിവിടെ.

ആശാ സമരത്തിന്റെ ഭാഗമായി സംസ്ഥാനവ്യാപകമായി ആയിരം പ്രതിഷേധ സദസ്സുകൾ

ആലുവ കോമ്പാറയിൽ സെപ്റ്റംബർ 9ന് നടന്ന എടത്തല പഞ്ചായത്ത്തല പ്രതിഷേധ സദസ്സ് അൻവർ സാദത്ത് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

സെപ്റ്റംബർ 2ന് ചങ്ങനാശ്ശേരി കുരിശുമ്മൂട് നടന്ന പ്രതിഷേധ സദസ്സിൽ ആശാ സമര സഹായ സമിതി ജില്ലാ രക്ഷാധികാരി എൻ.കെ.ബിജു പ്രസംഗിക്കുന്നു.

ആൾ ഇന്ത്യ ഫെമിനിസ്റ്റ് അലയൻസിന്റെ ആഭിമുഖ്യത്തിൽ നൽകുന്ന ഈ നിവേദനത്തിൽ താഴെപ്പറയുന്ന പ്രമുഖരാണ് ഒപ്പുവച്ചിട്ടുള്ളത്.

അഭ്യർത്ഥനയിൽ ഒപ്പുവച്ചവർ

● അഡ്വ.ആൽബർട്ടിന അൽമെയ്ദ(ഗോവ) ● അഡ്വ.അമല(ഡൽഹി) ● അഡ്വ.പ്രിയങ്ക(ലഖ്നൗ) ● അംബിക, സാമൂഹ്യപ്രവർത്തക(ഹൈദരാബാദ്) ● അനിത ചേരിയ, ഓപ്പൺ സ്പേസ്(ബാംഗ്ലൂർ) ● അനുരാധ ബാനർജി, സഹേലി(ഡൽഹി) ● അരുന്ധതി ധുരു, എൻഎപിഎം(ലഖ്നൗ) ● ഭാനു കല്ലൂരി, ആക്ടിവിസ്റ്റ്(തെലങ്കാന) ● ബിട്ടു ക.ആർ (ഡൽഹി) ● ചയാനിക ഷാ(മുംബൈ) ● ദീപ (ഭോപ്പാൽ) ● ദീപ്തി(ഹൈദരാബാദ്) ● ഡോ.എ.സുനീത, ആലിഫ(ഹൈദരാബാദ്) ● ഡോ.ശാലു നിഗം, എൻസിആർ (ഡൽഹി) ● ഡോ.സോമ കെ.പി.(ന്യൂഡൽഹി) ● ഡോ.പ്രീതി ഇടക്കുന്നിൽ(ബാംഗ്ലൂർ) ● ഫൈസ അഹമ്മദ് ഖാൻ, ഫിലിം മേക്കർ ● ഗൗതമി(ഗോവ) ● ഹർ പുനീത് കൗർ, പിഎഫ് യുഎസ്, പഞ്ചാബ് യൂണിവേഴ്സിറ്റി ● ഇന്ദിര റാണി, റിസർച്ചർ ● ഐശ്വര്യ(ചെന്നൈ) ● ഡോ.ജെ.ദേവിക, ഫെമിസ്റ്റ് സ്കോളർ(കേരള) ● ജയശ്രീ സുബ്രഹ്മണ്യൻ(ഹൈദരാബാദ്) ● കെ.സജയ, ആക്ടിവിസ്റ്റ്, ജേർണലിസ്റ്റ്(ഹൈദരാബാദ്) ● കൽപ്പന കരുണാകരൻ, റിസേർച്ചർ (ചെന്നൈ) ● ലക്ഷ്മി മൂർത്തി, ജേർണലിസ്റ്റ്, റിസേർച്ചർ(ബാംഗ്ലൂർ) ● മധു ഭൂഷൺ, ഫെമിനിസ്റ്റ് ആക്ടിവിസ്റ്റ്, ഗമന മഹിള സമൂഹ(ബാംഗ്ലൂർ) ● മമത ഡാഷ്, ആക്ടിവിസ്റ്റ്(ന്യൂഡൽഹി) ● മണി, അക്കാദമിക് ആന്റ് ഫെമിനിസ്റ്റ് (പൂനെ) ● മീന സരസ്വതി ശേഷു, വിദ്രോഹി മഹിള മഞ്ച്(മഹാരാഷ്ട്ര) ● മീര സംഗമിത്ര, ആലിഫ-എൻഎപിഎം(തെലങ്കാന) ● മൗമിത ആലം, ബംഗാൾ, ജൽപായ് ഗുരി ● നന്ദിനി റാവു, അക്കാരാജു ● നിധി അഗർവാൾ(ഡൽഹി) ● നികിത, ക്ലൈമറ്റ് ആന്റ് സോഷ്യൽ ജസ്റ്റിസ് ആക്ടിവിസ്റ്റ്(ഹൈദരാബാദ്) ● പ്രാഞ്ജലി ത്രിപാഠി(ന്യൂഡൽഹി) ● പൂജ, ആലിഫ(ഡൽഹി) ● രാധിക ദേശായ്, ജന്റർ സോഷ്യൽ ഡവലപ്മെന്റ് റിസർച്ചർ, ഗോവ ● രാഹി, അലീസ ആലിഫ, എൻഎപിഎം ● റിച്ച സിംഗ്, കിസാൻ മസ്ദൂർ സംഘടന(ഉത്തരപ്രദേശ്) ● സാഗരി രാംദാസ്, ഫുഡ് സോവറിനിറ്റി അലയൻസ് ● സാഹിറ നയിം, ജേർണലിസ്റ്റ് ● ശിൽപ്പ നായർ, മെൻസ്ട്രൽ ഹെൽത്ത് ആന്റ് ജന്റർ പ്രാക്ടീഷണർ (മുംബൈ) ● ശിൽപ്പ പാർത്ഥൻ, റിസർച്ചർ(കേരള) ● ശ്രദ്ധ ഹലക് നവർ(കർണാടക) ● ഗബ്രിയേലെ ഡിട്രിച്ച്, പെണ്ണൊരുമൈ ലൈക്കം (തമിഴ്നാട്) ● സുമീത്, ജന്റർ റൈറ്റ്സ് ആക്ടിവിസ്റ്റ്(ബംഗാൾ) ● സ്വാതി ഷാ, അക്കാദമിക് ● സ്വാതി എസ്ബി, പബ്ലിക് ഹെൽത്ത് പ്രാക്ടീഷണർ ● വനജ, കോസ്റ്റൽ ആക്ഷൻ നെറ്റ് വർക്ക് (തമിഴ്നാട്) ● വിഹാൻ വീ(ബാംഗ്ലൂർ). ■

ഐഎൻഎ ഹീറോ വക്കം ഖാദർ രക്തസാക്ഷിത്വദിനം

ബൈക്ക് റാലിയും അനുസ്മരണ യോഗവും

കരുനാഗപ്പള്ളിയിൽ നിന്ന് ആരംഭിച്ച ബൈക്ക് റാലി കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്യുന്നു.

ഐഎൻഎ ഹീറോ വക്കം ഖാദറിന്റെ 82-ാം രക്തസാക്ഷിത്വദിനത്തിൽ ആൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗ്ഗനൈസേഷ(എഐഡിവൈഒ)ന്റെ ആഭിമുഖ്യത്തിൽ, കരുനാഗപ്പള്ളിയിൽ നിന്നും വക്കത്തേയ്ക്ക് ബൈക്ക് റാലി സംഘടിപ്പിച്ചു. പ്രശസ്ത കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. വക്കം ഖാദറിനെപ്പോലുള്ള വിപ്ലവകാരികളെ ഭരണാധികാരികൾ വിസ്മരിക്കുകയാണ്. ചരിത്രത്തെ തമസ്കരിക്കുന്നവരാണ് രാജ്യം ഭരിക്കുന്നത്. സമകാലിക പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ ചരിത്രത്തിൽനിന്നും പാഠങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ട്. ചരിത്ര നിഷേധത്തിനെതിരായ ഔഷധമാണ് വക്കം ഖാദറിനെപ്പോലുള്ള വിപ്ലവകാരികളുടെ അനുസ്മരണങ്ങൾ- അദ്ദേഹം അഭിപ്രായപ്പെട്ടു. വക്കം ഖാദറിന്റെ സഹോദരന്റെ മകൻ എ.ആർ.ഫാമി ബൈക്ക് റാലി ഫ്ലാഗ്ഓഫ് ചെയ്തു. മനുഷ്യാവകാശ നീതി ഫോറം ചെയർമാൻ അഡ്വ.കെ.പി.മുഹമ്മദ് അധ്യക്ഷത വഹിച്ചു. ഡോ.അനിൽ മുഹമ്മദ്, എഐഎഡിവൈഒ സംസ്ഥാന കമ്മിറ്റിയംഗം ആർ.രാഹുൽ എന്നിവർ പ്രസംഗിച്ചു.

കൊല്ലം ചിന്നക്കടയിൽ നടന്ന യോഗത്തിൽ എഐഎഡിവൈഒ സംസ്ഥാന കമ്മിറ്റിയംഗം ജയകൃഷ്ണൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് കെ.ബിമൽജി, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി ട്വിങ്കിൾ പ്രഭാകരൻ എന്നിവർ പ്രസംഗിച്ചു.

വക്കം ചന്തമുക്കിൽ നടന്ന സമാപന സമ്മേളനത്തിൽ എഐഎഡിവൈഒ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് മുഖ്യപ്രസംഗം നടത്തി. എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് പി.കെ.പ്രഭാഷ് അധ്യക്ഷത വഹിച്ച യോഗത്തിൽ, എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി അഡ്വ.ആർ. അപർണ, എഐഡിവൈഒ സംസ്ഥാന സെക്രട്ടേറിയറ്റംഗം റ്റി. ഷിജിൻ, സംസ്ഥാന കമ്മിറ്റിയംഗം എ.ഷൈജു എന്നിവർ പ്രസംഗിച്ചു. ബൈക്ക് റാലിയ്ക്ക് സംസ്ഥാനകമ്മിറ്റിയംഗങ്ങളായ രജിത ജയറാം, വി.ഡി.സന്തോഷ്, അരവിന്ദ്.വി, അനീഷ് തകഴി, ഉണ്ണിമോൻ കാർത്തിക, പി.കെ.ധർമ്മജൻ എന്നിവർ നേതൃത്വം നൽകി. വക്കം ഖാദറിന്റെ രക്തസാക്ഷി മണ്ഡപത്തിൽ, വക്കം ഖാദറിന്റെ സഹോദരി സുഹ്റ ബീവിയുടെ നേതൃത്വത്തിൽ പുഷ്പങ്ങൾ അർപ്പിച്ചുകൊണ്ട്, അനീതിക്കും അസത്യത്തിനുമെതിരായ പ്രക്ഷോഭം ശക്തമായി മുന്നോട്ട് കൊണ്ടുപോകുമെന്ന പ്രതിജ്ഞ പുതുക്കി. ■

വക്കം ചന്തമുക്കിൽ നടന്ന സമാപന സമ്മേളനത്തിൽ എഐഎഡിവൈഒ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് മുഖ്യപ്രസംഗം നടത്തുന്നു. വക്കം ഖാദറിന്റെ സഹോദരന്റെ മകൻ എ.ആർ.ഫാമി ബൈക്ക് റാലി ഫ്ലാഗ്ഓഫ് ചെയ്യുന്നു.

ഇന്ത്യാഗവൺമെന്റ് ഇസ്രയേലുമായി ദ്വികക്ഷി നിക്ഷേപകരാർ ഒപ്പുവയ്ക്കുന്നത് അങ്ങേയറ്റം അപലപനീയം

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് സെപ്റ്റംബർ 10ന് പുറപ്പെടുവിച്ച പ്രസ്താവന

ഫാസിസ്റ്റ് ഹിറ്റ്ലറുടെ പാത പിന്തുടർന്നുകൊണ്ട് സയണിസ്റ്റ് ഇസ്രയേലി ഭരണകൂടം പലസ്തീനിൽ ക്രൂരമായ വംശഹത്യ നടത്തുകയും ആയിരക്കണക്കിന് സ്ത്രീപുരുഷന്മാരെയും കുഞ്ഞുങ്ങളെയും കൊന്നൊടുക്കുകയും ആശുപത്രികൾക്കും വിദ്യാലയങ്ങൾക്കുമടക്കം ഭീമമായ നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ ഇന്ത്യാഗവൺമെന്റ് ഇസ്രയേൽ ധനകാര്യ മന്ത്രിക്ക് പരവതാനി വിരിക്കുകയും ഇസ്രയേലുമായി ദ്വികക്ഷി കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്യുന്നതിനെ ഞങ്ങൾ ശക്തമായി അപലപിക്കുന്നു. ■

Volume: 52 No:5 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.